കേരളംപോലെ ഇത്രയും സാക്ഷരത കൈവരിച്ച ഒരു സംസ്ഥാനത്തെ സാഹചര്യവും ആളുകളുടെ മനഃസ്ഥിതിയും ഇങ്ങനെയാണെങ്കിൽ മറ്റുള്ള സംസ്ഥാനങ്ങളെ നമുക്ക് ഒരിക്കലും കുറ്റം പറയാനാവില്ലയെന്നാണ് പ്രണയഭംഗത്താൽ മനംനൊന്ത പലരും അഭിപ്രായപ്പെടുന്നത്. അന്യമതസ്ഥരായ അച്ഛനുമമ്മയും കഴിച്ച പ്രണയവിവാഹത്തിന്റെ പേരിൽ അവരുടെ മക്കളെ വിവാഹം ചെയ്യാൻ മടി കാണിക്കുന്ന കുടുംബമഹിമക്കാരുടെ/ തറവാടികളുടെ നാടാണിതെന്നത് ഒരു നഗ്നസത്യമാണ്. ഈയിടെയായി പ്രണയത്തിൽ കടന്നുവരുന്ന മറ്റൊരു വർണ്ണമാണ് ആത്മഹത്യാഭീഷണി. പണ്ടൊക്കെ പ്രണയസാഫല്യത്തിനായി കമിതാക്കളായിരുന്നു ഭീഷണി മുഴക്കിയിരുന്നതെങ്കിൽ ഈയിടെയായി അച്ഛനും അമ്മയുമൊക്കെ പ്രണയവിവാഹത്തെ എതിർക്കാൻ ആത്മഹത്യാഭീഷണി മുഴക്കുന്ന സന്ദർഭങ്ങളേക്കുറിച്ച് പലരും പറഞ്ഞു കേൾക്കാറുണ്ട്. അച്ഛന്റെ ഹൃദ്രോഗം, അമ്മയുടെ ബ്ലഡ് പ്രഷർ തുടങ്ങിയവ ഇതിന്റെ അനുബന്ധ വർണ്ണങ്ങളാണ്. മതമാകുന്ന പ്രണയവർണ്ണത്തെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ ഒരു സുഹൃത്തുന്നയിച്ച ഒരു ചോദ്യമുണ്ട് - എന്തുകൊണ്ട് ഹിന്ദു-ക്രിസ്ത്യൻ അല്ലെങ്കിൽ ഹിന്ദു-മുസ്ലീം പ്രണയങ്ങളെ/പ്രണയവിവാഹങ്ങളെയപേക്ഷിച്ച് ക്രിസ്ത്യൻ-മുസ്ലീം പ്രണയങ്ങളും വിവാഹങ്ങളും അധികം കേൾക്കാറില്ല, അല്ലെങ്കിൽ നടക്കുന്നില്ല. ഈ ചോദ്യത്തിന് ഒരു വ്യക്തമായ ഉത്തരം ആർക്കും നല്കാനില്ല. ഇടയ്ക്ക് ഉയർന്നുവന്ന ഒരുത്തരം ഇതായിരുന്നു - ആദിപിതാവായ അബ്രഹാം തനിക്ക് ദാസിയിലുണ്ടായ പുത്രനായ ഇസ്മായേലിനെ, അവന്റെ അമ്മയോടൊത്ത മരുഭൂമിയിൽ ഉപേക്ഷിച്ചതിന്റെ മനോവ്യഥയും, ദേഷ്യവുമെല്ലാം ഇന്നും തലമുറകളിലൂടെ കൈമാറപ്പെടുന്നുണ്ടാവാമെന്നുള്ളതാണ്. എന്താണെങ്കിലും കാരണം ഇന്നും അവ്യക്തമായി തുടരുന്നു.

കുടുംബനാഥനായ അച്ഛന്റെ സമ്മതത്തേയും മറികടന്ന് പ്രണയത്തെ/ പ്രണയവിവാഹത്തെ നഖശിഖാന്തം എതിർക്കുന്ന അമ്മമാരുടെയെണ്ണം ഈയിടെയായി കൂടിവരുന്നുവെന്ന് ഒരാരോപണം ഉയർന്നു കേൾക്കുന്നുണ്ട്. ഈ പ്രവണത ചില തിരഞ്ഞെടുക്കപ്പെട്ട ജാതികളിലാണ് കൂടുതലെന്നുള്ളത് അവഗണിക്കാനാവാത്ത ഒരു വസ്തുതയാണ്. ഇതിനു പിന്നിലുള്ള ചേതോവികാരമെന്താണെന്ന് കണ്ടെത്താൻ പലരും കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. ഇതുപോലെയെതിർക്കുന്ന മറ്റൊരു കൂട്ടരാണ് അനുജന്മാർ. അതിർവരമ്പുകൾ ലംഘിച്ചുള്ള പ്രണയവിവാഹങ്ങൾ തങ്ങളുടെ വിവാഹസ്വപ്നങ്ങൾക്ക് മങ്ങലേൽപ്പിക്കുമോയെന്ന ഭയമാവാം ഇവരുടെ എതിർപ്പിന് കാരണം. ഇങ്ങനെയുള്ള എതിർപ്പുകൾക്ക് മുമ്പിൽ മുട്ടുമടക്കി പ്രണയത്തിൽനിന്ന് ആൺകുട്ടികൾ പെൺകുട്ടികൾ പിന്മാറുന്നത് കാണുമ്പോൾ ഓർമ്മ വരുന്നത് കല്യാൺ ജ്വല്ലറിയുടെ പരസ്യവാചകമാണ് - "വിശ്വാസം അതല്ലേയെല്ലാം..." എന്നാൽ ഈ സന്ദർഭത്തിൽ സരസമായ ഒരു ചോദ്യം ബാക്കി നില്ക്കുന്നു - "എന്റെ കാര്യം, സമയവും മുടക്കി ഒന്നിച്ച് സിനിമ കാണുമ്പോഴും, കറങ്ങുമ്പോഴുമെല്ലാം എവിടെയായിരുന്നു നിന്റെ അച്ഛനും.

അമ്മയും, ആങ്ങളമാരുമൊക്കെയെന്ന്..."

പ്രണയവർണ്ണങ്ങളിൽ മറ്റൊരു പ്രധാന വർണ്ണമാണ് ത്യാഗം. ഈ ത്യാഗം പല കാരണങ്ങൾകൊണ്ടാവാം - കുടുംബമഹിമ, ജാതി, മതം എന്നിങ്ങനെ പലതും. പഠിക്കാനയച്ച ജ്യേഷ്ഠൻ ഒരു പ്രണയത്തിൽ അകപ്പെട്ടതും. വീട്ടുകാരുടെ സമ്മതത്തോടെ വിവാഹം കഴിച്ചതുമൊന്നും പുതുമയായൊരു വാർത്തയല്ല. എന്നാൽ ഇതിനു തുടർച്ചയായി - "നിന്റെ ചേട്ടനാ പെണ്ണിനെയന്വേഷിക്കാൻ ഞങ്ങൾക്കവസരം തന്നില്ല, നീയെങ്കിലും തരണമെന്ന്" അച്ഛനമ്മമാരുടെ അഭ്യർത്ഥനയും. ജ്യേഷ്ഠന്റെ വിവാഹം വീട്ടിലുണ്ടാക്കിയ കോലാഹലങ്ങളുമൊക്കെ മാനിച്ച് രണ്ടര-മൂന്ന് കൊല്ലത്തെ തന്റെ ആത്മാർത്ഥപ്രണയത്തെ ബലി കൊടുത്തവന്റെ മനസ്സിൽ പ്രണയത്തിന് ഏത് വർണ്ണമാണെന്ന് അവന് മാത്രമേയറിയൂ. എന്നാൽ ഇങ്ങനെയൊരു സന്ദർഭത്തിൽ വളരെ സരസമായി... "നിങ്ങൾ എനിക്കുവേണ്ടി പെണ്ണിനെയന്വേഷിച്ചു ബുദ്ധിമുട്ടുന്നത് എനിക്ക് സഹിക്കാനാവില്ല"-യെന്ന് പറഞ്ഞ് തന്റെ പ്രണയം വീട്ടിലറിയിക്കുകയും, വിവാഹം കഴിക്കുകയും ചെയ്ത മിടുക്കരുമുണ്ട് (ഇവിടെ മതം, ജാതി, കുടുംബമഹിമ, പ്രായം, വിദ്യാഭ്യാസയോഗ്യത എന്നിവയൊക്കെ അനുകൂലഘടകങ്ങളായിരുന്നു). ഇക്കാലത്തെ ചില പ്രണയങ്ങൾക്ക് നിയമത്തിന്റേതായ വർണ്ണവുമുണ്ട്. കേരളത്തിൽനിന്ന് പെൺകുട്ടികൾ, പ്രണയിച്ച് അന്യസംസ്ഥാനങ്ങളിലേക്ക് വിവാഹം കഴിച്ചു പോകുന്ന പ്രവണത ഒരു പരിധിവരെ നമ്മൾ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ ഒരു പൗരന് നിയമപരമായി ഒരു വിവാഹമേ കഴിക്കാൻ പറ്റൂവെന്ന നിയമം മാറ്റേണ്ടതായി വരും - കാരണം കേരളത്തിലെ Sex Ratio (1084 Females : 1000 Males) (2011 Census).

സ്വഭാവസവിശേഷതകളിൽ വിപരീതധ്രുവങ്ങളിലുള്ള ഒരു മുസ്ലീമും ക്രിസ്ത്യാനിയും തമ്മിലുള്ള തീവ്രപ്രണയബന്ധത്തെ ഒരു കൂട്ടുകാരൻ വിശേഷിപ്പിച്ചത്. "ഇത് പ്രത്യയശാസ്ത്രപരമായ ഒരു പ്രണയമാണെന്നാണ്." കാരണം രണ്ടുപേരും ഒരേ പ്രത്യശാസ്ത്രത്തിൽ അടിയുറച്ചുവിശ്വസിക്കുന്നവരാണെന്നതാണ്. പല പ്രത്യയശാസ്ത്രങ്ങളേയും ജനങ്ങൾ നിഷ്ക്കരുണം തള്ളിക്കളയുന്ന ഈ കാലഘട്ടത്തിൽ ഇവരുടെ പ്രത്യയശാസ്ത്രപരമായ പ്രണയത്തെ കുടുംബക്കാർ സ്വീകരിക്കുമോ അതോ തള്ളിക്കളയുമോയെന്ന ചോദ്യത്തിനുള്ള ഉത്തരം തരേണ്ടത് കാലമാണ്. കോളേജ് പഠനകാലത്ത് പലവട്ടം പ്രണയാഭ്യർത്ഥന നടത്തി. അവസാനം മൂന്ന് കൊല്ലം കഴിഞ്ഞ്, പെൺകുട്ടി സമ്മതം മൂളിയ സന്ദർഭത്തിൽ ഒരു സുഹൃത്തിന് തോന്നി - പ്രണയത്തിന് അസൂയയുടെ നിറമുണ്ടെന്ന്. ഇതിനു കാരണം, തന്റെ പ്രണയാഭ്യർത്ഥന ആ പെൺകുട്ടി സ്വീകരിച്ചത് അസൂയ മൂലമാണെന്ന കണ്ടെത്തലാണ്. ഒരു വിനോദയാത്രയ്ക്കിടയിൽ ബസ്സിൽ ഒരു സീറ്റിൽ ഒറ്റയ്ക്കിരുന്ന അവന്റെയടുത്ത് സീറ്റു കിട്ടാതിരുന്ന മറ്റൊരു പെൺകുട്ടി വന്നിരുന്നു. ദീർഘമായ യാത്രയ്ക്കിടയിൽ ആ പെൺകുട്ടിയൊന്നു മയങ്ങുകയും, മയക്കത്തിനിടയിൽ തന്റെ സഹയാത്രികന്റെ ചുമലിൽ തല ചായ്ക്കുകയും ചെയ്തു. ഇതു കണ്ട കഥാനായിക അവന്റെയടുത്ത് വന്ന് ചോദിച്ചു - "നിന്നെ ഇഷ്ടമല്ലെന്ന് ഞാൻ പറഞ്ഞിട്ടില്ലല്ലോ...? ആ അസൂയയിൽ നിന്ന് അവരുടെ പ്രണയം തുടങ്ങുകയും വിജയകരമായി പര്യവസാനിക്കുകയും ചെയ്തു.

മനുഷ്യന്റെ ബുദ്ധിക്കും കഴിവിനുമൊക്കെ മനസ്സിലാക്കാനാവുന്നതിനുമപ്പുറമായ ഒരു വർണ്ണം പ്രണയത്തിനുണ്ടെന്ന് പല സംഭവങ്ങളും തെളിയിക്കാറുണ്ട്. കർണ്ണാടകത്തിലെ ചിക്മഗ്ലൂർ ജില്ലയിലെ മതവരയെന്ന ഗ്രാമം കാപ്പിത്തോട്ടങ്ങളാൽ സമ്പുഷ്ടമാണ്. ആ ഗ്രാമത്തിലെ ഒരു നേഴ്സിംഗ് ഹോമിൽ 1980 ജൂലൈ മാസത്തിൽ ഒരു പെൺകുട്ടി ജനിച്ചു. ഹൈന്ദവരായ മാതാപിതാക്കൾ അവൾക്ക് 'മിഥുന'യെന്ന് പേരിട്ടു. അവിടെയടുത്തുള്ള സെന്റ് ജോസഫ്സ് കോൺവെന്റ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനും കൊമേഴ്സ് പഠനത്തിനും ശേഷം, അവൾ നിയമബിരുദപഠനത്തിനായി മംഗലാപുരത്തേക്ക് തിരിച്ചു. പഠനത്തിനുശേഷം അവൾ ചിക്മഗ്ലൂരിൽ തന്റെ വക്കീൽ ജീവിതമാരംഭിച്ചു. ഇതിനിടെ മിഥുനയുടെ ചേച്ചിയുടെ വിവാഹം കഴിഞ്ഞു. അങ്ങനെയിരിക്കെ ഒരു വാർത്ത അവരുടെ ചെവിയിലെത്തി - മിഥുന ഒരു ക്രിസ്ത്യൻ യുവാവുമായി പ്രണയത്തിലാണെന്ന്. അവളോട് ചോദിച്ചതിന് കിട്ടിയ ഉത്തരം ആ വാർത്ത തെറ്റാണെന്നായിരുന്നു. എന്നാൽ പലരിൽനിന്നും വാർത്തകൾ എത്തി തുടങ്ങിയപ്പോൾ, ആ അമ്മയുടെ സംശയം ഇരട്ടിച്ചു. നിരന്തരമായ ചോദ്യംചെയ്യലുകൾക്കൊടുവിൽ അവൾ കീഴടങ്ങി - കഴിഞ്ഞ എട്ടുവർഷമായി ഫെലിക്സ് എന്ന യുവാവുമായി പ്രണയത്തിലാണെന്നവൾ സമ്മതിച്ചു. ഒരു ഹിന്ദു-ക്രിസ്ത്യൻ പ്രണയം സമൂഹത്തിലും വീട്ടിലുമുണ്ടാക്കാൻ പോകുന്ന പൊട്ടിത്തെറികൾ മുൻകൂട്ടി കണ്ട അമ്മ മകളെ പിന്തിരിപ്പിക്കാനുള്ള പല ശ്രമങ്ങളും നടത്തി - വീട്ടിൽ മറ്റാരെയും ഒന്നുമറിയിക്കാതെ. എന്നാൽ മിഥുനയുടെ ഉറച്ച തീരുമാനത്തിന് മുമ്പിൽ ആ അമ്മ നിസ്സഹായയായതെയുള്ളൂ.

അങ്ങനെയിരിക്കെ ഒരു ദിവസം ഫെലിക്സ് തന്റെ മാതാപിതാക്കളെയും കൂട്ടി മിഥുനയുടെ വീട്ടിലെത്തി. അമ്മ അവരോട് പറഞ്ഞു - 'വീട്ടിലെ ആണുങ്ങൾ ആരെങ്കിലും അറിയുന്നതിനും കാണുന്നതിനും മുമ്പേ അവിടെനിന്ന് പൊയ്ക്കൊള്ളാൻ... എന്നാൽ അന്നത്തെ ദിവസത്തിന്ശേഷം ആ അമ്മയുടെ എതിർപ്പ് അലിഞ്ഞില്ലാതായി എന്നു തന്നെ പറയാം. വീട്ടുകാരുടെ എതിർപ്പും, ഭീഷണികളുമൊന്നും വക വയ്ക്കാതെ അവർ രജിസ്റ്റർ വിവാഹം ചെയ്യാനുള്ള എല്ലാ ഏർപ്പാടുകളും ചെയ്തു. ഇത് വീട്ടിൽ അറിയിച്ചതോടെ എല്ലാ എതിർപ്പുകളും അവസാനിപ്പിച്ച് വീട്ടുകാർ ആ ചരിത്രപ്രസിദ്ധമായ വിവാഹം നടത്തി. ചരിത്രപ്രസിദ്ധമെന്ന് പറയാനുള്ള കാരണങ്ങൾ രണ്ടാണ്. ഒന്ന് - കഥാനായിക ആ ഗ്രാമത്തിലെ ആദ്യത്തെ വക്കീലാണ്, രണ്ട് - ഇതായിരുന്നു ആ ഗ്രാമത്തിലെ, വ്യത്യസ്ത മതക്കാർ തമ്മിലുള്ള ആദ്യത്തെ പ്രണയവിവാഹം. ഇതിനൊക്കെശേഷം അമ്മ, തന്റെ എതിർപ്പ് കുറയാനുള്ള കാരണം വെളിപ്പെടുത്തുകയുണ്ടായി. ഫെലിക്സിന്റെ അമ്മ - 'റീന

സിസ്റ്റർ' എന്നാണ് നാട്ടുകാർ അവരെ സ്നേഹത്തോടെ വിളിച്ചിരുന്നത്. മിഥുന പിറന്നുവീണ നഴ്സിംഗ്ഹോമിൽ നഴ്സായിരുന്നു. മിഥുന പിറന്നു വീണത് അവരുടെ കൈകളിലേക്കായിരുന്നു. അന്ന് റീന സിസ്റ്റർ മിഥുനയുടെ അമ്മയോട് ഒരാവശ്യം ഉന്നയിച്ചിരുന്നു - 'എനിക്ക് രണ്ടാൺമക്കളാണ്. അമ്മയ്ക്ക് രണ്ടു പെൺകുട്ടികളായില്ലേ... ഈ രണ്ടാമത്തെ പെൺകുട്ടിയെ എനിക്ക് തരുവോയെന്ന്...?' അന്ന് അമ്മയത് ഒരു തമാശയായേ കരുതിയൊള്ളു. എന്നാൽ ആ റീന സിസ്റ്ററിന്റെ രണ്ടാമത്തെ മകനായ ഫെലിക്സുമായാണ് തന്റെ മകൾ പ്രണയത്തിലായതെന്ന് അറിഞ്ഞ നിമിഷം അമ്മയ്ക്ക് തോന്നി - ഇരുപത്തഞ്ച് വർഷങ്ങൾക്ക് മുമ്പ് റീന സിസ്റ്റർ ചോദിച്ച ആ ചോദ്യം ഏതോ ദൈവനിയോഗംപോലെ വീണ്ടും തന്റെ മുമ്പിലെത്തിയതാണെന്നും, അതിനെ ആർക്കും തടുക്കാനാവില്ലായെന്നും. അങ്ങനെ മിഥുന റീന സിസ്റ്ററുടെ വീട്ടിലേക്ക് യാത്രയായി - മരുമകളായല്ല, മകളായി തന്നെ...! ഇവിടെ പ്രണയത്തിന് നിർവ്വചിക്കാനാവാത്ത ഏതോ ഒരു വർണ്ണമുള്ളതായി തോന്നുന്നു.

പ്രണയത്തിന് വർണ്ണമുണ്ടോ...? ഉണ്ടെങ്കിൽ ഏത്...? എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഇന്നും കൃത്യമായ ഒരുത്തരം കിട്ടാതെ നിലനില്ക്കുന്നുവെന്ന് വേണം പറയാൻ. മേല്പറഞ്ഞ സന്ദർഭങ്ങളിൽനിന്നെല്ലാം നമുക്കവസാനം ഒരു തീർപ്പിലേയെത്താൻ കഴിയു - പ്രണയം മനസ്സിൽ സൂക്ഷിക്കുന്നവരുടെയും, പ്രണയത്തെ മനസ്സിൽ വച്ചേ ഭ്രൂണഹത്യ ചെയ്യുന്നവരുടെയും, പ്രണയിച്ചു നടക്കുന്നവരുടെയും, അവരുടെ ബന്ധുക്കളുടെയുമൊക്കെ ചിന്താഗതികളും, ജീവിത സാഹചര്യങ്ങളുമൊക്കെയനുസരിച്ച്, പ്രണയം പലതരം വർണ്ണങ്ങൾ സ്വീകരിക്കാറുണ്ട്.

"പ്രണയവർണ്ണങ്ങൾ അനുഭവിക്കുന്നവന്റെ മനസ്സിലാണ്."

*പ്രണയത്തെ മനസ്സിൽ വച്ചേ*
*ഭ്രൂണഹത്യ ചെയ്യുന്നവരുടെയും,*
*പ്രണയിച്ചു നടക്കുന്നവരുടെയും,*
*അവരുടെ ബന്ധുക്കളുടെയുമൊക്കെ ചിന്താഗതികളും,*
*ജീവിതസാഹചര്യങ്ങളുമൊക്കെയനുസരിച്ച്,*
*പ്രണയം പലതരം വർണ്ണങ്ങൾ സ്വീകരിക്കാറുണ്ട്.*

സമർപ്പണം
പ്രണയം മനസ്സിൽ സൂക്ഷിക്കുകയോ
ഒരിക്കലെങ്കിലും പ്രണയിക്കുകയോ ചെയ്തിട്ടുള്ള എല്ലാവർക്കും

കടപ്പാട്
തങ്ങളുടെ പ്രണയാനുഭവങ്ങളും അനുഭവിച്ച എതിർപ്പുകളുമൊക്കെ
പങ്കുവെയ്ക്കാൻ മടി കാണിക്കാതിരുന്ന ഒട്ടനവധി സുഹൃത്തുക്കൾക്ക്


# Flashback



തന്റെ ജീവിതത്തിലേയും തനിക്കു
ചുറ്റുമുള്ളവരുടേയും
നർമ്മരസമൂറുന്ന നുറുങ്ങു കഥകൾ
മഷിതുമ്പിലൂടെ രചിക്കുമ്പോൾ
ഈ പ്രതിഭ നമ്മുക്കു
കാണിച്ചു തരുന്നത് ആവിഷ്കരണ
പ്രാഗത്ഭ്യവും സാധാരണക്കാരന്റെ
മനസ്സിന്റെ അകത്തളങ്ങളുമാണ്.
രചനാ വൈഭവത്തിൽ ബേപ്പൂർ സുൽത്താ
നേപ്പോലെ ഹോർട്ടിക്കും
ഒരു മലബാർ സുൽത്താനായി ഈ പ്രതിഭ




എന്തൊക്കെയോ
പറയാൻ ബാക്കിവച്ച്
ഞാൻ കുത്തിക്കുറിച്ചത്..
ചുരുങ്ങിക്കൂടിയ ഈ
കടലാസുതുണ്ടുകൾ
ഓരോന്നായി
നിവർത്തുമ്പോൾ
ഒന്നും വ്യക്തമല്ല!!
ഒടുവിൽ ഞാൻ കണ്ടു
തുണ്ടുകടലാസിൽ
അന്നു ഞാൻ എഴുതിയത്



എന്റെ പേര് പിന്നിമയല്ല !!!

റജീസ് പി.സി.

There is no shortcut to success...

[illegible]



റജീസ് പി.സി.
പീ.ജി.

അതൊപ്പാർത്തു നിന്നു കാക്കാത്തി പിള്ളേരുണ്ട്. ഞാനവരോട്
സ്ഥിരം ഇരിക്കാറുണ്ട്. പിടിയാൽ ഒന്നിനെയെങ്കിലും വളക്കണം."
വെറും ഭിക്ഷക്കാരായ ശ്യാമിനോട് ഭി-ഭിക്ഷർ എന്ന മേൽക്കോയ്മ.
ഭയോടെ ഞാൻ: "ശ്യാമേ... ഇതു നല്ലതിനല്ല. നീ വല്ലതും
പഠിക്കാൻ നോക്ക്. എന്നു നാണക്കേടും സഹിക്കാം. പക്ഷെ,
പെണ്ണു കേസിൽ നാട്ടാൽ ആ നാറ്റം അത്ര പെട്ടെന്നൊന്നും
വിട്ടു പോവൂല." എന്റെ ഉപദേശത്തിനു പുല്ലുവില
അവൻ തുടർന്നു, പൂർവ്വാധികം ശക്തിയോടെ. 6 മാസം
കഴിഞ്ഞു. ശ്യാം മത്സരിക്കുന്നു. അവസാന റൗണ്ട് ആവാൻ
ആ ലക്ഷ്യത്തിൽ അവൻ ഒരുപാടു തവണ ശ്രമിച്ചിട്ടു. ഉത്തമിക്ക്
ഉത്തമിക്ക് പഠനം മതിയാക്കി ഗൾഫിൽ പോകാൻ തീരുമാനിച്ചു.
അധികം വൈകാതെ അവൻ ഇഷ്ടപ്പെട്ട പെണ്ണിനോട് Bye ചൊല്ലി
ശ്യാം പോയതോടെ മുസ്ലീം സുന്ദരികൾ പട്ടിണിയിലായി). അവരു
രാത്രിയിലെ (പ്രധാന ടൈം കത്തിവെപ്പിയായിരുന്നു.

ഒരു ദിവസം വെറുതെ ഓരോന്നു ആലോചിച്ചിരിക്കുമ്പോൾ
ഒരു ചിന്ത മനസ്സിലെത്തി. എന്താണാവോ ഇത്രയും നാൾ
ആ സുന്ദരികൾ ശ്യാമിനോട് സംസാരിച്ചത്: എന്തായാലും
അതറിഞ്ഞിട്ടു തന്നെ ബാക്കികാര്യം.
സമയം രാത്രി 10. ഞാൻ പതിയെ ബാൽക്കണിയിലെത്തി.
പക്ഷേ. മറ്റ ബാൽക്കണി കാലി. അങ്ങു മൂന്നു ദിവസം ഇതാവർത്തിച്ചു
ഒരു ദിവസം അവർ വന്നു. സരിസരിയായി ചിരിയോടെ നിൽക്കുന്നു.
മുന്നിലെ ആളെ മാത്രം ചെറുതായി കാണാം. കാരണം, അവർ
ലൈറ്റ് ഓഫാക്കിയിട്ടുണ്ട്. മുന്നിലെ സുന്ദരി: എന്താ നിന്റെ പേര്
ഞാൻ: റജീസ്, നിങ്ങളുടെ പേരോ?
മുന്നിലെ സുന്ദരി: തൽക്കാലം എന്റെ പേരു പറയാം... ഫാത്തിമ...
കോഴിക്കോട്ടുന്നാ.. എന്റെ ഞാൻ പിന്നിലുള്ളവർ കൊല്ലത്തും
മറ്റവൾ എവിടുന്നാന്ന് പറയൂലാ...
ഞാൻ: പറയണ്ട... പിന്നെയ്, ഞാൻ ചോദിക്കാൽന്നാ..
മെഡിക്കൽ. കേട്ടിട്ടില്ലേ?
ഫാത്തിമ: ഉം.. അറിയാം, Arya Vaidya Sala. അതേയ്,

③

ഞങ്ങള് പോവാട്ടോ, നാളെ കാണാം.

അടുത്ത ദിവസം രാത്രി 10 ന് ബാൽക്കണിയിലെത്തി. ഞങ്ങൾ രണ്ടുപേരും. ഫാത്തിമ: നിന്റെ വീട്ടിൽ ആരൊക്കെയുണ്ട്.

ഞാൻ: ഉപ്പ, ഉമ്മ, അനിയൻ, അനിയത്തി.

ഫാത്തിമ: അതേയോ... എനിക്കൊരു ഇക്കയുണ്ട്ട്ടോ, ഉപ്പയും ഉമ്മയും കൂടാതെ. പിന്നേയ്... നിന്റെ ഇഷ്ടങ്ങൾ എന്തൊക്കെയാ?

ഞാൻ: സിനിമ കാണലാണ് main hobby. ലാലേട്ടനാണ് ഇഷ്ട നടൻ. ഇഷ്ട ചിത്രം [illegible].

ഫാത്തിമ: ഞങ്ങൾ രണ്ടുപേരും മമ്മൂട്ടി ഫാൻസ്. നീ വായിക്കാറില്ലേ. ഞങ്ങൾക്കേറ്റവും ഇഷ്ടം മാധവിക്കുട്ടിയുടെ കഥകളാ. അവര് എല്ലാം പച്ചയായി എഴുതും.

ഞാൻ: വായനാശീലം കുറവാ.. നാലു പത്മരാജന്റെ മൂന്നാല് കഥകൾ വായിച്ചിട്ടുണ്ട്. ഉം... മഞ്ഞുകാലം നോറ്റ കുതിര, കള്ളൻ പവിത്രൻ അങ്ങനെ കുറച്ചെണ്ണം. പത്മരാജന്റെ സിനിമകൾ കണ്ട് ഇഷ്ടപ്പെട്ടപ്പോൾ എടുത്തു വായിച്ചതാ.. ഫാത്തിമയുടെ പുറകിലെ കുട്ടി ഇടയ്ക്കിടക്ക് ഓരോ ഡയലോഗ് പറയുന്നുണ്ടല്ലോ. അതൊരു 'അന്തർമുഖി'യാണല്ലേ...

ഫാത്തിമ: അന്തർമുഖിന്നു വെച്ചാൽ... Introvert എന്നാണോ?

ഞാൻ: അതെ.

സമയം രാത്രി പന്ത്രണ്ട് കഴിഞ്ഞു. അന്നത്തെ കത്തിയടിക്ക് താൽക്കാലം സുല്ല് പറഞ്ഞ് ബെഡ്ഡിലെത്തി. പിന്നീടുള്ള ദിവസങ്ങളിൽ കത്തിയടി കൂടിക്കൂടി വന്നു. പുലർച്ചെ നാലുവരെ അതു നീണ്ടുനിന്നു. ആ ദിവസങ്ങളിലെ ചില സംഭാഷണങ്ങൾ ഇങ്ങനെയൊക്കെയായിരുന്നു.....

അന്തർമുഖി: ഞങ്ങടെ വീട്ടിലെ ചേട്ടനും വേലക്കാരിയും തമ്മിൽ ഡിങ്കോൾഫിയാണെന്നു തോന്നുന്നു.

ഞാൻ: അതെന്താ ഡിങ്കോൾഫി?

(4)

ഫാത്തിമ: ഡിഗ്രോൾഫിന്റെ വച്ചാ... മറ്റേത്... സെക്സ്... സെക്ഷ്വേഷ്.

ഞാൻ: നിങ്ങൾ കണ്ടോ?

ഫാത്തിമ: മുഴുവനായിട്ടൊന്നുമില്ല... ചെറിയ ചെറിയ കല, പരിപാടികൾ.

(നൂറിൽ താഴെ റാങ്ക് ഉണ്ടായിരുന്ന എനിക്ക് ഇപ്പോൾ റാങ്ക് ആയിരത്തിനു പുറത്തു കടന്നു.)

-മറ്റൊരു ദിവസം - - - .

ഫാത്തിമ: ഞങ്ങളെ തോമസ് സാറിന്റെ ക്ലാസിൽ കൊണ്ടോണ വണ്ടിയിലെ ചേട്ടൻ Driving പഠിപ്പിച്ചു തരാന്ന് പറഞ്ഞല്ലോ!! ഇന്നലെ എന്നെ അടുത്തിരുത്തി കുറച്ചുനേരം Driving പഠിപ്പിച്ചു.

ഞാൻ: എടീ... അതു വേണ്ട. അതു ശരിയല്ല. അയാളൊരു ഡിഗ്രോൾഫിയ തന്നെന്നു തോന്നുന്നു.

(പതുങ്ങിയ ശബ്ദത്തിൽ കൂവലും ചിരിക്കുന്നു)

ഫാത്തിമ: എടാ... നീ കുറച്ച് matured ആയെന്ന് തോന്നുന്നു.

ഇതു പറഞ്ഞു തീർന്നപ്പോഴേക്കും അന്തർമുഖി ഞങ്ങൾ ബാൽക്കണിയിലെ light ഓണാക്കി. എനിക്കു ചോദിച്ചു: "ഇവൾ, എങ്ങനെയുണ്ട് ഞങ്ങളെ കാണാൻ"?

(ആന്ന് ദ്യുതിയായി ഞാനവരെ മുഴുവനായും കണ്ടു).

ഞാൻ: ടീ... light ഓഫാക്ക്. വീട്ടുകാർ കാണും.

ഫാത്തിമ: കണ്ടോട്ടെ... കണ്ടാൽ ഞങ്ങൾക്കൊന്നുമില്ല.. വർത്താനം പറയുന്നല്ലേ ഉള്ളൂ. അല്ലാതെ......

അന്തർമുഖി: ടാ... നമ്മിടെ... ഞങ്ങടെ കല്യാണത്തിന് വിളിച്ചാൽ നീ വരുമോ?

ഞാൻ: ഇല്ല, വരില്ല.

ഫാത്തിമ: അതെന്താടാ വരാത്തത്.

ഞാൻ: നമ്മൾക്കിടയിൽ ഇതിൽ കൂടുതൽ ഒരു relation ഞാൻ ആഗ്രഹിക്കുന്നില്ല.

ഫാത്തിമ : അതേയ്... ഇനി രണ്ടു മാസമേയുള്ളൂ പരീക്ഷയ്ക്ക്.
അതുകഴിഞ്ഞാൽ ഞങ്ങൾ vacate ചെയ്ത് വീട്ടിൽപോകും.
അതിനുമുമ്പ് ഒരീസം നമുക്ക് കാണണം... പക്ഷേ... നേരിട്ട്.
അങ്ങനെ അവർ പോകുന്നതിന്റെ തലേദിവസം വൈകിട്ട്
നാലുമണിക്ക് ഞങ്ങൾ ഒരുമിച്ചുകൂടി.

ഫാത്തിമ : ഒരു കാര്യം പറയട്ടെ. ഞങ്ങളോട് ദേഷ്യമൊന്നും
തോന്നരുത്. അതേയ്... "എന്റെ പേര് ഫാത്തിമയല്ല!!! ജുനൈദയുടെ
പേര് —, അന്നമ്മയുടെ പേര് —, ആമിനയുടെ
പേര് —.

ഞാൻ : ഓ, ഉം... എല്ലാം നല്ല പേരുകളാ. പക്ഷേ, ഫാത്തിമ
എനിക്ക്, എന്റെ മനസ്സിൽ നീ എപ്പോഴും ഫാത്തിമ
തന്നെയായിരിക്കും.

ഫാത്തിമ : ഒരു gift തന്നോട്ടെ നിനക്ക്?

ഞാൻ : വേണ്ട, അതൊന്നും വേണ്ട. നിങ്ങളെനിക്കും, ~~പോകുമ്പോ...~~
ഞാൻ ~~നിങ്ങൾക്കും ഗിഫ്റ്റ് ഒന്നുമില്ല.~~ രാത്രി കത്തിയടിക്കാം.

അവർ കുന്നുംപുറം പോയി. ഇപ്പോൾ ~~...~~ പഠിക്കാനുള്ള താൽപര്യം മുഴുവൻ പോ-
യതുമില്ല. Exam അടുത്തു വരുന്നു. ക്ലാസ് കട്ട് ചെയ്ത് സിനിമക്ക് പോകും.
ഒരു സിനിമ തന്നെ ഒന്നിൽ കൂടുതൽ തവണ കാണും. ലാലേട്ടന്റെ
ചന്ദ്രോത്സവം രണ്ട് തവണ കണ്ടു. ഒരു ദിവസം ക്ലാസിൽ
കയറാതെ മറഞ്ഞിനടന്നിട്ട് ഒരു ദിവസം കഴിയുമ്പോൾ, തോമസ്
സാർ പൊക്കി. ക്ലാസ് കട്ട് ചെയ്ത എല്ലാവരെയും നിരത്തി
നിർത്തി. എന്നിട്ട് നല്ല ഉഗ്രനൊരു PC-ക്ക് വലതുകൈകൊണ്ട്
അതിനിടയ്ക്ക്: ഞങ്ങളുടെയെല്ലാം ഇടതു കവിളുകളിൽ.
അടികൊണ്ടവരിലൊരുവൻ : എടാ, എനിക്കു സമാധാനമായി.
കാരണം, PC യുടെ മുഖത്തടിച്ചാൽ entrance കിട്ടുമെന്ന്
കേട്ടിട്ടുണ്ട്.

Exam കഴിഞ്ഞ ദിവസം ഞാൻ ടൗണിലെത്തി. അവിടെ

(6)


ഒരു മൂലയിൽ ഒരു ചെറിയപെട്ടി. ഞാനത് തുറന്നു.
അതിനുള്ളിൽ മറ്റൊരു പെട്ടി. അതിൽ ഇങ്ങനെ എഴുതിയി-
രുന്നു. To, റജീസ് From, ഫാത്തിമക്കുട്ടിയും കൂട്ടരും.
ആ പെട്ടിയും പൊട്ടിച്ചപ്പോൾ, ഒരു തുണ്ടു കടലാസും കൂടെ
പേനക്കുറുക്കളും. പേനക്ക് അതിനൊപ്പം പോയിട്ടുണ്ട്.
ആ തുണ്ടു കടലാസിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.
"എന്നെന്നും ഞങ്ങളെ നീ ഓർക്കണം... ഞങ്ങടെ ഓർമ്മകളി-
ൽ നിനക്കുമുണ്ടാവും ഒരു സ്ഥാനം...എന്നും! Entrance കഴിഞ്ഞ്;
റിസൾട്ട് വന്നു. സ്വർഗത്തിന് ഈ പോർട്ടിക്കോയിൽ എന്തിനെപ്പോൾ.
വെളുത്ത ചുരിദാറും നീല ഷാളുമിട്ട ഒരു മുസ്‌ലിം പെൺകുട്ടിയെ
കണ്ടാൽ ഇന്നും ഞാൻ നോക്കിപ്പോകും. അതു ഫാത്തിമയാ-
ണെന്ന്....

# A hoarder's tale




Dr. Meera V. Menon
Agronomy Dpt.


'Eeeeeee...' I screamed as something dashed out of the corner, zipped between my feet and disappeared into a sack. With relief I realized that it was only a lizard, but I wouldn't have been surprised if a snake or two, or even an elephant had appeared out of the pile of junk in my garden shed. I had optimistically set out to clean it up but the situation looked hopeless. Years of accumulated trash had transformed even a simple cleaning up operation into a herculean task.



Operation Clean Up was not confined to the shed – it was being launched on a large scale and included the entire house and premises. After putting it off more times than I care to remember, we had finally decided to get our house painted, and a simultaneous tidying and removal of unwanted stuff was warranted.

If you collect anything and everything, and if you have not done a clean up for more than seven years, you'll appreciate the magnitude of the task I had set myself. Before me stood shelf upon shelf of articles with no discernable use whatsoever, but all of which had been carefully stored and then forgotten. There were tiny frocks, faded T shirts which had been pulled into thrice



their original size, countless drawings of stick people and monsters, bits and pieces of dolls and toy trucks, worn out cricket bats and tennis racquets, boxes containing flattened tubes of dried up water colour paints, pieces of crayons, topless sketch pens, marbels and many, many more – a list with no beginning or end. All totally useless, but each one could bring a lump to my throat. Fragments of memories, of happy days long gone by – reminders of my children's childhood.

That was not all, move on to the kitchen and store room and you would find heaps of things which I had labeled in my mind as 'could be used later.' These included paper and plastic bags, rubber bands (all melted and stuck to each other), cardboard boxes of all sizes including shoe boxes, string, twine, old plastic mugs, trays, broken knives, old clothes which could be used for cleaning, and so on. An equally big pile consisted of old newspapers (carefully preserved for some 'important' article they contained), magazines, brightly coloured calendars (to be used as wrapping paper for school books) and countless tattered comic books. (by the way, I wasted a whole day reading the last mentioned all over again in the midst of cleaning up and did I enjoy myself).

Letters formed another impressive stack. Many of them dated back to more than forty years ago, and included those received when I was in boarding school. There were a few from my children, when they were living in hostels, asking for more money, more goodies to eat and finally the heart rending question "When are you coming to see me again?" These, as well as birthday cards and New Year greetings had all been lovingly packed in boxes. (I spend another two days re-reading these, alternating between laughter and tears).

So now you know the truth – a compulsive hoarder, that's what I am. Hoarding comes naturally to me, and the reasons for hoarding are simple and justifiable:

1. This could be used in the future
2. This is not totally finished, it can be used again now
3. This has been used so long and so well, and has given so much pleasure, how can I throw it away?

So you put a hoarder and a long period without tidying up together andwhat do you get? A house stuffed to bursting, that's what. And the only way to unstuff it is to get rid of all that junk pronto.

Once you reach this point, the next thought that follows naturally is where do you get rid of all this unwanted material? We all know how to dispose of spoilt food materials and ktichen wastes – just put them in a plastic bag and dump it in the nearest vacant lot, or lonely roadside or water canal. This can be done while going for work in your car or two wheeler. The deft flick of the wrist which drops your bag exactly where you want it is an art by itself. Never mind about the ethics of this kind of waste disposal – if it bothers anyone, they'll attend to its removal. (We have the misfortune of living adjacent to a water canal and my husband is one of those zealous individuals who cannot bear the spectacle of these 'waste bags' lying just outside our gate. Every morning he would collect, heap and set fire to them. This became such a common sight, that people began to slow their vehicles and carefully throw their bags into the fire to save him some effort, no doubt under the impression that he was an employee of the Corporation, paid to burn their trash!) It's not as easy to get rid of the junk accumulated over the years. We were in a dilemma as there was no place where you could go and dump such stuff without inviting complaints and criticism. And there was no way we could go on living in a house without an inch of free space.

It was then that we came up with a brilliant idea. A carpenter was called in and within a week

he set up five enormous metal cabinets on our covered terrace. In no time all the clutter in the house had been transferred to the cabinets upstairs. The house was again tidy and spacious and the unsightly heaps were now safely hidden behind locked doors.

So now there's only the garden shed left to be tackled. The broken spades, buckets, torn sacks, tins rusty nails and everything else will go into the last cabinet on the terrace. With that my work will be done.

But I wonder, what will happen in the coming years? When the terrace becomes full of metal cabinets, will we have to build another floor to hold future collections? Imagination boggles at the thought of a house of three or four floors, all the top floors accommodating tons of junk.

That's why I've made only one New Year resolution this year. And you've guessed it – it's 'Stop hoarding!' Just let me put away those pretty cards we received this New Year and that gorgeous wrapping paper that covered our X'mas gifts and then let's together raise a toast to a junkless future!

# Fourth Hour



Jishnu K.J.
Kallisto '09

# ഓർമ്മകളിലൂടെ







**മേഴ്സി ജോർജ്**
പ്രൊഫസർ (അഗ്രോണമി)

"ടീച്ചർ, മറക്കരുത്. നവംബർ 12, 2011 6.30 p.m. ഞങ്ങളുടെ get together ആണ്. തീർച്ചയായും വരണം." 1986 batch ലെ സുനിലും സുദേവും അവരുടെ ബാച്ചിന്റെ reunion ന് ക്ഷണിക്കുകയാണ്. അതിൽ എനിക്ക് ഏറ്റവും പ്രിയപ്പെട്ട (എന്റെ ആദ്യത്തെ PG Student ആയ പുഷ്പ ജോസഫ് ഉൾപ്പെടെ) കുട്ടികൾ ഉണ്ടായിരുന്നു. "തീർച്ചയായും" - ഞാനുടനെ വാക്കു കൊടുത്തു.

Horticos ന്റെ interclass competition ന്റെ അവസാനഭാഗം roof top auditorium ൽ നടക്കവേ 86 ബാച്ചിന്റെ Horticos ലേക്കുള്ള രംഗപ്രവേശനത്തിന്റെ രജത ജൂബിലി അവരുടെ ആദ്യ ക്ലാസ് മുറിയായിരുന്ന ഇപ്പോഴത്തെ സെമിനാർ ഹാളിൽ അതീവ ഹൃദ്യമായ ആഘോഷങ്ങളോടെ അരങ്ങേറി. പലരും പിരിഞ്ഞതിനുശേഷം ആദ്യമായി കാണുകയായിരുന്നു. കുടുംബാംഗങ്ങളും, മധുരിക്കുന്ന കുറെയേറെ ഓർമ്മകളും, ഒരുപാടു ജീവിതാനുഭവങ്ങളും, നേട്ടങ്ങളും, കോട്ടങ്ങളുമായി അവർ വികാരഭരിതമായ ഒരു സംഗമസന്ധ്യതന്നെ ഒരുക്കി. തങ്ങളുടെ പ്രിയപ്പെട്ട അദ്ധ്യാപകരെയെല്ലാം അവർ ആ മഹാസംഭവത്തിൽ പങ്കു ചേർത്തു. അതീവ ഹൃദ്യമായ ഒരു യോഗവും കൊതിയൂറുന്ന വിഭവങ്ങളുമായി ഒരു സല്ക്കാരവും വിപിൻകുമാറിന്റെ നേതൃത്വത്തിൽ മനോജ്ഞമായ ഒരു കലാവിരുന്നും അവർ ഒരുക്കിയിരുന്നു. തങ്ങളുടെയും പ്രിയപ്പെട്ട മക്കളുടെയും കലാവൈഭവങ്ങളും പ്രദർശിപ്പിച്ച് അനുമോദനങ്ങളും കയ്യടികളും സമ്മാനങ്ങളും നല്കി അന്യോന്യം പ്രോത്സാഹിപ്പിച്ചു.



പലരും അവരുടെ ഓർമ്മകൾ പങ്കുവച്ചു. ഈ കലാലയത്തിലും ഹോസ്റ്റലുകളിലും അന്നുണ്ടായിരുന്ന പശ്ചാത്തലങ്ങളും അനുഭവിച്ച സ്വാതന്ത്ര്യവും, സാഹോദര്യവും എല്ലാം അവർ അയവിറക്കി. സന്നിഹിതരായിരുന്ന എല്ലാ ഗുരുജനങ്ങളെയും അവർ ആദരിച്ചു. അർദ്ധരാത്രിയോടെയാണ് അവർ പിരിഞ്ഞുപോയത്. 42 പേർ കുടുംബസമേതമാണ് എത്തിയിരുന്നത്. എല്ലാവരും തങ്ങളുടെ പ്രൊഫഷനുകളിൽ എത്തിച്ചേർന്ന ഉയരങ്ങൾ അസൂയാവഹമായിരുന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലും അന്യരാജ്യങ്ങളിലും

നമ്മുടെ വിദ്യാർത്ഥികൾ അവരുടെ കഴിവും മികവും തെളിയിച്ചു വിജയിച്ചുകൊണ്ടിരിക്കുന്നത് ഏവർക്കും അഭിമാനിക്കാൻ വക നല്കുന്നു. അതിൽ ശാസ്ത്രജ്ഞരും, ബാങ്ക് മാനേജർമാരും, സ്വന്തമായി സ്ഥാപനങ്ങൾ നടത്തുന്നവരും, കൃഷി ഓഫീസർമാരും മറ്റും ഉൾപ്പെടുന്നു.

ഓരോ വർഷവും വിദ്യാർത്ഥികൾ ഇവിടെനിന്നിറങ്ങുമ്പോൾ എനിക്കു തോന്നാറുണ്ട്, ആമന്ത്രണഗാനത്തിൽ പാടുന്നതുപോലെ "അവിടവിടെ വിതയ്ക്കുന്നു വിത്തുകൾ" എന്ന്. ഇത്തരുണത്തിൽ 89 batch ലെ കെ. മമ്മുട്ടിയുടെ ഒരു വാചകം ഓർമ്മ വരുന്നു. "നിങ്ങളുടെ ചിന്തകൾ താജ്മഹൽപോലെ മഹത്തരവും കുത്തബ്മിനാർപോലെ ഉന്നതവും ചെങ്കോട്ടപോലെ ഉറച്ചതും ആവട്ടെ." അതേ ബാച്ചിലെ ലേഖ കെ.കെ. പിരിയാൻ നേരത്ത് അവരുടെ സ്നേഹോപഹാരമായി എനിക്കു നല്കിയ ഒരു നോട്ട്ബുക്കിൽ കുറിച്ചിരുന്ന മനോഹരമായ ഒരു കവിത ഞാനിവിടെ വായനക്കാർക്കായി സമർപ്പിക്കുന്നു.

# വിഷുപ്പക്ഷി

**ലേഖ കെ.കെ. (89-01-72)**

അകലെയാവാനിൽനിന്നൊരു വിഷു സന്ദേശ-
യവനിയിലേക്കു പകർന്നു പറഞ്ഞുനീ
പ്രിയവിഷുപ്പക്ഷി നിന്നാഗമനത്തിനായ്
മിഴികളുയർത്തി ഞാൻ കാത്തുനിന്നു
എത്രയോ രാവുകൾ, നീണ്ട പകലുകൾ
എൻ മുന്നിൽനിന്നുമകന്നുപോയി.
പൂങ്കുല വാടിക്കൊഴിഞ്ഞുപോയ്, ഒരു മിന്നൽ
എന്നേക്കുമായി പൊലിഞ്ഞുപോയി.
എവിടെനിന്നോയെന്റെ കാതിൽപതിച്ചോരാ
പഴയോരോണപ്പാട്ടുമെങ്ങോ മറഞ്ഞുപോയ്.
ധനുമാസരാവിന്റെ ശീതളതയിൽ ഞാൻ
ഒരു തിരുവാതിരപ്പാട്ടിൽ ലയിച്ചുപോയ്!
മെല്ലെയാരാവുമെന്നോടു വിടചൊല്ലി
പുഞ്ചിരി തൂകി കടന്നുപോയി.
മകരക്കുളിരിന്റെയാലസ്യമെൻമുന്നിൽ
ഒരു സാന്ത്വനമായി മാറിയോരോനാളും
എങ്ങോ മറഞ്ഞുപോയ് മുററിൽ നിന്നെയ്ക്കു-
മാനിർവൃതിയും ഞാൻ ദുഃഖിച്ചിരുന്നുപോയി
രാവുകൾ പൂത്തിരി നീട്ടിയ നാളുകൾ
ആത്മാവിൽ ദീപ്തി ചൊരിഞ്ഞുവെന്നാകിലും
നഷ്ടസ്മൃതി മാത്രം വീണ്ടുമെനിക്കേകി
യാത്ര ചൊല്ലിയതും വേഗം തിരിച്ചുപോയ്.
ഒടുവിലാവേനലിൽ ഭൂമിതൻ ദാഹത്തെ
എന്റേതുമാക്കി ഞാൻ മാറ്റിടുമ്പോൾ
അവസാനമൊരു നിമിഷം മാത്രമാനാദ-
ധാരയാം തേൻതുള്ളി നീ പകർന്നു-
എങ്ങോ പറന്നുപോയ്, നീയെൻ വിഷുപ്പക്ഷി
ഒന്നുമുരിയാടാതെ, യാത്ര ചോദിക്കാതെ-
ഇനിയുമൊരുനാളിൽ കണിക്കൊന്ന പൂക്കവേ
ഒരു ഗാനവുമായി നീയെത്തുമെങ്കിലും.
നഷ്ടബോധത്തോടെ, മൂകമാം തേങ്ങലോ-
ടാശിക്കയാണു ഞാൻ വ്യർത്ഥമാണെങ്കിലും-
അവസാനമെൻ നീണ്ടൊരീ തപസ്സുമൊരു
കുളിർഗാനമീ മണ്ണിനെന്നേക്കുമായേകി,
പ്രിയ വിഷുപ്പക്ഷി, നീ മാഞ്ഞതുപോലെയ-
ന്നൊരുനാളിൽ ഞാനും മറഞ്ഞുവെങ്കിൽ
എൻ മനമെന്നും കൃതാർത്ഥമായ്. എങ്കിലും
ആശിക്കയില്ല, ഞാൻ വീണ്ടുമണയുവാൻ.

# Snap Shots..













‘ഹരിത’ കലാലയത്തിന്റെ ‘ഹർഷ’ാരവങ്ങൾ മുഴങ്ങിയത് ഈ നടുമുറ്റത്ത്...





പകലിന്റെ ചിറകുകൾ താഴുമ്പോൾ, തിരക്കിൽ നിന്നൊരു വിശ്രമം - ‘പമ്പ’ മെൻസ് ഹോസ്റ്റൽ

[illegible]

ഉത്സാഹം. [illegible] ചെറിയകുട്ടികളായി ആ മത്സരത്തിൽ പങ്കു ചേർന്നു.

എത്ര [illegible] സമയം അവസാനിച്ചത്. മൂന്ന് മണിക്കൂറിന് മുന്ന് [illegible] ഉണ്ടായിരുന്നുള്ളു. വ്യത്യസ്ത [illegible]യുള്ള വലിയ കരിങ്കല്ലുകൾകൊണ്ട് കെട്ടിപ്പടുത്ത പാതയിലൂടെ ഞങ്ങൾ നടന്നു നീങ്ങിയത് അതിമനോഹര[illegible] പാർക്കിലേക്കായിരുന്നു. അവിടത്തെ സിമന്റു ബെഞ്ചുകളിൽ കുട്ടികളുണ്ടായിരുന്നു. കൗമാരക്കാരികളും, യുവതികളും, പ്രായമേറിയവരും ഉണ്ടായിരുന്നു. എങ്കിലും എവരുടേയും കണ്ണുകൾക്ക് ഒരേ പ്രകാശം, ഒരേ തിളക്കം! ആ മനോഹരമായ സായാഹ്നത്തിൽ ഐസ്ക്രീമിന്റെ മധുരവും നുണഞ്ഞ് ഞങ്ങളിരുന്നു. ഒരു കൊച്ചു കുഞ്ഞ് അമ്മയുടെ കൈപിടിച്ച് കുണുങ്ങിക്കുണുങ്ങി കടന്നുപോയി.

സായംസന്ധ്യയുടെ അരുണിമ എങ്ങും വ്യാപിച്ചു. നിലയില്ലാക്കടലിലേക്ക് നോക്കിയിരുന്നപ്പോൾ ആ പഴയ കവിതയാണ് ഓർമ്മ വന്നത്. "അനന്തമജ്ഞാതമവർണ്ണനീയം" ആ അപാരസാഗരത്തിൽ ചെറിയ കറുത്തപൊട്ടുകൾപോലെ കാണപ്പെട്ട തോണികളിൽ എത്ര മുക്കുവന്മാരുണ്ടോ ആവോ? ആകാശത്തിലൂടെ പാറിപ്പറന്ന ആ പറവകളെ കണ്ടപ്പോഴാണ് ഞങ്ങൾക്കും ചേക്കേറാൻ സമയമായല്ലോ എന്നോർത്തത്. സ്നേഹതീരം എന്ന ആ നാമം എത്ര അന്വർത്ഥമാണ്? സ്നേഹത്തിരമാലകൾ മാത്രം അലയടിക്കുന്ന ഈ തീരങ്ങളിൽ ആയിരം യുഗങ്ങൾ ഒരേ മനസ്സോടെ ഇങ്ങനെ ഒന്നിച്ചിരിക്കാൻ കഴിഞ്ഞെങ്കിൽ...

■

# സ്നേഹതീരം

## സ്നേഹിക്കുന്ന തിരമാലകൾ



അഞ്ജലി കെ.
അരിസ്റ്റസ്" 10

# സർക്കാര











'കാന്റീൻ' [illegible]

[illegible]

[illegible] 'Student's Union' [illegible]

[illegible]

[illegible] Medicinal Plant Department [illegible] ICAR [illegible] PTA [illegible]

[illegible] February 28 [illegible] MLA [illegible]

ഔപചാരികമായി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചതോടെ കൂടുതൽ സജീവമായി സൽക്കാര പുതിയ കെട്ടിടത്തിൽ [illegible] പ്രവർത്തനമാരംഭിച്ചു.

ഇരുന്നു കഴിഞ്ഞാൽ പിന്നീട് എണീറ്റു പോകാനുള്ള വിമുഖത നേരത്തെ കണ്ടറിഞ്ഞതുകൊണ്ടാണോ നിന്നു കഴിക്കാനുള്ള സൗകര്യമാണ് ആദ്യം സൽക്കാര ഒരുക്കിയിരുന്നത്. പിന്നീട് പുറത്ത് 20[illegible]ഓടെയാണ് കൂടുതൽ സ്ഥലം കണ്ടെത്തി ഇരുന്നു ഭക്ഷണം കഴിക്കാനുള്ള ഇടം കൂടി ഉൾപ്പെടുത്തിയത്. ഇതേ വർഷം തന്നെ Economics Department ൽ നിന്നും വിരമിച്ച Dr. E.K. Thomas Sir ന്റെ ആഗ്രഹവും സഹായവും വഴി സൽക്കാരയുടെ വിസ്തൃതി പിന്നെയും കൂടി.

ഹോർട്ടിയെ കൂടുതൽ സുന്ദരിയാക്കിയ സൽക്കാര. ഓരോ ദിവസവും രുചിഭേദങ്ങൾ ഒരുക്കി [illegible] ആകർഷിച്ചുകൊണ്ടിരിക്കുന്നു.

***കാലങ്ങൾ എത്ര കഴിഞ്ഞാലും ഹോർട്ടിയിലെ ഏതൊരു വിദ്യാർത്ഥിയും അദ്ധ്യാപകനും ജീവനക്കാരനും സൽക്കാരയെ ഓർക്കും. ഏറ്റവും 'നൊസ്റ്റാൾജിയ' യുള്ള ഓർമ്മയായി അതു മാറും.***

മാഗസിൻ കമ്മിറ്റി

Best Wishes

Ph: 0487 2383410, 9995809222

# BINARY SYSTEMS

For LCD,DLT Projectors, Documents, Camera, Photocopy Machine

Adiyatil Line
Poothole P.O., Thrissur-4

# The day I became another person



Jeethu M.G.
PG

"Pastry getting cold", texted my mother, my dearest mother.

She was just being worried, perturbed upon the thought her daughter wouldn't be happy by her chips & the typical banana pastry if there wasn't cream over it.

I was travelling alone for the second time in a row now and this 'alone' word never quite pleased my mother who constantly sent elaborate texts on the tasty food waiting for me back home. I wouldn't deny it-it is the food that gives the warm welcome and though I relentlessly nod (at home) to her exaggerating dangers of a travel alone, she was well-aware of my disliking on phone, so till I got home, she consorted with the food theory.



Time was 5.30 pm. Sun's rays were slant through the window but sweat beads still glimmered on my fore arm. The visual extravaganza by the window seat was a feat - long paddy stretches, island-like swamps, merry toddlers by the tiled houses waving to every stranger, the kind of frames Sathyan Anthikkad sells for 40 Rupees was free entertainment by the Window seat. It was past 6 when the train moved over a bridge. I could virtually hear the gushing cool water below and feel the swish of air through my hair, which was another of the window-seat charm. Otherwise, the toiling toilets with the pong of urine and vulgar graffiti made me think twice or thrice to call it 'Subh-Yatra'.

There was nothing new at office today except for the extra hour I sat.... The same bank but new customers who first produced all the certificates for a loan and when due, risked it. There was a baby-visitor to the bank today, a naughty boy with musical shoes - the ones kids enjoy wearing!! He was literally sprinting like in a contest until a vase fell and he was pinched by his mother. Just like him

was another companion in my compartment, he kept kicking his mother who raved on a serial story-plot to her blue-eyed friend.

Time was 6.25 pm. I would be at the station in another 20 minutes. My father would have now hired an auto from our neighbouring auto stand; it would be Salimkka or Ajmalbhai. With Salimikka, things are a lot easier for my father. Its a peculiar breed of language between them; first my father would smile and Salimkka would then casually ask, "Is the train on time?" They reciprocate words without any. I giggled at the thought and I realized my phone was vibrating-2 messages!! My mother had learnt 'range' was a problem confronted in trains and it was best to send messages - a little trick she perceived& studied on her own a couple of months ago. I replied I would be reaching soon & that I preferred cold banana pastries.

I giggled again and surfed the front page of the newspaper my co-passenger, an elderly man with gray hair and black moustache, was reading. The page was filled with all types of mockery fasts, a Yoga Guru having spent crores for the grandiose of his fast, another CM fasting for communal harmony; no wonder the Ramlila Maidan was full!!

With just 5 more minutes to see my father and another 20 to see the pastry-maker, my phone was vibrating again - it was Salimikka's number and the caller, my father. He was breathing hard when he told me he would be by the stairs on platform No. 2 and as usual ended the call with 'mole'. He is the kind of father who starts and ends his sentences with 'mole'. Dear He sounded tired and I was sure he was coming straight from our farm and it was mother's turn to tie and feed the cows today-the only thing she found awefully annoying..., especially when the animal veered and she lost the tether.

With a titter in my mind, I got up to take my baggage off the rack. The train was packed full as usual and the big mob of standing passengers were battling like in a war for an inch of space. Being callow in such battles, I got defeated and pushed towards a smirky-smiled man in his mid 30's, he was wearing a corporate tie and he had red eyes. Though he dressed gentlemanly, I could read an obnocity on his face; he seemed caddish to me. First, he smiled and then began to look at me harder with a snappy expression. I ignored his looking at me but when I realized he was hitting me with his valise and trying to station his hands on me, I was caught in a grip of fear and hatred. I panicked, my eyes wet & I started praying to all the Gods I knew.

But the fact that the station was many seconds away haunted me. I tried changing my position but the man kept moving with me; he was always inches from me. None of my co-passenger seemed to notice me or my situation, they were all hurrying by the door with their baggages. For vicissitude, for rescue-Reach Station. See father.

As soon as I heard the wheels screech, out of bafflement, I pushed everyone out of my way not bothering who I have in the process. Before the train really halted, I jumped out and almost fell on the platform but my inertia kept me running. Even amidst the crowd, I could exactly locate my father standing by the stairs and though I lurked many seconds earlier that was a moment of serenity. My sigh of relief was so huge that my father seemed startled. I smiled & leaned over his chest-the safest place I know on earth. He smiled back, held my baggage and said "Dear you look paler than last time, dear".

It was almost dark when we got home. My mother had just taken away the evening lamp that otherwise would've greeted us. She was standing at our front door with an akimbo. Akimbo meant impatience, eagerness-just another way of being my father's wife. Later, while I ate her luscious chunks of banana, she couldn't wait to begin her remarks on my pale & vapid looks. Occasionally, she caressed my hair and her trichologist mind fretted with each knot.

We spent most of the evening talking and eating. Except for a devotional serial, my mother is not a TV lover. But my father vividly watched all the news channels on TV and while the headlines were detailed, he would unfold the day's newspaper and vehemently

connect the day's news like an appointed panel.

On seeing my threaded eyebeows, my mother told me how the tranquility of the neighbourhood house had been lost by their narcissist daughter-in-law. I nodded as usual and it was when I pinched her puerility that I noticed channels breaking on a terrible news-a girl on a train had been allegedly raped and brutually murdered on her way from work. My calm mind began to drift away, a streak of terror flashed in my eyes; I could hardly hear my mother speak. Red eyes, caddish smiles and snappy faces filled the voids in my head. My garrulous mom suddenly turned silent and with a cry to God, she held me closser to her. With a warning, she said, "Always take care dear". My father raucously blamed the railways for not ensuring a safe journey for women. He continued speaking but suddenly the lights went off and he suggested all go to bed.

I went to bed with my mother who is an instant sleeper and a rare dreamer. We lay on the bed and she hummed a few devotional lines. Before she was fast asleep, she reminded about getting up early to make it for 'Nirmalyam' at our nearby temple the next morning. I wasn't at ease at all. The raschel I was wearing had been soaked in sweat and the voids in my head were getting bigger - more red, more snappy. I couldn't sleep. I sat up the whole night spending most of the time gazing at the daguerrotypes of our fore-fathers on the wall.

I was leaving for Ernakulam on the Monday morning and though the train incident wasn't getting away, I felt a lot calmer. My parents are real incarnations, their presence is very relieving. My father accompanied me to the station where it seemed very quiet. A part from a few labourers who picked the garbage and some funky-dressed college students, the station was otherwise empty. We waited at the platform for sometime but then decided to sit in the waiting room. While my father kept my baggage on a chair, he was careful enough not to damage any of his wife's special items in it-hair oil with a blend of herbs, the 'rasanaadhi' powder to rub after bath, two jars of lime pickles were just among a few.

In the waiting room was a man sleeping on the bench just opposite to us. Just as my father went out of the room to enquire about the train timings, the man got up. He first stretched his hands to give away his sleep and then he yawned filling the room with a pong of pan. With reddish hair and musty clothes he looked like a lout from Northern India. He asked me in suburban Hindi if the train was late. I turned sidewards to avoid his question but he wasn't giving up. When I angrily nodded, he enquired if I was going to Ernakulam. I couldn't sit there anymore, I hurriedly got up and took my baggage. Just as I was about to leave the room, the man caught hold of my hand. Same red eyes. Caddish smile. Snappy expression.

I quickly shuddered to make him leave his hold of my hand. Then, I violently banged his head, thrice on the side wall. I slapped him hard. When he finally collapsed on the floor, I spit right in his face. The scene had evoked a small audience infront of the waiting room, the crowd then took care of the man and handed him to the railway authority. I saw my father come running to the waiting room, the noise had vexed him and he looked frightened. When he asked about what had happened and if I was fine, I smiled, held his hand & reassuringly said, "Onnulla acha". Nothing father.

Though my father seemed extremely panicked, I made sure my mother's items weren't damaged. I was still smiling.


MVK EGG MERCHANT

EGG
ONION
POTATO

MANNUTHY
MOBILE: 9895227140

# വിസമ്മതം



**സുജിത്**
ഓഫീസ് സ്റ്റാഫ്



മനസ്സിൽ നിന്നും നിന്നെ  ഞാൻ ആട്ടിപ്പായിച്ചു
നീ പോകാൻ വിസമ്മതിച്ചു

ഞാനുള്ളിൽ കടന്ന്
മനസ്സിന്റെ വാതായനങ്ങൾ അമർത്തിയടച്ചു

ഒരു കൊച്ചുകാറ്റായ് നീ
ജാലകപ്പഴുതിലൂടെ വന്നപ്പോൾ
ഞാൻ നിന്നെ അരികിലേക്ക് ക്ഷണിച്ചു

വീണ്ടും നമ്മുടെ മനസ്സുകൾ
കവിളോടു കവിൾ ചേർത്ത്
'താക്കോൽ ദ്വാര'ത്തിലൂടെ പുറംലോകം കണ്ടു

മേഘങ്ങൾ ഉറുമ്പിൻ പറ്റത്തെപ്പോലെ വന്ന്
അമ്പിളിപ്പാൽത്തുള്ളി നുണയുന്നതു നാം കണ്ടു

പിന്നെ, താരങ്ങളായി മിന്നുന്ന
രാവിന്റെ വിയർപ്പുതുള്ളികൾ
വറ്റിത്തീരുന്നതും നോക്കി
ആകാശത്തിന്റെ മട്ടുപ്പാവിനു കീഴെ
നമ്മൾ തോളുരുമ്മിക്കിടന്നു

AJA 9387177771
Mob: 9447182277

0487 2442524

*Give your journeys A Dream Touch*

# BAD BOY GROUP

## TOURS & TRAVELS

St.Thomas College Road, Thrissur, Kerala



A/c Luxury coach buses with in Digital Acustic Surrounding DVD DivX System, Codeless Mike, Lazer & Fog Show
We Will Arranging All Package Trips & Every Friday Trips to Velankanni Volvo, Semi Sleeper Air Bus

# പറഞ്ഞതും അറിഞ്ഞതും



പറഞ്ഞുകേട്ടതും, വായ്ച്ചറിഞ്ഞതുമായ

സത്യ അസത്യങ്ങൾക്കും ചരിത്രങ്ങൾക്കും

പുരാണങ്ങൾക്കുമുപരി

ഇനിയുമേറെ അറിയാനും

പറയാനുമുണ്ടെന്ന തിരിച്ചറിവിൽ നിന്നാണ്

ഒരു പുതുയുഗം പിറവിയെടുക്കുന്നത്...

# RAWE '11



















**നാമ്പ്**

നാളെയുടെ
കൈത്തിരിനാളങ്ങൾ
പാകുമ്പോൾ...



# Judicial... Activism

## A Blessing or Curse



**Bhagya Vijayan**
Kallisto' 09

It is by the people, for the people and of the people; a clause mentioned in the Indian Constitution. It is this, which gives immense strength to the 1.21 billion people of India to discharge their duties fearlessly, and supported by the legislative body of India. As far as India, a democratic country is concerned, the Judiciary has been playing a pivotal role in maintaining the law and order situation. The best example can be quoted from the recent stand the Supreme Court has taken on the interstate dispute between Kerala and TamilNadu on the 116 year old Mullaperiyar dam. The Supreme Court has asked people from both states to be calm and requested the political parties to abstain from any vandalizing activity.

Thus Judiciary occupies a significant role in each aam admi's mind. The reason for the aam admi to be cited is, the same Judiciary had elicited a question on the rotting of food grains in the Public Distribution System's Warehouses. When 40 percent of the Indian population is not able to keep their mind, body and soul together, the Government had given the least attention to the food grain issue. Even though the poor were not given the excess food grain free of cost, the Judiciary made the fact known to the people of India and asked the Government not to repeat the same.

The same Judiciary played an important role in the execution of the tainted ministers of India. The 2 G - scam, which made a huge loss of about Rs. 1.76 lakh crores and the Common Wealth Games scam was thoroughly studied and the accused given the right punishment. Adarsh Society Scam was not an exception and received the right due. This feat was achieved with the help of the Comptroller and Auditor General of India, Mr. Vinod Rai and his co-workers. By the prosecution of guilty ministers, the Judiciary has been gaining applauds from people. This created a feeling,

Judiciary stands triumphs.

The Judiciary had also taken an appraising stand on Ayodhya case, which reverted the possible communal violence which would have erupted, if that case was not disposed so. Here also the Judiciary had done a commendable job, thus chance of kindling the violence received a blow from the Judiciary. Thus Judiciary is entitled to communal harmony. The honor killings taking place in the nooks and crannies of India (especially in certain classes) are put a check by Judicial interference. It stated that nobody can take away the life which God has given. The same stand was taken by the Judiciary on 'Euthanasia': or Mercy killing. Recently a lady nurse's (ailing from multiple paralytic disorders) plea for mercy killing was rejected by the Supreme Court. This was done in order to abstain people from killing their kith and kin for money by stating their deplorable health condition.

People of India have been shaken by Lokpal bill proponent of which is anti-corruption crusader Anna Hazare. The Janlokpal Committee is of the view that Judiciary should also be made under its purview. But the Government is of the view that, since there is a proposal for passing the Judicial Accountability Bill which makes under it preview all the Judges, there is no need for the Judiciary to be under the Lokpals preview. This is acceptable to a great extent. To prevent the Judges from indulging in corrupt practices, any accountability measure is welcome be it Lokpal or Judicial Accountability Bill. There are some who taint the Judiciary too. The impeachment process which was initiated against Justice Soumitra Sen, made a bad remark of the Judiciary in common man's mind. Thus for checking and curbing......... unaccountable dubious practices from a Judge's part, can only be made possible by making it under the purview of an account ability bill.






Neverthless, Judicial Activism is a blessing for India. The people of India have great faith in Judiciary. This blessing should be made more pronounced in India. For eg: the recent remark of Technology and Information minister Kapil Sibal's remark on the freedom on citizens in social networking sites should be looked upon by the Judiciary. The freedom of speech should not be curtailed, else any illegal, illicit activities should be curtailed. The Judiciary should also extend its concern on the feasibility of Aadhar- Unique Identification Programme headed by Mr.Nandan Nilkheni. Crores of rupees are spent on this programme, thus, Judiciary should look upon whether the programme be fruitful eventually.

The Planning Commission's proposal for fixing the poverty line, should be rechecked by Judiciary. A man earning Rs. 25/day in rural areas and 32/day in urban areas is considered rich. This type of fixing poverty line is not pragmatic and a unanimous decision should be taken by the Judiciary on the same.

The Judicial Activism is welcomed by people in almost all cases. Thus the Judiciary needs to be faster in disposing its cases. The lag in the execution of the 27/11 Mumbai attack terrorist Ajmal Kasab's case is one such pending issue. Moreover, there are lakhs of cases within the country that are waiting for the disposal. The same is the case with capital punishment. The Judiciary itself said that nobody can take back the life God has created,



and this made it to revisit the plea of the former late Prime Minister Rajiv Gandhi's killers.

Not only in India, Judicial Activism is a blessing in almost all the countries. For eg. the proceedings against of the former IMF Chief on sexual abuse, the prosecution of the former Italian Prime Minister Silvio Berlusconi on a similar case, the prosecution of Wiki-leaks Chairman Julian Assange etc. should be dealt the same way.

Thus Judicial Activism is a blessing. Eventhough, the Prime Minister and his / her ministers are elected by the people, the Judiciary makes them more accountable to the people. Judiciary makes the minister's duty fool proof. Judicial activism make corruption abysmally low. Thus let Judicial activism sustain in India for the well being of her people. Long hail Judiciary, and let the body be able to cope with the changing circumstances and let it be able to wear the silver crown by executing its duties.


www.mrudulafurnitureworld.com

P.K. Ramachandran
Mob : 9447085633

MRUDULA FURNITURE WORLD
THE NEW GENERATION FURNITURE STORE

Door No. 19/99/1. ABC Complex. (Behind Beverage Corporation). Poothole,
Thrissur - 4 Ph : 2388928, 6524928 E-mail : mrudularamachandran@gmail.com





# നമുക്ക് വേണ്ടത് സുസ്ഥിര കൃഷി രീതികൾ, കപടശാസ്ത്രങ്ങളല്ല!






**ഡോ. ജോർജ്ജ് തോമസ്**
അഗ്രോണമി ഡിപ്പാർട്ട്മെന്റ്

**വേ**ട്ടയാടിയും കായ്കനികൾ ശേഖരിച്ചും കഴിഞ്ഞു പോന്നിരുന്ന മനുഷ്യന്റെ സംഖ്യ 10,000 വർഷം മുമ്പ് 50 ലക്ഷത്തിലെത്തി. ഇങ്ങനെ പെരുകിവരുന്ന ജനങ്ങൾക്കെല്ലാമുള്ള ഭക്ഷണം പ്രകൃതിയിൽനിന്ന് ശേഖരിക്കാനാവുന്നില്ലെന്ന തിരിച്ചറിവാണ് "കൃഷി" കണ്ടുപിടിക്കുന്നതിലേക്ക് നയിച്ചത്. വളരെ കുറച്ചു മാത്രം ഇടപെടലുകൾ വേണ്ട "പ്രകൃതികൃഷി" തന്നെയാണ് മനുഷ്യർ ആദ്യം തുടങ്ങിയത്. പക്ഷേ, ഈ കൃഷിയും നിലനിൽപിന് ഉതകുന്നില്ലെന്ന് മനസ്സിലായതോടെ പണിയായുധങ്ങൾ കണ്ടുപിടിക്കപ്പെടുകയും ഫലപുഷ്ടി കുറയുന്നതിനനുസരിച്ച് പുതിയ സ്ഥലങ്ങൾ കണ്ടുപിടിച്ച് കൃഷി ചെയ്യുന്ന "പുനംകൃഷി"യിലേക്ക് അഥവാ "മാറ്റകൃഷി"യിലേക്ക് (shifting cultivation) മാറുകയും ചെയ്തു.

പിന്നീട്, മാറ്റകൃഷി ചെയ്യാനുള്ള ഭൂമിയും കുറഞ്ഞു വന്നതോടെ ഒരിടത്ത് തന്നെ വീണ്ടും വീണ്ടും കൃഷി ചെയ്യേണ്ട സാഹചര്യമുണ്ടായി. പക്ഷേ, വിളവ് കുറഞ്ഞുവന്നത് മനുഷ്യനെ വിഷമിപ്പിച്ചു. മൃഗവിസർജ്ജ്യങ്ങളും, ചാരവും മറ്റും ചേർത്താൽ ഒരിക്കൽ കൃഷി ചെയ്തിടത്ത് തന്നെ വീണ്ടും കൃഷിയിറക്കിയാൽ പ്രശ്നമുണ്ടാകില്ലെന്ന് മനുഷ്യൻ കണ്ടുപിടിക്കുന്നത് അങ്ങനെയാണ്. യഥാർത്ഥത്തിൽ ഇത് ഇന്നു കാണുന്ന തരത്തിലുള്ള "ജൈവകൃഷി" തന്നെയായിരുന്നു!

**ആധുനിക സമ്പ്രദായങ്ങളിലേക്ക് മാറാതെ പഴയ പാരമ്പര്യകൃഷിയാണ് മനുഷ്യൻ പിന്തുടർന്നിരുന്നതെങ്കിൽ മാൽത്തൂസിന്റെ പ്രവചനം ഫലിക്കുമായിരുന്നു. നാശം പ്രവചിച്ച മറ്റുള്ളവരുടെ പ്രവചനങ്ങളും നടക്കുമായിരുന്നു.**

ജൈവകൃഷിയെന്നോ, പാരമ്പര്യ കൃഷിയെന്നോ വിളിക്കാവുന്ന കൃഷിരീതികളാണ് 19-ാം നൂറ്റാണ്ടുവരെ ലോകമെമ്പാടും തുടർന്നു പോന്നത്. പക്ഷേ, ഭൂമിയുടെ ആവാസശേഷി (carrying capacity) തകിടം മറിച്ചുകൊണ്ടുള്ള ജനസംഖ്യാ വർദ്ധനവ് സമൂഹത്തെ വീണ്ടും പ്രതിസന്ധിയിലാക്കി. മഹാക്ഷാമങ്ങളും, ദാരിദ്ര്യവും, പകർച്ചവ്യാധികളും തുടർക്കഥയായി. ബി.സി. 8000 ൽ വെറും 50 ലക്ഷം മാത്രമായിരുന്ന ലോകജനസംഖ്യ എ.ഡി. 1804 ൽ 100 കോടിയായി കുതിച്ചുയർന്നു. തോമസ് റോബർട്ട് മാൽത്തൂസ് സുപ്രസിദ്ധമായ ജനസംഖ്യാ സിദ്ധാന്തം ആവിഷ്ക്കരിക്കുന്നത് അനിയന്ത്രിതമായ ഈ പോക്കു കണ്ടിട്ടാണ്. ഇങ്ങനെ പോയാൽ ഭക്ഷ്യോത്പാദനം ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ഉയരില്ലെന്നും വൻ ദുരന്തങ്ങളുണ്ടാകുമെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രവചനം. ജനസംഖ്യയുടെ കാര്യത്തിൽ അദ്ദേഹം പറഞ്ഞതുപോലെ തന്നെ സംഭവിച്ചു. കേവലം 123 വർഷങ്ങൾക്കുശേഷം 1927 ൽ ലോകജനസംഖ്യ ഇരട്ടിയായി, 200 കോടി! തുടർന്ന് 33 വർഷങ്ങൾക്കുശേഷം 100 കോടി ജനങ്ങൾ കൂടി ഭൂമിയിലെത്തി, 1960 ൽ 600 കോടി കടന്നു. ഇപ്പോഴിതാ കേവലം 12 വർഷംകൊണ്ട്, അതായത്, 2011 ഒക്ടോബർ 31 ന് ലോകജനസംഖ്യ 700 കോടി ആയിരിക്കുന്നു. 2050 ൽ ഇത് 1000 കോടി കടക്കുമെന്നാണ് പ്രവചനം.

ഇന്ത്യയിലെ സ്ഥിതിയും വ്യത്യസ്തമല്ല. 1901 ൽ ഇന്ത്യയിൽ 23.8 കോടി ജനങ്ങളാണുണ്ടായിരുന്നത്. 1961 ൽ

ഇത് 43.9 കോടിയായി വർദ്ധിച്ചു. 2001 ൽ ജനസംഖ്യ 102.7 കോടിയായി. ഏകദേശം രണ്ടര ഇരട്ടി വർദ്ധനവ്! ഇപ്പോൾ 121 കോടിയിലെത്തി നിൽക്കുന്നു. പക്ഷേ, മാൽത്തൂസ് പറഞ്ഞതുപോലുള്ള ദുരന്തങ്ങളൊന്നുമുണ്ടായില്ല. വ്യവസായ വിപ്ലവത്തെ തുടർന്ന് ആവിർഭവിച്ച ആധുനിക കൃഷിയും പിന്നീട് 1967-78 കാലഘട്ടത്തിൽ നടന്ന ഹരിതവിപ്ലവവുമാണ് ഈ നേട്ടമുണ്ടാക്കിയത്. 1960-2000 കാലഘട്ടത്തിൽ ഇന്ത്യയിൽ രണ്ടര ഇരട്ടി ജനങ്ങൾ വർദ്ധിച്ചപ്പോൾ ഭക്ഷ്യോല്പാദനം നാലിരട്ടിയായാണ് വർദ്ധിച്ചത്. സമൃദ്ധിയോടൊപ്പം ചില പരിസ്ഥിതി പ്രശ്നങ്ങൾ ഉടലെടുത്തുവെന്നത് നേരാണ്. ഇത് പരിഹരിക്കാനുള്ള ശ്രമത്തിലാണ് ശാസ്ത്രലോകം.

ആധുനിക സമ്പ്രദായങ്ങളിലേക്ക് മാറാതെ പഴയ പാരമ്പര്യകൃഷിയാണ് മനുഷ്യൻ പിന്തുടർന്നിരുന്നതെങ്കിൽ മാൽത്തൂസിന്റെ പ്രവചനം ഫലിക്കുമായിരുന്നു. നാശം പ്രവചിച്ച മറ്റുള്ളവരുടെ പ്രവചനങ്ങളും നടക്കുമായിരുന്നു. 1967 ൽ പാഡക് സഹോദരന്മാർ എഴുതിയ "ഫാമിൻ 1975", പോൾ എൾറിച്ചിന്റെ 1968 ൽ ഇറങ്ങിയ "ദി പോപ്പുലേഷൻ ബോംബ്" എന്നീ പുസ്തകങ്ങളിൽ പറഞ്ഞതുപോലൊന്നും നടക്കാതെ പോയത് ഹരിതവിപ്ലവം പോലുള്ള പ്രതിഭാസങ്ങൾ ഇവിടെ അരങ്ങേറിയതുകൊണ്ടു മാത്രമാണ്.

### ഉത്തരാധുനിക കൃഷി രീതികൾ

ശാസ്ത്രത്തെ തള്ളിപ്പറയുന്ന ഉത്തരാധുനിക പ്രവണതകൾ കാർഷികരംഗത്തും ബലപ്പെടുന്നു എന്നതിന്റെ ഉദാഹരണങ്ങളാണ് ജൈവകൃഷി, ബയോഡൈനാമിക് കൃഷി, പ്രകൃതി കൃഷി, ഒറ്റഞ്ഞാർ കൃഷി, സീറോ ബജറ്റ്, പ്രകൃതി കൃഷി എന്നിവയെല്ലാം. ഇവയെല്ലാം തന്നെ ഗഹന പരിസ്ഥിതിവാദം (deep ecology), പരിസ്ഥിതി സ്ത്രീവാദം (ecofeminism), ലൈഫ് ബോട്ട് സദാചാരം (life boat ethics), ജൈവപ്രാദേശികവാദം (bioregion alism) മുതലായ ഉത്തരാധുനിക ചിന്താധാരകൾക്ക് അനുരൂപമായി ഉയർന്നുവന്നവയാണ്.




ആധുനിക കൃഷിയുടെ ആവിർഭാവത്തിന് മുമ്പുള്ള ജൈവകൃഷി സ്വാഭാവികമായി മനുഷ്യൻ ചെയ്തുപോന്ന കൃഷിരീതിയായിരുന്നുവെങ്കിൽ ഇപ്പോൾ ലോകമെമ്പാടും പ്രചരിപ്പിക്കാനും വിശ്വസിപ്പിക്കാനും ശ്രമിക്കുന്നത് കൃത്രിമമായ ഒരു കൂട്ടം കൃഷിരീതികളാണ്. 1924 ൽ രൂപം കൊണ്ടതും തികച്ചും അശാസ്ത്രീയം എന്ന് വിധിയെഴുതി ശാസ്ത്രലോകം തള്ളിക്കളഞ്ഞതുമായ "ബയോഡൈനാമിക് കൃഷി" പോലും കേരളത്തിലിപ്പോൾ കൊണ്ടുനടക്കാൻ ആളുണ്ട്! ശാസ്ത്രത്തിന്റെ രീതി അനുസരിച്ചുള്ള നിരീക്ഷണങ്ങളോ നിഗമനങ്ങളോ, പരീക്ഷണങ്ങളോ ഇല്ലാതെ കേവലമായ ഊഹങ്ങളുടെയും സാക്ഷ്യങ്ങളുടെയും പുറത്താണ് ഉത്തരാധുനിക കൃഷി അഥവാ ബദൽ കൃഷി രീതികൾ മുമ്പോട്ടു പോവുന്നത്. ജൈവകൃഷിയും മറ്റ് ഉത്തരാധുനിക കൃഷിയുമായി ബന്ധപ്പെടുത്തി ധാരാളം കുയുക്തികൾ (fallacies) പ്രചാരത്തിലുള്ളതായി കാണാം.

പരീക്ഷണങ്ങൾ നടത്തി ആവർത്തന സ്വഭാവമുള്ള ഫലങ്ങൾ കിട്ടുന്നുവെങ്കിൽ മാത്രമേ പുതിയ മുറകൾ ആധുനിക കൃഷിയുടെ ഭാഗമായി അംഗീകരിക്കാറുള്ളൂ. കേട്ടുകേൾവികളും സാക്ഷ്യങ്ങളും മാത്രം അടിസ്ഥാനമാക്കി ബദൽകൃഷി രീതികൾ പ്രചരിപ്പിക്കാനാവില്ല. ജ്യോതിഷഫലത്തിനു മാത്രമല്ല, മന്ത്രവാദത്തിനും കരിനാക്കിനും, കരികണ്ണിനും വരെ ഫലപ്രാപ്തി ഘോഷിക്കുന്ന സാക്ഷികളെ കിട്ടുന്ന ഇക്കാലത്ത് ഉത്തരാധുനിക കൃഷിക്ക് സ്തുതിപാഠകരെ കിട്ടാൻ വലിയ പ്രയാസമൊന്നുമില്ല.

### ദബോൾക്കറും പലേക്കറും

ബദൽകൃഷിയുടെ വക്താക്കളായി പലരുമുണ്ട്. "സീറോ ബജറ്റ്" ആചാര്യൻ സുഭാഷ് പലേക്കർ മാത്രമല്ല, മറ്റു പലരും പലതരത്തിലുള്ള അവകാശവാദങ്ങളുമായി നടക്കുന്നുണ്ട്. മഹാരാഷ്ട്രക്കാരനായ എസ്.എ. ദബോൾക്കർ എന്ന ഗണിതശാസ്ത്ര പ്രൊഫസർ അദ്ദേഹത്തിന്റെ "പ്ലെന്റി ഫോർ ഓൾ" (Plenty for All) എന്ന പുസ്തകത്തിൽ താൻ നിഷ്ക്കർഷിക്കുന്നതുപോലെ കൃഷി ചെയ്താൽ 25 സെന്റിൽനിന്നും അഞ്ച് അംഗങ്ങളുള്ള ഒരു കുടുംബത്തിന് ഒരു കോളേജ് പ്രൊഫസറുടെ നിലവാരത്തിൽ ജീവിക്കാനാകുമെന്ന് പറയുന്നു. ഇത് കേരളത്തിലെ ചില ബദൽകൃഷിക്കാർ ഏറ്റുപിടിക്കുന്നുണ്ട്. ഇതിൽ തർക്കത്തിന്റെ പ്രശ്നമൊന്നുമില്ല. സംഗതി ശരിയാണെങ്കിൽ കേരളത്തിലെ തുണ്ടുവൽകൃത ചെറുകിട കൃഷിയിടങ്ങൾക്ക് ഏറ്റവും യോജിച്ച മാതൃക തന്നെയായിരിക്കുമിത്. ഇതിൽ വിശ്വസിക്കുന്നവർ ഉടൻ ചെയ്യേണ്ടത് ഇത്തരം ഏതാനും പ്രദർശനതോട്ടങ്ങളുണ്ടാക്കി ജനങ്ങളെ കാണിക്കുകയാണ്. കേരളം മുഴുവൻ ഈ മാതൃക സ്വീകരിക്കാൻ ആളുണ്ടാവും!

പലേക്കറുടെ മോഡലും ഏതാണ്ടിതേപോലെതന്നെ. ഒരു നാടൻ പശുവിന്റെ ചാണകമുണ്ടെങ്കിൽ 30 ഏക്ക

റിലെ കൃഷി നടക്കുമെന്നു പറയുമ്പോൾ സാധാരണക്കാർ ആകൃഷ്ടരാവുന്നത് സ്വാഭാവികം. മാത്രമല്ല, ചെലവില്ലാ കൃഷിയുമാണല്ലോ? പലേക്കറുടെ അഭിപ്രായത്തിൽ ആധുനിക കൃഷിയേക്കാൾ കുഴപ്പക്കാരൻ ജൈവകൃഷിയാണ്. മണ്ണ് അന്നപൂർണ്ണേശ്വരിയാണ്. ചാണകം, മണ്ണിരകമ്പോസ്റ്റ്, എല്ലുപൊടി, പിണ്ണാക്കുകൾ എന്നിവയൊന്നും ഉപയോഗിക്കാനേ പാടില്ല. സാധാരണ മണ്ണിര കമ്പോസ്റ്റിംഗ് രീതിയെ അദ്ദേഹം നഖശിഖാന്തം എതിർക്കുന്നു. പ്രകൃതി കൃഷിയുടെ നാലുചക്രങ്ങൾ ബീജമത്ര (വിത്തുപചരണത്തിന്), ജീവാമൃത (സൂക്ഷ്മജീവികളുടെ വർദ്ധനവിന്), ആച്ഛാദന (പുതയിടൽ), വാഫസ (മണ്ണിലെ വായുസഞ്ചാരം) എന്നിവയാണ്. മറ്റൊരു ഇടപെടലും പാടില്ല. ഫുക്കുവോക്കയുടെ പ്രകൃതികൃഷിയും പലേക്കറുടെ ചെലവില്ലാ പ്രകൃതികൃഷിയും തമ്മിൽ നല്ല സാമ്യവുമുണ്ട്. തെറ്റിദ്ധാരണാജനകവും അബദ്ധജഡിലവുമായ കാര്യങ്ങളാണ് പലേക്കറുടേത് എന്നറിയാൻ അദ്ദേഹത്തിന്റെ നാലുപുസ്തകങ്ങളിലൂടെ ഒന്നോടിച്ചു പോയാൽ മതി!

## ക്യൂബയിലെ ജൈവകൃഷി

ക്യൂബയിൽ ജൈവകൃഷി വിജയകരമായി കൊണ്ടാടുന്നുവെങ്കിൽ കേരളത്തിലെന്തുകൊണ്ട് പറ്റില്ലെന്നതാണ് ഒരു കുയുക്തി. കേരളത്തിന്റെ മൂന്നിരട്ടി വലിപ്പവും (1,10,922 ച.കി.മീ) മൂന്നിലൊന്നു മാത്രം ജനസംഖ്യയുമുള്ള (1.13 കോടി) ക്യൂബയെ എങ്ങനെയാണ് കേരളവുമായി താരതമ്യം ചെയ്യുക? ഒരു ച.കി.മീറ്ററിന് കേരളത്തിൽ 819 പേരുള്ളപ്പോൾ ക്യൂബയിൽ 102 പേരാണുള്ളത്. ഇത്രയും കുറഞ്ഞ ജനസാന്ദ്രതയുള്ള ഒരു രാജ്യത്തിന് ജൈവകൃഷിയല്ല പ്രകൃതികൃഷി ചെയ്താലും വലിയ കുഴപ്പമൊന്നും വരാൻ പോകുന്നില്ല. ക്യൂബയിൽ പൂർണ്ണമായും ജൈവകൃഷിയാണെന്ന വാദം തെറ്റുമാണ്. സോവിയറ്റ് യൂണിയൻ തകർന്നതോടെ അവിടെനിന്നും കിട്ടിയിരുന്ന രാസവളങ്ങൾക്കും കീടനാശിനികൾക്കുമൊക്കെ ക്ഷാമം നേരിട്ടപ്പോൾ അവർക്കതിനു ബദൽ അന്വേഷിക്കേണ്ടി വന്നു. പക്ഷെ, അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളും ജി.എം. വിളകളുമൊക്കെ ഉപയോഗിക്കുന്നുണ്ട്.

## പെട്രോളിയവും രാസവളങ്ങളും

മറ്റൊരു വാദം ഇങ്ങനെയാണ്: "ലോകത്താകെയുള്ള പെട്രോളിയം ശേഖരം അധികകാലത്തേക്കൊന്നുമില്ല. അതായത്, പെട്രോളിയം ഉൽപ്പന്നങ്ങളെ ആശ്രയിച്ചു നീങ്ങുന്ന രാസവള വ്യവസായം തകരാൻ പോകുകയാണ്. രാസവളങ്ങൾക്കു ബദൽ കണ്ടുപിടിച്ചേ മതിയാവൂ." ശുദ്ധ വിഡ്ഢിത്തമാണിത്. രാസവളങ്ങളിൽ നൈട്രജൻ വളങ്ങൾക്കു മാത്രമാണ് പെട്രോളിയം ഉൽപ്പന്നമായ നാഫ്തയെ ആശ്രയിക്കുന്നത്. അതുതന്നെ അമോണിയ ഉണ്ടാക്കുന്നതിനുള്ള ഹൈഡ്രജന്റെ ചെലവ് കുറഞ്ഞ ഒരു ഉറവിടമെന്ന നിലയിൽ (നൈട്രജൻ വായുവിൽനിന്നു തന്നെയാണ് ലഭിക്കുന്നത്).

ഹൈഡ്രജന് നാഫ്തയില്ലെങ്കിലും പ്രശ്നമില്ല. ഹൈഡ്രജൻ ലഭിക്കുന്ന മറ്റനേകം (വെള്ളമുൾപ്പെടെ) സ്രോതസ്സുകളുണ്ടല്ലോ? ചെലവ് കുറയ്ക്കാനുള്ള നടപടികളെടുത്താൽ മാത്രം മതി. പൊട്ടാഷ്, ഫോസ്ഫറസ് വളങ്ങൾക്കു ഇപ്പോൾ തന്നെ പെട്രോളിയവുമായി ബന്ധമില്ല. സംഗതികൾ ഇങ്ങനെയാണെങ്കിലും പെട്രോളിയവും രാസവളങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള തെറ്റായ പ്രചാരണം ഇപ്പോഴും തുടരുന്നു.

## പ്രശ്നങ്ങളിൽനിന്നുള്ള ഒളിച്ചോട്ടം

ചെറുകിട കർഷകർക്ക് കൃഷികൊണ്ട് മാത്രം ജീവിക്കാനാവുന്നില്ല. കൂടുതൽ കൂടുതൽ ആളുകൾ കൃഷി ഉപേക്ഷിച്ച് പോവുന്നു. കർഷകന്റെ യഥാർത്ഥ പ്രശ്നം ആഗോളവൽക്കരണ, ഉദാരവൽക്കരണ നയങ്ങളും വിപണിയുമാണെന്നിരിക്കെ ആധുനിക കൃഷിക്കെതിരെ സാധാരണ കർഷകരെ ഇളക്കിവിട്ട് ജൈവകൃഷിയുടെ പുകമറ സൃഷ്ടിക്കുകയാണ് ധനികരാഷ്ട്രങ്ങളും അവരുടെ പിണിയാളുകളും. ജൈവകൃഷിക്ക് വർദ്ധിച്ച പ്രചാരം കിട്ടിയിരിക്കുന്നത് 1990 കൾക്ക് ശേഷമാണെന്നത് യാദൃച്ഛികമല്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചു [illegible] ഹാ വലയ [illegible] കുന്ന ഇത്ത രം പ്രവണ ത കൾക്ക് പി ന്നി ൽ ആ ന്ത [illegible] ഗൂഢലക്ഷ്യങ്ങൾ ഉണ്ടെന്ന് സംശയിക്കണം. ആധുനിക കൃഷിയിലൂടെയും ഹരിതവിപ്ലവത്തിലൂടെയും ഭക്ഷ്യധാന്യ ഉത്പാദനം വർദ്ധിച്ചതുകൊണ്ട് ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളുടെ ആവാസശേഷി കൃത്രിമമായി കൂടി. പക്ഷെ, ഇങ്ങനെ കൃത്രിമമായി ആവാസശേഷി കൂടുന്നത് അവിടുത്തെ സ്വാഭാവിക വിഭവങ്ങളുടെ അടിത്തറ തകർക്കും. ഇത് ഭാവിയിൽ ഇപ്പോൾ സ്വാഭാവിക ആവാസശേഷിക്കുള്ളിൽ മാത്രം നിൽക്കുന്ന മുതലാളിത്ത രാജ്യങ്ങളെ ബാധിക്കും. ഉദാഹരണത്തിന്, ഇന്ത്യക്ക് ലോകത്തിന്റെ 2.4 ശതമാനം ഭൂഭാഗങ്ങളെയുള്ളൂ. പക്ഷെ, ലോകജനതയുടെ 17 ശതമാനവും കന്നുകാലികളുടെ 15 ശതമാനവും ഇവിടുണ്ട്. അതേസമയം യു.എസ്.എക്ക് 6.4 ശതമാനം ഭൂമിയും 5 ശതമാനം ജനങ്ങളുമാണുള്ളത്. ഒരുവിധം എല്ലാ മുതലാളിത്ത രാജ്യങ്ങളും ആവാസശേഷിക്കുള്ളിൽ തന്നെയാണ്. കൃത്രിമ ആവാസശേഷിയുമായി നിൽക്കുന്ന മൂന്നാം ലോകരാജ്യങ്ങളെ ഇവർ ഭയപ്പെടുന്നത് സ്വാഭാവികം മാത്രം.

## യഥാർത്ഥ ബദൽ

പരിസ്ഥിതിയെ പൂർണ്ണമായി അവഗണിച്ചുകൊണ്ട്

സുസ്ഥിരത നമുക്ക് കൈവരിക്കാനാവില്ല. വയലുകൾ നികത്തുക, ഏലകൾ, തോടുകൾ, കുളങ്ങൾ ഇവ നികത്തുക, കുന്ന് ഇടിച്ചു നിരത്തുക, കാണുന്നിടത്തൊക്കെ റബ്ബർ വെയ്ക്കുക, മാലിന്യങ്ങൾ വലിച്ചെറിഞ്ഞ് പരിസരം മാലിന്യക്കൂമ്പാരമാക്കുക തുടങ്ങിയ പരിപാടികളാണ് നാം ആദ്യം ഉപേക്ഷിക്കേണ്ടത്. റബ്ബറിന്റെ അതിദ്രുതവ്യാപനം നമ്മുടെ ജൈവവൈവിദ്ധ്യത്തെയാകെ തകർത്തുകൊണ്ടിരിക്കുന്നു. മണൽ വാരിവാരി മിക്ക നദികളും ഗുരുതരാവസ്ഥയിലാണ് നമ്മുടെ കാടുകളുടെ സംരക്ഷണമൊക്കെ കടലാസിൽ മാത്രമായി മാറുന്നു. ഇത്തരം തിന്മകൾക്കെതിരെയുള്ള ചെറുത്തുനില്പ് രൂക്ഷമാക്കാതെ രാസവളവും കീടനാശിനികളുമാണ് ഏറ്റവും വലിയ പ്രശ്നമെന്ന മട്ടിൽ അവതരിപ്പിച്ചുകൊണ്ടുള്ള പ്രചാരണം ഏതായാലും സാധാരണക്കാരനു വേണ്ടിയല്ല.

ആധുനിക വൈദ്യത്തിൽ പാർശ്വഫലങ്ങളുണ്ടാക്കുന്നതും നമ്മുടെ പാരമ്പര്യത്തിന് നിരക്കാത്തതുമായ പലതുമുണ്ടല്ലോ? അതുകൊണ്ട് നമ്മുടെ ആശുപത്രികളെല്ലാം ഘട്ടംഘട്ടമായി ആയുർവേദ ആശുപത്രികളാക്കി മാറ്റണമെന്ന് വാദിക്കാൻ കഴിയുമോ? ഇതുതന്നെയാണ് ആധുനിക കൃഷിയുടെയും ജൈവകൃഷിപോലുള്ള ബദലുകളുടെയും സ്ഥിതി.

ആധുനിക കൃഷി തീർച്ചയായും നിരവധി പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. പരിസ്ഥിതി തകർച്ച പോലുള്ള പ്രതിസന്ധികളെ നേരിടാൻ ആധുനിക ശാസ്ത്രം സുസ്ഥിരവികസനം എന്ന ആശയമാണ് മുമ്പോട്ടുവെയ്ക്കുന്നത്. ഭാവിതലമുറയുടെ വിഭവാടിത്തറ തകർക്കാത്ത തരത്തിലുള്ളതായിരിക്കണം വികസനനയം. സുസ്ഥിര കൃഷിമുറയുടെ ഭാഗമായി നല്ല കാർഷിക മുറകൾ (Good Agricultural Practices) പ്രചരിപ്പിക്കപ്പെടണം. ഇതിന് കർഷകരെ പ്രാപ്തരാക്കുകയാണ് നാം ചെയ്യേണ്ടത്. ഉത്പാദനക്ഷമത ഇനിയും വർധിപ്പിക്കുന്ന ഇനങ്ങളും കൃഷിരീതികളും ഉരുത്തിരിഞ്ഞുവരേണ്ടതുണ്ട്. നിലവിലുള്ള കൃഷിരീതികൾ സുസ്ഥിര വികസനത്തിന്റെ ഭാഗമാക്കി പരിസരദൂഷണം ഏറ്റവും കുറയ്ക്കുന്ന തരത്തിൽ പുനഃക്രമീകരിക്കണം.

രാസവളങ്ങളുടെയും കീടനാശിനികളുടെയും വില്പന, വിതരണം, ഉപയോഗം, സൂക്ഷിപ്പ് എന്നിവയിൽ ജാഗ്രത പാലിക്കുകയും മുന്നറിയിപ്പുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണം. രാസവസ്തുക്കളുടെ ഉപയോഗം ശുപാർശകൾ പ്രകാരം സമീകൃതമാക്കിയാൽ തന്നെ ഇവകൊണ്ടുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഗണ്യമായി കുറയും. ജൈവവളങ്ങളുടെയും ജൈവരീതികളുടെയും ഉപയോഗം പ്രോത്സാഹിപ്പിച്ച് സംയോജിത രീതികൾക്ക് പ്രചാരണം നല്കണം. അതായത് നല്ല കൃഷിരീതികൾ മാത്രം കർഷകർ അനുവർത്തിക്കുന്ന സ്ഥിതി വരണം. ഇതോടൊപ്പം ആവശ്യങ്ങൾ കുറച്ച് ലളിതജീവിതം നയിക്കണമെന്ന് ആഗ്രഹിക്കുന്നവർക്ക് ശുദ്ധമായി പ്രകൃതി കൃഷിയോ ജൈവകൃഷിയോ ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുകയും വേണം. കാപട്യങ്ങളിലും കപട ശാസ്ത്രങ്ങളിലും വീഴാതെ സുസ്ഥിരമായ രീതികളിലൂടെ മാത്രമേ കാർഷികാഭിവൃദ്ധി കൈവരിക്കാനാവൂ എന്നു നാം തിരിച്ചറിയണം.!!

# പെൺമനസ്സുകൾ വായിക്കുമ്പോൾ...



**ആഷ്‌ലി മാത്യൂസ്**
അരിസ്റ്റസ് 10

**വെ**ണ്ണെഴുത്തുകൾക്ക് മലയാളസാഹിത്യത്തിൽ തനതായ ഒരു വ്യക്തിത്വം ഉണ്ട്. മാധവിക്കുട്ടിയും ലളിതാംബിക അന്തർജ്ജനവും സാറാ ജോസഫും പി. വത്സലയും തുടങ്ങി പുതുതലമുറയിലും ശക്തരായ സ്ത്രീ എഴുത്തുകാർ ഉണ്ട്. സ്ത്രീ ജീവിതങ്ങൾ തന്മയത്വത്തോടെ എഴുതി അവതരിപ്പിക്കുന്നതിൽ ഇവരെല്ലാം തന്നെ നീതി പുലർത്തിയിട്ടുണ്ട്. നവോത്ഥാന കേരളത്തിന്റെ തുടക്കത്തിൽ ബ്രാഹ്മണസ്ത്രീകളുടെ നിശബ്ദനൊമ്പരങ്ങൾ ശക്തമായി പ്രതിഫലിപ്പിച്ച കഥയായിരുന്നു ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷി.

**നാല്പതു വർഷത്തോടടുക്കുന്ന തന്റെ സാഹിത്യ ജീവിതത്തിലെ വ്യത്യസ്ത കാലഘട്ടത്തിൽ രചിക്കപ്പെട്ട നാലു ലഘുനോവലുകളുടെ സമാഹാരമാണ് ഈ കൃതി.**

മാധവിക്കുട്ടിയുടെ കഥകൾ മലയാള സാഹിത്യമേഖലയിൽ ഒരു പുതിയ വഴിത്താര തന്നെ തുറന്നു. യാഥാസ്ഥിതികമായുണ്ടായിരുന്ന എഴുത്തിലെ അലിഖിത നിയമങ്ങൾ തിരുത്തിയെഴുതാൻ അവരുടെ തൂലികയ്ക്ക് ശക്തിയുണ്ടായി. അത്തരത്തിൽ സ്ത്രീ എഴുത്തുകാരിൽ പ്രമുഖയായ സാറാ തോമസിന്റെ നാലു ലഘുനോവലുകളുടെ സമാഹാരമായ 'പെൺമനസുകൾ' എന്ന കൃതിയാണ് ഇവിടെ പരാമർശിക്കാൻ ഉദ്ദേശിക്കുന്നത്. തണ്ണീർപന്തൽ, യാത്ര, ചിന്നമ്മു, കാവേരി നാലു ലഘുനോവലുകൾ വ്യത്യസ്ത വ്യക്തിത്വമുള്ള നാലു സ്ത്രീജീവിതങ്ങൾ തന്മയത്വത്തോടെ അവതരിപ്പിക്കുകയാണ് ഇതിൽ.



നാല്പതു വർഷത്തോടടുക്കുന്ന തന്റെ സാഹിത്യ ജീവിതത്തിലെ വ്യത്യസ്ത കാലഘട്ടത്തിൽ രചിക്കപ്പെട്ട നാലു ലഘുനോവലുകളുടെ സമാഹാരമാണ് ഈ കൃതി. വിഭിന്നമായ സ്വഭാവവിശേഷമുള്ള നാലു സ്ത്രീകൾ അവരുടെ പ്രത്യേകമായ സാഹചര്യത്തിൽ തന്റെ ഭാവനയിൽ ചെലുത്തിയ സ്വാധീനമാണ് തണ്ണീർപന്തൽ, യാത്ര, ചിന്നമ്മു, കാവേരി എന്നീ ലഘുനോവലുകളിലുള്ളത് എന്നാണ് ആമുഖത്തിൽ എഴുത്തുകാരി അവകാശപ്പെട്ടിരിക്കുന്നത്.

ആദ്യനോവലായ തണ്ണീർപന്തലിലെ നായിക മാലതി. അവഗണിക്കപ്പെട്ട സ്ത്രീത്വത്തിന്റെ നിശ്ശബ്ദനൊമ്പരങ്ങളിൽ തികച്ചുമൊരാകസ്മികതയിൽ അനുഭവിച്ച പ്രണയത്തിന്റെ തീക്ഷ്ണതയും മാധുര്യവും ഹൃദയത്തിൽ സൂക്ഷിക്കുന്നു. ശാസ്ത്രജ്ഞനായ ഭർത്താവ് ജയദേവന്റെ അവഗണനയും പേറി വിരസമായ ജീവിതം നയിക്കുന്ന മാലതി ഗവേഷണ ജോലികളിൽ ഭർത്താവിനെ നിശ്ശബ്ദം അനുഗമിക്കുന്നു. കരിങ്കുരങ്ങു



കളെപ്പറ്റിയുള്ള ഭർത്താവിന്റെ ഗവേഷണം: അവർ തമ്മിലുള്ള സംഭാഷണങ്ങൾ അവയെപ്പറ്റി മാത്രമാവുന്നു. കാടിന്റെ മൂകതയിൽ സ്വയം ഒതുങ്ങുന്ന മാലതി ആകസ്മികമായാണ് സന്തോഷിനെ പരിചയപ്പെടുന്നത്.

ഭർത്താവിന്റെ അധീശത്വത്തിന്റെയും അവഗണനയുടെയും ഇരുണ്ട ഇടനാഴികളിൽ തന്റെ സ്വത്വം നഷ്ടപ്പെടുന്നത് വേദനയോടെയാണെങ്കിലും മാലതി അംഗീകരിക്കുന്നു. സ്ത്രീമനസ്സ് കൊതിക്കുന്ന സ്നേഹവും കരുതലും ലഭിക്കുമ്പോൾ ജീവിതത്തിൽ പുതിയ പുലരികൾ വിടരുന്നത് മാലതിയിൽ വളരെ മാറ്റങ്ങൾ ഉണ്ടാക്കുന്നു. ഒടുവിൽ മനുഷ്യരോട് വളരെ സാമ്യമുണ്ടെന്ന തന്റെ അഭിപ്രായത്തെ ജയദേവൻ തിരിച്ചറിയുന്നു; മൃഗമായാലും കരിങ്കുരങ്ങുകൾക്ക് തന്റെ ഇണയാണ് ഏറ്റവും പ്രിയം എന്ന തിരിച്ചറിവ് അയാളെ തിരുത്തുന്നു. തന്റെ ആകസ്മിക പ്രണയം ഉപേക്ഷിക്കാനുള്ള ചങ്കുറ്റവും മാലതി കാണിക്കുന്നു.


യാത്ര എന്ന നോവലിൽ സ്നേഹത്തിന്റെ ഇനിയും നിർവ്വചിക്കപ്പെടാത്ത ഒരു ഭാവത്തെ വെളിപ്പെടുത്തുന്ന സിസ്റ്റർ ലൂസിയയാണ്. ബാല്യത്തിലേ അമ്മ നഷ്ടപ്പെട്ട ലൂസിയയുടെ പിതാവും ഭാര്യയുടെ മരണത്തോടെ ആകെ തകർന്നു. ബാല്യത്തിലും കൗമാരത്തിലും യൗവ്വനത്തിലും സ്നേഹത്തിനുവേണ്ടി കൊതിച്ച ലൂസിയക്ക് ലഭിച്ചത് ഏകാന്തതയുടെ ഭീകരതയാണ്. അതാണ് അവരെ സമപ്രായക്കാരിൽനിന്നും വേറിട്ട് സന്യാസജീവിതം തെരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചത്. വിടരുന്നതിനുമുമ്പ് ഇതൾ കൊഴിഞ്ഞ് ഞെട്ടടർന്ന പടുമലരുകൾക്കായി തന്റെ ജീവിതം ഉഴിഞ്ഞുവച്ചത്. വീട്ടിലേക്കുള്ള തന്റെ അവസാനയാത്രയിൽ ട്രെയിനിൽവച്ച് കണ്ടെത്തുന്ന പ്രിയ എന്ന കുഞ്ഞിനോട് തോന്നുന്ന മാതൃവാത്സല്യം കഥാകൃത്ത് അനായാസമായ ഭാവതീവ്രതയോടെയാണ് അവതരിപ്പിച്ചിരിക്കുന്നത്. പ്രിയയെന്ന അമ്മയില്ലാത്ത കുഞ്ഞിൽ സിസ്റ്റർ തന്റെ തന്നെ മുഖമാണ് കണ്ടത്.

ഒടുവിൽ യാത്രയുടെ അവസാനം പ്രിയയ്ക്കുവേണ്ടി റെയിൽവേസ്റ്റേഷനിൽ ഇറങ്ങുമ്പോൾ സുപ്രഭാതത്തിന്റെ ശംഖുനാദം എന്നാണ് പ്രതീകാത്മകമായി കഥാകാരി പറഞ്ഞുവച്ചത്. ട്രെയിൻ യാത്ര ജീവതയാത്രയോട് ഉപമിക്കുന്നത് സർവ്വസാധാരണമാണ്. തന്റെ ജീവിതയാത്രയിൽ അവിചാരിതമായി കണ്ടുമുട്ടിയ കുഞ്ഞിനോടുള്ള വാത്സല്യം. സ്ത്രീയുടെ ഉദാത്തഭാവമായ മാതൃവാത്സല്യം ആണ് കാണിക്കുന്നത്.

ചിന്നമ്മു എന്ന നോവലിൽ ഹൃദയത്തിൽ മുറിപ്പാടുകളും പേറി സ്നേഹവും ആത്മാർത്ഥതയും ജീവിതത്തിൽ പുലർത്തിയ ചിന്നമ്മു. നാഗരികജീവിതത്തിന്റെ അർത്ഥശൂന്യതയും നാട്ടുമ്പുറത്തുകാരുടെ നന്മയും സ്ഥിരം പ്രമേയമാണെങ്കിലും അവതരണശൈലിയിലെ വ്യത്യസ്തതകൊണ്ട് വായനക്കാർക്ക് മടുപ്പുളവാക്കുന്നില്ല. ജീവിതസായാഹ്നത്തിൽ നാട്ടിൻപുറത്തെ നന്മകളിലേക്ക് തിരിച്ചെത്തുന്ന രാജൻ തന്റെ കളിക്കൂട്ടുകാരിയുടെ മരണത്തിനും സാക്ഷിയാവുന്നു.


കാവേരി എന്ന കഥയിൽ പെൺകുഞ്ഞുങ്ങളെ സൂര്യവെളിച്ചം കാണിക്കാതെ വകവരുത്തുന്ന ഒരു സമുദായത്തിൽപ്പെട്ട നിസ്സഹായരായ സ്ത്രീകളുടെ ദൈന്യം ആണ് പ്രതിപാദിക്കുന്നത്.

ചുരുക്കത്തിൽ സ്ത്രീമനസ്സുകളുടെ വിശുദ്ധിയിലേക്കുള്ള ഒരു തീർത്ഥയാത്രയാണ് ഈ നോവലുകൾ... വിഭിന്നമായ സാഹചര്യമാണെങ്കിലും എല്ലാ കഥകളിലും സ്ഥായിയായ ഒരു ഭാവമായി കാണാൻ കഴിയുന്നത് സ്നേഹവും കരുതലും കൊതിക്കുന്ന സ്ത്രീത്വവും മാതൃവാത്സല്യവുമാണ്. നാർമടിപ്പുടവയും മുറിപ്പാടുകളും ഒക്കെ ഉടലെടുത്ത തൂലികയിൽനിന്ന് അത്രയൊന്നും ശക്തമല്ലാത്ത സ്ത്രീകഥാപാത്രങ്ങളാണ് ഇവയിൽ എന്നു പറയാം. വിശദമായ പ്രകൃതിവർണ്ണനയും ലളിതമായ ആഖ്യാനശൈലിയും കൃതിയെ ലളിതമാക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ടെന്നും പറയാം. കഥയിൽ ഒരു ഭാഗത്ത് പറയുന്നതുപോലെ മനസ്സിന് ആൺപെൺഭേദമുണ്ട് എന്ന് വ്യക്തമാക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്.


Complete Care for your Research needs...
BioKERALA
Authorised Distributor for few MNC's
&
Economical Indian Companies
PCR & Other Instruments
Reagents
Consumables
Teaching kits
Biocare
TC 10/1728(4), Sivashakti,
Manchadimoodu, Vattiyoorkavu P.O
Thiruvananthapuram - 695013, Kerala, India
Tel : +91 471 3191010, Mob : +91 9387881010
E-mail : biocare10@gmail.com
The Only firm which provides Expert for Onsite Project oriented Training Programs, Trouble Shooting and Product Based Training in Kerala

# കാളിയമർദ്ദനം






**ഡോ. സുരേഷ് കുമാർ**
പ്രൊഫസർ & ഹെഡ്
റേഡിയോ ട്രെസർ ലബോറട്ടറി


കാളിന്ദിപ്പുഴ കാളകൂട വിഷലിപ്ത-
ച്ചൂടിലാറാടിടും
ഘോരാഗ്നിക്കുയിരായിടും ഫണഗണം
പൊങ്ങുന്നു ശീൽക്കാരവും
തീരത്തും ജലജീവജാലമഖിലം
വേവും വിഷക്കാറ്റിനെ
പേടിക്കാതെ തടഞ്ഞിടാനിവിടെയിന്നാ-
രുണ്ടു കാണട്ടെ ഞാൻ!

അഹം കാളിയഭാവത്തി-
നായിരം പത്തി നീർത്തിയിന്ന്
തലയിൽക്കേറിയാടുന്നു
ലോകം ഭീതിയിൽ മാഴ്കവെ

പുൽക്കൊടിച്ചാർത്തു പൂവള്ളി-
യാറ്റിറമ്പിൽ കടമ്പുമു-
ണ്ടാഴിയിൽപല ജീവന്മാ-
രെല്ലാമെൻ വിഷധൂളിയിൽ
കരിഞ്ഞു ജീവനറ്റപോ-
ളമൃതാം ജലവും വിഷ-
ലിപ്തമാക്കിയഹങ്കാര-
ക്കോട്ടതീർത്തു തിമിർത്തു ഞാൻ

ലോകമെന്നെ ഭയക്കുന്നു
വിഷശക്തിയിലാർത്തു ഞാൻ
മദിച്ചുന്മത്തനല്പത്തി-
ജല താണ്ഡവമാടിനേൻ

കാൽച്ചിലമ്പു കിലുങ്ങുന്നു
കടമ്പിൻ കൊമ്പിലിമ്പമായ്
മുരളീരവമീണത്തിൽ
മധുഗീതം പൊഴിക്കയായ്

കാർമേഘം ജലസ്രോതസ്സാ-
യല്ലാ, ബ്രഹ്മാണ്ഡഭാരമായ്
കാളിന്ദിപ്പുഴയിൽ തീർത്തു
സുനാമിത്തിരമാലകൾ

ഞെട്ടിയോ ഞാനില്ലയില്ലെ-
ന്നെൻ മനസ്സിലുറയ്ക്കുവാൻ

വ്യർത്ഥ വ്യായാമത്തിന്നിടയ്ക്കു
കണ്ടു നിന്നുടെ പുഞ്ചിരി

പൊങ്ങിവന്നതു മദ്ധ്യാഹ്ന-
സൂര്യതേജസ്സുദിച്ചതോ
വാലാൽച്ചുറ്റിയടുപ്പിച്ചു
വിഷധൂളികൾ ചീറ്റി ഞാൻ
നീലമേനിയിലാകെ ഞാൻ
മുഴുക്കാപ്പായ്പ്പടർന്നുടൻ
വരിഞ്ഞു കെട്ടി വിഷപ്പല്ലാൽ
ക്കടിച്ചു കുടയുന്നിതാ

മുങ്ങിപ്പൊങ്ങിക്കളിക്കുന്നോ
എന്നോടോ നിന്റെ മത്സരം
വിഘ്നങ്ങളില്ലാതുടനെ-
യമലോകം ഗമിക്കുക

മായയോ സ്വപ്നമോയെന്റെ
കെട്ടു പൊട്ടിച്ചു ചാടിനാൻ
വാലിൻ തുമ്പിൽ പിടിച്ചിട്ടെൻ
ഫണത്തിൽച്ചാടിയാടിനാൻ

നൃത്തച്ചുവടു 'സാ' മട്ടിൽ
പതികാലത്തിലാടവെ
കിങ്ങിണി രവമായെന്റെ
കർണ്ണരന്ധ്രത്തിൽ മൂളിനാൻ

ദ്രുതതാളത്തിലാദ്യത്തെ-
പ്പത്തിയിൽച്ചുവടേൽക്കവേ
പ്രാണവേദനയോടെ ഞാ-
നമ്മേയെന്ന് വിളിച്ചുപോയ്

തല പൊക്കാനായ് ശ്രമം, പക്ഷേ-
യതിൻ മുൻപു ലഭിച്ചുപോൽ
അടുത്ത പത്തിയിൽത്തന്നെ
രണ്ടാംപാദ ചവിട്ടടി

താളം മുറുകി, നൃത്തത്തിൻ
ഭാവം മാറുന്നു, ഭീതിയാൽ
നിലയില്ലാക്കടലിൽ നീന്ത-
ലറിയാത്തോനായി മാറി ഞാൻ


ആയിരം ഫണമോരോന്നും
പൊങ്ങുന്നേരം ചവിട്ടടി-
യ്ക്കുള്ളിൽപ്പെട്ടുഴലുന്നേരം
ഛർദ്ദിച്ചു പാപഭാരവും

തലയ്ക്കകത്തഹങ്കാര-
ത്തോലിൽ ചെണ്ടയിൽ മേളവും
രൗദ്രതാളം തകർത്താടി
പത്തി താഴുന്നു മെല്ലവേ

ആയിരം തല ചുറ്റുമ്പോ-
ളതിൽപ്പെട്ടുഴറുന്നു ഞാൻ
എന്നഹംഭാവ രക്തത്തിൻ
വിഷം ഛർദ്ദിച്ചു വീണുപോയ്

ബോധം വന്നുണരും നേരം
കണ്ടു ഞാനെന്റെ കണ്ണനെ
പാദത്തിൽത്തലകൾ ചേർത്തു
തളർന്നു, പരിശുദ്ധനായ്

അഹവും ഭാവവും പോയോ-
രിഴജന്തുവതിൻ മനം
കുളിരിൻ കുഴൽ നാദത്തിൽ
വിലയിച്ചു മുദാബ്ധിയിൽ


Hykon®
Powering the Nation
Power failure..?
No problem...!
Call: 9946001629
Hykon
TUBULAR BATTERY
SINE PLUS HOME UPS
TUBULAR BATTERY
Switch on the Sun
All stainless steel ETC
Hykon
Powering the Nation
Huge Savings
on Electricity Bills
Call: 9846973736
SOLAR WATER HEATER
National Award 1997
Hykon India (P) Ltd, Hykon house, Thrissur - Ph: 0487 2444163
mail : mgrinv@hykonindia.com web : www.hykonindia.com
ISO 9001:2000

# തേയ്മാനം

അടിമുടി കണ്ണോടിച്ചുകൊണ്ട്
ഒരു വിടന്റെ ചിരിയോടെ അയാൾ പറഞ്ഞു
'വന്നപ്പോൾ നീയൊരു ചരക്കായിരുന്നു
ഇപ്പോ. ആ ഗ്ലേസിംഗെല്ലാം പോയി'
'ഒന്നൊന്നായ് വന്നുരയുന്ന കല്ലുകൾക്ക് തീരെമയമില്ല
ഉള്ളുകൊണ്ടും പുറംകൊണ്ടും
ചിലപ്പോഴെങ്കിലും ഞാനാശിച്ചു പോയിട്ടുണ്ട്
ഒന്നു പൊടിഞ്ഞിരുന്നെങ്കിൽ!
ഇല്ല... പൊടിയില്ല
തനി പാറയാ... കരിംപാറ
അതുകൊണ്ടാ തിടുക്കത്തിലീ മുരൾ:
പാഞ്ഞടുക്കുന്ന ലോറിക്കു കുറുകെ -
റോഡ് മുറിച്ചു കടക്കുന്ന
തുടുത്ത കവിളുള്ള 12-ാം ക്ലാസ്സുകാരിയെ നോക്കി
അവൾ പറഞ്ഞു





**മനീഷ് മോഹൻ**
സോപാനം' 05

## കാലഹരണപ്പെട്ട
## പുണ്യവാളര

മൂല്യങ്ങളുടെ കാവലാളുകളെ
മൂലധനത്തിന്റെ കയ്യാളന്മാർ
ഹരിച്ചു കളയും
അങ്ങനെയവർ
കാലഹരണപ്പെട്ടവരാകും

# അഭിമുഖം

വെല്ലുവിളികളെ ഉൾക്കൊണ്ടാണ് അവർ ജീവിതത്തിൽ ഓരോ നേട്ടവും ആടിത്തീർത്തത്. സാമ്പത്തികം പഠനത്തെ പാതിവഴിയിലുപേക്ഷിച്ചപ്പോഴും, കാലത്തിന്റെ ക്രൂരത ഭർത്താവിനെ തന്നിൽനിന്ന് പറിച്ചെടുത്തപ്പോഴും, ഉള്ളുപിളരാതെ മകന്റെ കൈയ്യും പിടിച്ച് ഒടുവിൽ താനൂർ ഗ്രാമപഞ്ചായത്തുകാർക്ക് അഭിമാനവും പ്രചോദനവുമായി അവർ, **'ലതാ രവീന്ദ്രൻ'**. കാർഷിക മേഖലയിലേക്കുള്ള കാൽവയ്പ്പ് പിന്നീട് എം.എസ്. സ്വാമിനാഥനെ പരിചയപ്പെടുത്തി. ദൃഢമായ ആത്മവിശ്വാസം ഇന്നു കൃഷിക്കുവേണ്ട എല്ലാ മെഷീനറികളും ഉപയോഗിക്കുവാനും പ്രവർത്തിപ്പിക്കുവാനും കഴിവുള്ള ഒരു കാർഷിക പ്രതിഭയെ നമുക്കു സമ്മാനിച്ചു. അറിയാം ഇനി **ലതാ രവീന്ദ്രനെക്കുറിച്ച്...**



Q.) *സാധാരണ ജനങ്ങൾ കടന്നുവരാൻ മടിക്കുന്ന ഒരു മേഖലയാണ് കാർഷിക മേഖല. എന്നാൽ ഈ രംഗത്തേക്ക് സ്ത്രീയെന്ന പരിമിതികൾ മറികടന്ന്, ഭൂരിഭാഗം പേർക്കും അറിവില്ലാത്ത യന്ത്രവൽക്കരണംപോലുള്ള നൂതന കാർഷികസംരംഭങ്ങൾ തൊഴിലാക്കി മാറ്റാൻ കാരണം എന്താണ്? അതിനുള്ള തുടക്കവും പ്രചോദനവും എങ്ങനെയായിരുന്നു?*

തുടക്കം കുടുംബശ്രീ വഴിയായിരുന്നു. കുടുംബശ്രീ വക അന്ന് സ്വയം തൊഴിലിന് പരിശീലനങ്ങൾ ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ കാർഷിക സർവ്വകലാശാലയിൽ കാർഷികയന്ത്രങ്ങളുടെ പരിശീലനം നടക്കുന്നുണ്ടെന്ന് അറിയാനിടയായി. 2002 നവംബർ 27 - ഡിസംബർ 24 വരെ ജയകുമാർ സാറിന്റെ കീഴിൽ പരിശീലനം ലഭിച്ചു. അപ്പോഴും ഇതൊരു തൊഴിലായി മാറ്റണമെന്ന് ഉദ്ദേശിച്ചിരുന്നില്ല. പിന്നീട് ഈ രംഗത്ത് താല്പര്യം തോന്നി ഇതിൽ തന്നെ ഉറച്ചു നില്ക്കുകയായിരുന്നു.

Q.) *പരിശീലനസമയത്ത് സ്ത്രീയെന്ന രീതിയിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടോ?*

പറയത്തക്കതായി ഒന്നുമില്ല. ഞങ്ങൾ 10 പേരാണ് training ന് പോയത്. അതിൽ ഞാനും വേറൊരു സ്ത്രീയുമൊഴികെ ബാക്കിയുള്ളവരെല്ലാം 50 വയസ്സിന് മേലെ പ്രായമുള്ളവരായിരുന്നു. അതുകൊണ്ട് എല്ലാം പഠിച്ച് മനസ്സിലാക്കാൻ കുറച്ചു കൂടുതൽ സമയമെടുത്തു. പിന്നെ കൂടെയുള്ളവരെല്ലാം ആദ്യം ചെളിയിൽ ഇറങ്ങാൻ സന്നദ്ധരായിരുന്നി

ല്ല. ഭാഷയും ഒരു പ്രശ്നമായിരുന്നു. കർണ്ണാടകയിൽനിന്ന് training ന് ക്ലാസെടുക്കാൻ വന്നവരുടെ ഭാഷ പലപ്പോഴും തർജ്ജമ ചെയ്ത് തന്നത് ജയകുമാർ സാർ ആയിരുന്നു.



**Q.)** ***സ്ത്രീ ശാക്തീകരണത്തിനും കാർഷിക മേഖലയ്ക്കും സർക്കാരിന്റെ വക വളരെയധികം ഊന്നൽ നൽകുന്ന ഒരു കാലഘട്ടമാണിതെന്ന് അറിയാമല്ലോ. ആ നിലയ്ക്ക് കാർഷികമേഖലയിൽ ഇതുപോലുള്ള പരിശീലന പരിപാടികളിൽ പങ്കെടുത്തപ്പോഴും പിന്നീടുള്ള പ്രവർത്തനങ്ങൾക്കും സർക്കാറിന്റേയോ അതുമായി ബന്ധപ്പെട്ട അധികാരികളുടെയോ സഹായം ലഭിച്ചിട്ടുണ്ടോ?***

ഞങ്ങളുടെ തോളൂർ ഗ്രാമപഞ്ചായത്ത് അധികാരികൾ തികച്ചും നിസ്തുലമായി ഞങ്ങളോട് സഹകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഞങ്ങൾ 10 സ്ത്രീകൾ training ന് പോയിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ തന്നെ 5 ഏക്കർ സ്ഥലം പരിശീലനത്തിനായി തന്നു. അതൊരു വിജയമായപ്പോൾ പാടശേഖരസമിതിയുടെ ഫണ്ട് ഉപയോഗിച്ച് മെഷീൻ എടുത്തു തന്നു. ഞങ്ങളുടെ ഗ്രൂപ്പിൽ ഉള്ള പട്ടികജാതി വനിതകളുടെ ക്വാട്ടയിലും ഒരു വണ്ടി ലഭിച്ചു.

**Q.)** ***പരിശീലന പരിപാടിയിൽ മറക്കാനാവാത്ത എന്തെങ്കിലും അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടോ? പരിശീലനത്തിനു ശേഷം സ്വന്തമായി പ്രവർത്തനങ്ങൾ തുടങ്ങിയപ്പോൾ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നിട്ടുണ്ടോ?***

ചെയ്ത പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ഏറ്റവും നല്ല ഗ്രൂപ്പിനുള്ള അവാർഡ് അന്നത്തെ Thrissur District Collector ശ്രീ ഗോപാലകൃഷ്ണ അയ്യരുടെ കയ്യിൽനിന്നും certificate ലഭിച്ചു. അത് ഒരു മറക്കാനാവാത്ത അനുഭവമായിരുന്നു.

സ്വന്തമായി പ്രവർത്തനങ്ങൾ തുടങ്ങിയപ്പോഴാണ് പ്രായോഗിക ബുദ്ധിമുട്ടുകൾ അറിയാൻ തുടങ്ങിയത്. സർവ്വകലാശാലയിൽനിന്ന് ഓടിക്കാൻ മാത്രമേ training തന്നുള്ളൂ. Mechanism തീരെ പഠിപ്പിച്ചിട്ടുണ്ടായിരുന്നില്ല. വർക്ക് ചെയ്യുന്ന സമയത്ത് മെഷീൻ നിന്നുപോവുകയോ ശരിയായി പ്രവർത്തിച്ചില്ലെങ്കിലോ എന്ത് ചെയ്യുമെന്ന് അറിയാത്ത അവസ്ഥയായിരുന്നു ആദ്യം.

**Q.)** ***ഇങ്ങനെയൊരു പ്രവർത്തനത്തിനിറങ്ങിയപ്പോൾ കുടുംബത്തിന്റെയോ സമൂഹത്തിന്റെയോ ഏതെങ്കിലും തരത്തിലുള്ള പിന്തിരിപ്പൻ സമീപനം ഉണ്ടായിട്ടുണ്ടോ?***

കുടുംബത്തിലാരും ഇതുവരെ ഒരെതിർപ്പും പറഞ്ഞില്ല. എപ്പോഴും പിന്തുണച്ചിരുന്നു. എന്നാൽ ബാക്കിയുള്ളവർക്കെല്ലാം പുച്ഛമായിരുന്നു. കൂടാതെ സ്ത്രീയായതിനാലും പല എതിർപ്പുകളും ഉണ്ടായിട്ടുണ്ട്. പക്ഷേ ഇപ്പോൾ എല്ലാവരും ഇതൊരു വൻവിജയമാണെന്ന് അറിഞ്ഞപ്പോൾ അളവറ്റ പ്രോത്സാഹനം തരുന്നുണ്ട്.

**എന്നാൽ ബാക്കിയുള്ളവർക്കെല്ലാം പുച്ഛമായിരുന്നു. കൂടാതെ സ്ത്രീയായതിനാലും പല എതിർപ്പുകളും ഉണ്ടായിട്ടുണ്ട്. പക്ഷേ ഇപ്പോൾ എല്ലാവരും ഇതൊരു വൻവിജയമാണെന്ന് അറിഞ്ഞപ്പോൾ അളവറ്റ പ്രോത്സാഹനം തരുന്നുണ്ട്.**

**Q.)** ***കാർഷികമേഖലയിൽ എല്ലാവരും വളരെയധികം ഭയക്കുന്ന ഒരു കാര്യമാണ് സാമ്പത്തികനഷ്ടം. ഇതിൽ ഇറങ്ങിയതുമൂലം സാമ്പത്തികമായി നഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടോ?***

നഷ്ടങ്ങളുടെ ഒരു കുമ്പാരമായിരുന്നു ആദ്യ 3 വർഷം. ആത്മഹത്യയുടെ വക്കുവരെ എത്തിയതാണ്. കൂടെയുള്ളവർക്കെല്ലാം ഈ സത്യം അറിയാം.

Q.) *നിങ്ങളുടെ ഗ്രൂപ്പിൽ ഉള്ളവർക്ക് എങ്ങനെയാണ് ശമ്പളം?*

നിശ്ചിതമായി ശമ്പളമുണ്ട്. ആദ്യമൊക്കെ ഒരു ദിവസം പണിയെടുത്താൽ ഒരു സ്ത്രീക്ക് നല്കിയിരുന്നത് 75 രൂപയായിരുന്നു. എന്നാൽ ഇപ്പോൾ ഒരു സ്ത്രീക്ക് 300 രൂപയും പുരുഷന് 500 രൂപയും കൊടുക്കുന്നുണ്ട്. 25-ഓളം കുടുംബങ്ങൾ ഗ്രൂപ്പിനെ ആശ്രയിച്ച് ഇന്ന് ജീവിക്കുന്നുണ്ട്.

Q.) *നഷ്ടത്തിൽനിന്ന് ലാഭത്തിലേക്ക് എത്തിയ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളെ എങ്ങനെ നോക്കിക്കാണുന്നു? ഗ്രൂപ്പിന്റെ ഇപ്പോഴത്തെ സ്ഥിതി എങ്ങനെയാണ്? പ്രവർത്തനങ്ങൾക്കു ശേഷമുള്ള ലാഭവിഹിതം എങ്ങനെയാണ് പങ്ക് വയ്ക്കുന്നത്?*



എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളാണ് വിജയരഹസ്യം. ഇപ്പോൾ ഞങ്ങളുടെ പക്കൽ മൊത്തം 6 മെഷീനുകളുണ്ട്. അതിലൂടെ നല്ല ലാഭം കിട്ടി. ആ വർഷം തന്നെ 2 മെഷീനുകളെടുത്തു എല്ലാവർക്കും ശമ്പളം നൽകിയതിനുശേഷമുള്ള തുക ബാങ്കിൽ Joint account ൽ നിക്ഷേപിക്കും. അതുപയോഗിച്ചാണ് പുതിയത് എല്ലാം വാങ്ങുന്നത്. അല്ലാതെ ലാഭവിഹിതം ആരും പങ്കുവയ്ക്കുന്നില്ല.

Q.) *ജൈവകൃഷിരീതികളെപ്പറ്റിയും രാസവള കൃഷിരീതികളെപ്പറ്റിയും കേട്ടിട്ടുണ്ടല്ലോ? ഏതാണ് കൂടുതലായും ഇവിടെ പിന്തുടരുന്നത്?*

ഞാൻ രണ്ടും ചെയ്യാറുണ്ട്. ജൈവകൃഷിരീതി ഉപയോഗിച്ച് പാവയ്ക്ക, പടവലം, ചീര, വെണ്ട, വഴുതന എല്ലാം കൃഷി ചെയ്തു. ടൗണിൽ ജൈവകൃഷി ചെയ്ത പച്ചക്കറികൾക്ക് മാത്രം പ്രത്യേക മാർക്കറ്റ് ഉണ്ട്. സാധാരണ രാസവളകൃഷിയിൽനിന്ന് ലഭിക്കുന്നതിനെക്കാളും ലാഭം കിട്ടി. ഇന്ന് ജൈവകൃഷിയോട് താല്പര്യമുള്ളവരുടെ എണ്ണം കൂടിവരുന്നുണ്ട്.

Q.) *ജൈവവളകൃഷി ചെയ്യുമ്പോൾ കീടങ്ങളെ അകറ്റാൻ എന്ത് ചെയ്തു? ഇതിൽ വ്യക്തമായ പരിശീലനം ലഭിച്ചിട്ടുണ്ടോ?*

ജൈവവള കൃഷിയിൽ പരിശീലനങ്ങളൊന്നും ലഭിച്ചിട്ടില്ല. കൃഷി ഓഫീസറോട് സഹായങ്ങളൊക്കെ ചോദിക്കാറുണ്ട്. പുകയിലക്കഷായവും വേപ്പിൻ പിണ്ണാക്കും Insect trap കളുമൊക്കെ ഉപയോഗിക്കുന്നുണ്ട്.

> എല്ലാവരുടെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളാണ് വിജയരഹസ്യം.

Q.) *ഭാവിയിലേക്ക് കൃഷിയിൽ നൂതന ആശയങ്ങളോ സംരംഭങ്ങളോ മനസ്സിലുണ്ടോ? ഗ്രൂപ്പിന്റെ അടുത്ത പ്രവർത്തനങ്ങൾ മുൻകൂട്ടി കണ്ടിട്ടുണ്ടോ?*

ഇപ്പോൾ ഞങ്ങളെപ്പോലെ ധാരാളം ഗ്രൂപ്പുകൾ ദിനംപ്രതി വരുന്നുണ്ട്. ഇനിയുള്ള കാലം തീർച്ചയായും വർക്കുകൾ കുറയും. അതിനാൽ ട്രാക്റ്റർ പോലുള്ള കുറച്ചു മെഷീനറികളും കൂടെ മേടിച്ച് വരമ്പുവെയ്ക്കൽ, ഉഴുകൽ, മരുന്നടിക്കൽ തുടങ്ങി ഒരു കൃഷിഭൂമിയിലേക്ക് വേണ്ട എല്ലാ വർക്കുകളും ചെയ്തു കൊടുക്കാൻ പ്ലാന് ഇടുന്നുണ്ട്. ഗ്രൂപ്പിന്റെ എല്ലാ പ്രവർത്തനങ്ങളും മുൻകൂട്ടി കണ്ടിട്ടുള്ളതു തന്നെയാണ് ഒരു പെട്ടിവണ്ടിയും ട്രാക്റ്റർ മേടിക്കലുമാണ് അടുത്ത രണ്ട് ലക്ഷ്യങ്ങൾ.

Q.) *ഒരാൾ വർക്കിനു വിളിച്ചാൽ ഗ്രൂപ്പിന് എങ്ങനെയാണ് പ്രതിഫലം തരുന്നത് വാടക നിശ്ചയിക്കുന്നത് നിങ്ങൾ തന്നെയാണോ? ഒരു ദിവസംകൊണ്ട് എത്ര കൃഷി ഭൂമി വരെ വർക്ക് ചെയ്യാൻ കഴിയും.?*

ആദ്യമൊക്കെ ഏക്കറിന് 1500 രൂപയായിരുന്നു. എന്നാൽ ഇപ്പോൾ 3000 രൂപയാണ്. വാടക നിശ്ചയിക്കുന്നത് ജയകുമാർസാർതന്നെയാണ്. ഏകദേശം 5 ഏക്കറോളം കൃഷിഭൂമി ഒരു ദിവസംകൊണ്ട് വർക്ക് ചെയ്യാൻ കഴിയും.

**Q.)** ***ഒരു കർഷകന്റെ ബുദ്ധിമുട്ടുകളും അതിനേക്കാളുപരി ഒരു സ്ത്രീയുടെ പരിമിതികളും എല്ലാം നേരിട്ടനുഭവിച്ച ഒരു വ്യക്തിയാണല്ലോ താങ്കൾ. ആ നിലയ്ക്ക് ഇതുപോലെ മറ്റുള്ളവരെയും ഈ രംഗത്തേക്ക് കൊണ്ടുവരുന്നതിൽ താങ്കൾ ഏതെങ്കിലും തരത്തിൽ മുൻകൈ എടുത്തിട്ടുണ്ടോ?***

ഉണ്ട്. വളരെയധികം പേരെ ഈ രംഗത്തേക്ക് കൊണ്ടുവരാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നു. Green army പോലുള്ള പല കാർഷിക സംരംഭങ്ങളിലും എന്റെ ഫീൽഡിലും വളരെയധികം പേർക്ക് ഞാൻ training കൊടുത്തിട്ടുണ്ട്. ട്രെയിനിംഗിന് ശേഷം എല്ലാവർക്കും പാരിതോഷികം കൂടി നല്കിയെ വിട്ടിട്ടുള്ളൂ. ഞങ്ങൾ സ്ത്രീകൾ ഈ രംഗത്തേക്ക് ഇറങ്ങിയതിനുശേഷം പ്രചോദനം ഉൾക്കൊണ്ട് മുല്ലശ്ശേരി, എലപ്പുള്ളി തുടങ്ങി പല സ്ഥലത്തുനിന്നും ഒരുപാട് സ്ത്രീകൾ ഈ രംഗത്തേക്ക് എത്തിയിട്ടുണ്ട്.



*തയ്യാറാക്കിയത്: സുശാന്ത്, അശ്വതി, അരുൺ, സുംമ്പുല, മിൽഷ, ബാലചന്ദ്രൻ, ഷഫ്ന*

# സർവ്വേ



കർഷക ആത്മഹത്യകൾ അനുദിനം വർധിച്ചു വരുന്ന ഈ സാഹചര്യത്തിൽ താഴെക്കൊടുത്തിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് അനുകൂലവും പ്രതികൂലവുമായ എല്ലാ വശങ്ങളും വരത്തക്കവണ്ണം വിവിധ ഡിപ്പാർട്ട്മെന്റ് തലത്തിൽ മാഗസിൻ കമ്മിറ്റി നടത്തിയ അഭിപ്രായ സർവ്വേയുടെ സംക്ഷിപ്ത രൂപമാണ് താഴെ കൊടുത്തിരിക്കുന്നത്.

**വിഷയം:** *വൈവിധ്യമാർന്ന വിളകളാലും കാർഷിക സമ്പ്രദായങ്ങളാലും സമ്പന്നമാണു നമ്മുടെ നാട്. അനുകൂല കാലാവസ്ഥ ഇതു സാധ്യമാക്കി. എന്നാൽ ഇന്നു നമ്മുടെ കാർഷികമേഖല തകർച്ചയുടെ വക്കിലെത്തി നിൽക്കുകയാണ്. കർഷക ആത്മഹത്യകൾ അനുദിനം വർധിച്ചു വരുന്നു. ഈ സാഹചര്യത്തിൽ കാർഷിക കേരളം നേരിടുന്ന പ്രതിസന്ധിയുടെ കാരണങ്ങളായി താങ്കൾ ചൂണ്ടിക്കാണിക്കുന്നതെന്തൊക്കെയാണ്?*

*ഈ പ്രശ്നത്തിൽ കാർഷിക സർവ്വകലാശാലയുടെ ഭാഗത്തുനിന്നു ഫലപ്രദമായ ഇടപെടൽ ഉണ്ടാകുന്നതിനു കാരണമെന്താണ്?*

*ഈ പ്രതിസന്ധി തരണം ചെയ്യാനായി താങ്കൾ പൊതുവെയും ഡിപ്പാർട്ടുമെന്റുതലത്തിലും മുന്നോട്ടു വയ്ക്കുന്ന പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയാണ്?*

## സോയിൽ സയൻസ് & അഗ്രി. കെമിസ്ട്രി വിഭാഗം

### കർഷക ആത്മഹത്യയുടെ പ്രധാന കാരണങ്ങൾ

- ഒരളവുവരെ ആത്മഹത്യാപ്രവണതകൾ കൂടുതലും കർഷക തൊഴിലാളികൾ, കൃഷിയിൽ രുചി കുറഞ്ഞ കർഷകർ എന്നിവരിലാണ്.
- ഉപഭോഗ വസ്തുക്കളോടും ആഡംബര വസ്തുക്കളോടുമുള്ള അമിതമായ ആഭിമുഖ്യം കടമെടുക്കാൻ പ്രേരിപ്പിക്കുന്നു.
- കാർഷിക വിളകളുടെ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ആഘാതം മാത്രമേ വരുന്നുള്ളൂ.

### കാർഷിക പ്രതിസന്ധിക്കുള്ള കാരണങ്ങൾ

1. കാർഷികോല്പന്നങ്ങളുടെ വിലയിൽ പെട്ടെന്നുണ്ടാകുന്ന ഏറ്റക്കുറച്ചിൽ.
2. തൊഴിലാളിക്ഷാമം.
3. ക്രമാതീതമായ കൃഷിച്ചെലവ്.
4. കാലാവസ്ഥാവ്യതിയാനങ്ങൾ വരുത്തിത്തീർക്കുന്ന ബുദ്ധിമുട്ടുകൾ.
5. ചെറിയ കൃഷിയിടങ്ങളിൽ യന്ത്രസാമഗ്രികൾ ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥ
6. വിപണി ദൗർലഭ്യം.

### പരിഹാരമാർഗ്ഗങ്ങൾ

1. കാർഷിക ഉല്പന്നങ്ങൾക്ക് താങ്ങുവില പ്രഖ്യാപിക്കുക.
2. സർക്കാരിന്റെ നേരിട്ടുള്ള ഇടപെടൽ വിപണിയിൽ ലഭ്യമാക്കുക. കൃഷിക്കാരുടെ താല്പര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കത്തക്കവിധം വിപണി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
3. കാർഷിക ആവശ്യങ്ങൾക്ക് മാത്രമായി ദേശസാത്കൃത ബാങ്കുകളിൽനിന്നും സഹകരണ മേഖലയിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പകൾ അനുവദിക്കുക. തിരിച്ചടവ് സാധ്യതകൾ മുൻകൂട്ടി കാണുന്നതിനു ബാങ്ക് ഉദ്യോഗസ്ഥർ കൃഷിവകുപ്പുദ്യോഗസ്ഥരുടെ സേവനം പ്രയോജനപ്പെടുത്തണം.
4. മൂല്യവർദ്ധിത ഉല്പന്നങ്ങൾ കർഷകർ തന്നെ ഉണ്ടാക്കുന്ന രീതിക്ക് പ്രാമുഖ്യം നൽകുക.
5. ഭാഗ്യം സബ്സിഡി പുനഃസ്ഥാപിക്കുക. സബ്സിഡി കാർഷികോല്പന്നങ്ങളുടെ വിളവിന്റെ അടിസ്ഥാനത്തിൽ നല്കിയാൽ നല്ല കർഷകർക്ക് പ്രയോജനമാകും.
6. സർട്ടിഫിക്കേഷനോടു കൂടിയ ജൈവ ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കുക. അവ കൂടുതൽ വില നൽകി വാങ്ങാൻ ഉപഭോക്താക്കൾ തയ്യാറാണ്.
7. കൃഷിച്ചെലവ് പരമാവധി കുറയ്ക്കാൻ കൃഷിശാസ്ത്രജ്ഞരും കൃഷിവകുപ്പ് ഉദ്യോഗസ്ഥരും കർഷകരെ പരിശീലിപ്പിക്കുക.

### കാർഷിക സർവ്വകലാശാലയുടെ ഭാഗത്തുനിന്നുണ്ടാകേണ്ട ഇടപെടൽ

1. നമ്മുടെ ഫാമുകളിലും കോളേജുകളിലും നടക്കുന്ന ഗവേഷണഫലങ്ങൾ ഫലപ്രദമായ രീതിയിൽ കർഷകരിലെത്തിക്കുവാൻ കൃഷി വകുപ്പുമായി സഹകരിച്ചു പ്രവർത്തിക്കണം.
2. സർവ്വകലാശാല ഫാമുകളിലെ കൃഷിരീതി കർഷകരെ പരിചയപ്പെടുത്തണം.
3. വളവും കീടനാശിനിയും ആവശ്യത്തിനു മാത്രം ഉപയോഗിക്കാൻ പ്രേരിപ്പിക്കണം. കർഷകരുമായി ചേർന്നുള്ള പങ്കാളിത്ത ഗവേഷണ പ്രവർത്തനങ്ങൾക്ക് സർവ്വകലാശാല കൂടുതൽ പ്രാമുഖ്യം നൽകണം.
4. വിപണിയിലെ ഏറ്റക്കുറച്ചിൽ പ്രവചിക്കാൻ സർവ്വകലാശാലയിൽ ഒരു സ്ഥിര സംവിധാനം വേണം. ഭരണതല

ടന വിഭാവനം ചെയ്യുന്ന രീതിയിൽ കാർഷിക വിപണിയിലെ ഏറ്റക്കുറച്ചിൽ ഇല്ലാതാക്കാൻ സർക്കാർതല ശാശ്വത പരിഹാരം ഉണ്ടാക്കണം.

### ഡിപ്പാർട്ട്മെന്റ് ഓഫ് സോയിൽ സയൻസിന്റെ പ്രസക്തി

1. നമ്മുടെ മണ്ണിനങ്ങളുടെ വളക്കൂറ് കൃഷിക്കാരെ ബോദ്ധ്യപ്പെടുത്തുക.
2. സംയോജിത കൃഷിരീതിയിൽ ജൈവവളങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുക. ജൈവമാലിന്യങ്ങളുടെ പുനഃചംക്രമണത്തിന് ഊന്നൽ നൽകി കൃഷിയിടങ്ങളിൽ തന്നെ വളമുണ്ടാക്കാൻ കർഷകരെ പരിശീലിപ്പിക്കുക.
3. കർഷകർ ഉപയോഗിക്കുന്ന ജൈവവളങ്ങളുടെ മൂല്യം നിർണ്ണയിച്ചുകൊടുക്കുവാൻ ഒരു സ്ഥിരസംവിധാനം ഏർപ്പെടുത്തി ഈ മേഖലയിലെ കള്ളത്തരങ്ങളെ പുറത്തുകൊണ്ടുവരിക.
4. കർഷകരുമായിച്ചേർന്ന് കാർഷിക രസതന്ത്രമേഖലയിൽ കൂടുതൽ പങ്കാളിത്ത ഗവേഷണങ്ങൾ നടത്തുക.

### അഗ്രി. എന്റമോളജി വിഭാഗം

കൃഷിക്കാർ നേരിടുന്ന പലവിധത്തിലുള്ള പ്രശ്നങ്ങളാണ് കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്നത്. കൃഷിയുടെ പരാജയം മാത്രം ആയിരിക്കുകയല്ല മറിച്ച് മറ്റ് സാമൂഹിക പ്രശ്നങ്ങളും ഇതിന്റെ പിന്നിൽ ഉണ്ടാകാം. യഥാർത്ഥ കാരണം ശരിയായി അപഗ്രഥിക്കാതെ. കർഷക ആത്മഹത്യയുടെ കാരണം കൃഷിശാസ്ത്ര-സാങ്കേതികവിദ്യയുടെ പോരായ്മയാണെന്നാണ് പലപ്പോഴും വ്യാഖ്യാനിക്കപ്പെടുന്നത്. വരവനുസരിച്ച് ചിലവ് എന്ന തത്വം മറന്നിട്ടുള്ള ഒരു ഉപഭോഗസംസ്കാരമാണ് ഇന്ന് കണ്ടുവരുന്നത്. ഇതും ഒരു പ്രധാന കാരണമാണ്.

കൃഷി ചെയ്തു മാത്രം ജീവിക്കുന്ന കർഷകർ നേരിടുന്ന നിരവധി പ്രശ്നങ്ങളുണ്ട് വർദ്ധിച്ചുവരുന്ന കൃഷി ചെലവിന് ആനുപാതികമായിട്ട് വിളവിൽ വർദ്ധനവുണ്ടാകുന്നില്ല, വിള ഉല്പന്നത്തിന് നല്ല വില ലഭിക്കാനുള്ള വിപണനസംവിധാനമില്ല. തന്മൂലം ഉല്പന്നങ്ങൾ നഷ്ടത്തിൽ വിപണനം ചെയ്യേണ്ട അവസ്ഥ, തൊഴിലാളികളുടെ ദൗർലഭ്യം, അവർക്ക് നൽകേണ്ടിവരുന്ന വർദ്ധിച്ച വേതനം തുടങ്ങിയ അനവധി പ്രശ്നങ്ങൾ കൃഷിക്കാർ അഭിമുഖീകരിക്കുന്നുണ്ട്

### പരിഹാര നിർദ്ദേശങ്ങൾ

1. നൂതന സാങ്കേതിക കൃഷിരീതികളും സസ്യസംരക്ഷണ മാർഗ്ഗങ്ങളും അവലംബിച്ച് ശാസ്ത്രീയ രീതിയിൽ കൃഷി ചെയ്യാൻ പ്രേരണയും സഹായവും നല്കുക.
2. കീടരോഗ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായി സഞ്ചരിക്കുന്ന അഗ്രോ ക്ലിനിക്കുകൾ എല്ലാ പഞ്ചായത്തുകളിലും സ്ഥാപിക്കുക.
3. കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി ലഭ്യമാക്കാനുള്ള സംവിധാനം സർക്കാർ ഉണ്ടാക്കുക
4. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ഉല്പന്നങ്ങളുടെ വരവ് നിയന്ത്രിക്കുകയും ഇവിടുത്തെ ഉല്പാദനത്തിന് നല്ല വില ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
5. കൃഷിക്കാരുടെ പ്രശ്നങ്ങൾ കേൾക്കാനും യഥാസമയം പരിഹരിക്കപ്പെടാനുള്ള ഒരു multi departmental സംവിധാനം ജില്ലാതലത്തിൽ രൂപീകരിക്കുക.

### അഗ്രി. മൈക്രോബയോളജി വിഭാഗം

1. **പ്രതിസന്ധിയുടെ കാരണങ്ങൾ**
   a. ജലദൗർലഭ്യവും ജലസേചനസൗകര്യക്കുറവും:
   വയനാടു ജില്ലയിൽ ലഭിക്കുന്ന മഴയിൽ ഭൂരിഭാഗവും കർണ്ണാടകത്തിലേക്ക് കബനീനദി വഴി തിരിച്ചുവിടുന്നു. ഇതുമൂലം ജലദൗർലഭ്യം അനുഭവപ്പെടുന്നു
   b. കാലാവസ്ഥയിലുണ്ടായ വ്യതിയാനം:
   ഉദാഹരണത്തിന് കാപ്പിച്ചെടി പൂവിട്ട് പൂവിന്റെ ദളങ്ങൾ കരിയുന്ന സമയം മഴ ലഭിക്കുന്നില്ല. ഇത് കാപ്പിയുടെ വിളവിനെ സാരമായി ബാധിക്കുന്നു.
   c. വിള ഇൻഷുറൻസ് എല്ലാ വിളകൾക്കും ബാധകമാക്കിയിട്ടില്ല. വാഴയും കുരുമുളകും മാത്രമേ ഇതിന്റെ പരിധിയിൽ വരുന്നുള്ളൂ.
   d. കർഷകർ വിളവെടുത്താൽ ഉടൻ വിറ്റഴിക്കാൻ സാധിച്ചില്ലെങ്കിൽ ശേഖരിച്ചുവയ്ക്കാനുള്ള സ്ഥലസൗകര്യം ഇല്ലായ്മ. കിട്ടിയ വിലയ്ക്ക് സാധനങ്ങൾ വിൽക്കാൻ നിർബ്ബന്ധിക്കുന്നു.
   e. മാർക്കറ്റ് വില തീരുമാനിക്കുന്നത് അന്യസംസ്ഥാനങ്ങളിലുള്ള മാഫിയകളാണ്. ഇവരുടെ താത്പര്യം ഏറ്റവും കുറഞ്ഞ വിലയിൽ നല്ല സാധനങ്ങൾ വാങ്ങിക്കൊണ്ട് പോവുക എന്നതാണ്.
   f. മാറിമാറി ഭരണത്തിൽ വരുന്ന രാഷ്ട്രീയകക്ഷികൾക്ക് കൃഷിക്കാരന്റെ ഉന്നമനത്തേക്കാളും അവന്റെ ദുരവസ്ഥ എങ്ങനെ രാഷ്ട്രീയവൽക്കരിച്ച് മുതലെടുപ്പ് നടത്താം എന്നതിലാണ് താല്പര്യം

2. **നിർദ്ദേശങ്ങൾ:**
   a. കൃഷി ഡിപ്പാർട്ടുമെന്റ് ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായി (ഉദാ. ജലസേചനം) ചേർന്ന് ജലസംഭരണത്തിനുള്ള സൗകര്യം ഒരുക്കുക. ഇത് വലിയ തോതിലുള്ള ഒരു വിളവു വർദ്ധനയ്ക്ക് വഴിതെളിക്കും.
   b. ജലസേചനത്തിനുള്ള സൗകര്യങ്ങൾ (പമ്പുസെറ്റ്, കുളങ്ങളും, കിണറുകളും) നിർമ്മിക്കാനുള്ള പദ്ധതികൾ എന്നിവയ്ക്ക് രൂപം കൊടുക്കുക.
   c. വിള ഇൻഷുറൻസ് എല്ലാ വിളകൾക്കും നിർബന്ധമാക്കുക. ഇതുവഴി കർഷകന് വിളനാശം മൂലമുള്ള നഷ്ടം ഒരു പരിധിവരെ കുറയ്ക്കാം.
   d. മാർക്കറ്റ് ഇന്റലിജൻസ് പദ്ധതികളിലൂടെ മാർക്കറ്റ് വില നേരത്തെ കൃഷിക്കാരന് ലഭ്യമാക്കുക. ഇത് വിളവെടുപ്പ് തക്കസമയത്തേക്ക് മാറ്റാനും വിളവ് സംഭരിച്ചുവയ്ക്കാനുമുള്ള അവസരമുണ്ടാക്കുന്നു.
   e. ഗവണ്മെന്റ് താങ്ങുവില നിശ്ചയിച്ച് വിളവ് സംഭരിക്കണം. ഇത് കൃഷിക്കാരന്റെ ആത്മവിശ്വാസം വർദ്ധിപ്പിക്കും.
   f. സഹകരണാടിസ്ഥാനത്തിൽ വിള സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുക. ഇങ്ങനെ കൃഷിക്കാരന്റെ വരുമാനം കൂട്ടാം.

3. **എന്തുകൊണ്ട് കാർഷിക സർവ്വകലാശാലയുടെ ഇടപെടൽ ഉണ്ടായില്ല?**

a. കാർഷിക സർവ്വകലാശാലയുടെ സാങ്കേതികമായും കൃഷിക്കാരെ ... അവഗണനായുമാണ് ... കാരണം കൃഷിക്കാരനു വേണ്ടിയാണ് സർവ്വകലാശാല നിലകൊള്ളുന്നത് ... [illegible] ... സങ്കേതിക ... എന്ന ... സംശയിക്കേണ്ടിയിരിക്കുന്നു

## അഗ്രി. എഞ്ചിനീയറിംഗ് വിഭാഗം

1. പരമ്പരാഗത യന്ത്രവൽക്കരണം നടപ്പാക്കുക
2. കാര്യക്ഷമമായ ജലസേചന രീതി ഉപയോഗിച്ച് വിളകൾക്ക് എല്ലാസമയവും ജലലഭ്യത ഉറപ്പുവരുത്തുക
3. വിളകളിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാക്കാനും വരുമാനം വർദ്ധിപ്പിക്കുന്നതിനും സാങ്കേതിക സഹായം ചെയ്യുക
4. മണ്ണിനും കാലാവസ്ഥയ്ക്കും യോജിച്ച വിളകൾ മാത്രം തിരഞ്ഞെടുത്ത് ശാസ്ത്രീയമായി കൃഷി ചെയ്യാനുള്ള പരിജ്ഞാനം നൽകുക
5. സബ്സിഡികൾ നേരിട്ട് കൃഷിക്കാർക്ക് ലഭിക്കാനുള്ള സംവിധാനം ചെയ്യുക
6. കാർഷിക കടങ്ങൾ കാർഷിക ആവശ്യത്തിനായി ... [illegible]

## അഗ്രോണമി ഡിപ്പാർട്ടുമെന്റ്

**കർഷക ആത്മഹത്യകൾ അനുദിനം കേരളത്തിൽ വർദ്ധിച്ചു വരുന്നതിന്റെ പ്രധാന കാരണങ്ങൾ ഇവയാണ്**

a. കൃഷിഭൂമിയുടെ വിസ്തീർണ്ണം തലമുറതോറും കുറഞ്ഞു വരുന്നു. ഒരു കുടുംബത്തിന് ആവശ്യമായ വരുമാനം ഉണ്ടാകുന്നതിന് വിസ്തീർണ്ണ കുറവ് കാരണമാകുന്നു. നാൽക്കിട കൃഷിക്കാർക്കും ചെറുകിട ഉടമകൾക്കും മറ്റും ഇന്ന് കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കാൻ പറ്റുന്നില്ല. ചെറുകിട കർഷകർക്ക് സ്ഥിര വരുമാനമുള്ള കാർഷികേതര തൊഴിലുകൾ കൂടി ആവശ്യമാണ്. കാർഷിക ആത്മഹത്യ കൂടുതൽ നടക്കുന്ന വയനാട്, ഇടുക്കി ജില്ലകളിൽ കാർഷികേതര ഉപതൊഴിലിനുള്ള സാദ്ധ്യത കുറവാണ്.

b. കാർഷികോല്പന്നങ്ങളുടെ അപ്രതീക്ഷിത വിലയിടിവ് പലപ്പോഴും കർഷക ആത്മഹത്യക്ക് പ്രേരണയാകുന്നു. ഉദാഹരണത്തിന് 2011 ൽ ഒരു കിലോ ഇഞ്ചിക്ക് 1700 രൂപ വിലയുണ്ടായിരുന്നത് 2012 ൽ 800 രൂപയായി കുറഞ്ഞു. ഒരു കിലോ ഉണക്കമഞ്ഞളിന് 2011 ൽ 14000 രൂപ വിലയുണ്ടായിരുന്നത് 2012 ൽ 5500 രൂപയായി കുറഞ്ഞു. വലിയ പ്രതീക്ഷയോടെ കുടകിലും മറ്റും പോയി വാടകയ്ക്ക് സ്ഥലമെടുത്ത് വൻ മുതൽമുടക്കോടെ ഇഞ്ചി, വാഴ, മഞ്ഞൾ മുതലായ വിളകൾ കൃഷി ചെയ്യുന്ന സാധാരണക്കാരായ കർഷകർക്ക് ഈ കനത്ത വിലയിടിവ് താങ്ങാൻ പറ്റുന്നതല്ല. സാധാരണ ബാങ്കിൽനിന്നും കടമെടുത്താണ് ഇത്തരത്തിൽ കൃഷി നടത്തുക. വിലയിടിവ് മൂലം വിളവെടുപ്പ് പോലും മുടങ്ങുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ബാങ്കിന്റെ ജപ്തി നോട്ടീസ് കൂടി കയ്യിൽ കിട്ടുമ്പോൾ ഇത്തരം കർഷകരുടെ ആത്മാഭിമാനം നഷ്ടപ്പെടുകയും ആത്മഹത്യയിലേക്ക് നയിക്കപ്പെടുകയും ചെയ്യും.

c. മുൻകാലങ്ങളെ അപേക്ഷിച്ച് ഉല്പാദനച്ചിലവ് വർദ്ധിച്ചതിനാൽ കൃഷിച്ചെലവ് കൂടി വരുന്നു. ഉല്പാദനച്ചിലവിന് ആനുപാതികമായി വരുമാനം വർദ്ധിക്കുന്നില്ല. ഇത് കുടുംബത്തിന്റെ ധനാവശ്യം വർദ്ധിക്കുന്നതോടൊപ്പം കടം കൂട്ടുകയും ചെയ്യുന്നു. പ്രതികൂലമായ കാലാവസ്ഥ മൂലം കുറയുന്ന വിളവും കർഷകർക്ക് നിരാശയുണ്ടാക്കുന്നു.

d. ചുരുക്കം കർഷകർ കൃഷിയിൽനിന്നും നല്ല വരുമാനം പ്രതീക്ഷിച്ച് ബാങ്കിൽനിന്നും കാർഷിക വായ്പയെടുത്ത് മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നു. ഉദാഹരണത്തിന് വീട് മോടിപിടിപ്പിക്കൽ, മക്കളുടെ വിവാഹം നടത്തൽ മുതലായവ. പ്രതീക്ഷിക്കാത്ത വിലയിടിവ് മൂലം കൃഷിനാശം മൂലമോ പ്രതീക്ഷിച്ച വരുമാനം കിട്ടാതെ വരുമ്പോൾ ബാങ്കിൽ തിരിച്ചടയ്ക്കാൻ കഴിയാതെ തിരിച്ചടവ് മുടങ്ങുന്നു. ഇതും കർഷകരെ നിരാശയിലാക്കിയിരിക്കുന്നു.

e. ഉപഭോക്തൃ സംസ്കാരത്തോടുള്ള അമിത ആസക്തി, വരവിനനുസരിച്ച് ചെലവ് ചെയ്യുവാനുള്ള പ്രാപ്തിയില്ലായ്മ, ബന്ധുക്കൾ ഒത്തുചേർന്ന പരമ്പരാഗത സമ്പ്രദായം വിട്ട് കൃഷി ചെയ്ത് കൃഷിച്ചിലവ് നിയന്ത്രിച്ചിരുന്ന പഴയ സംസ്കാരത്തിന്റെ തകർച്ച, കൂലിച്ചിലവ്, ... പാരമ്പര്യ കൃഷിക്ക് ആവശ്യമായ വിത്ത് ... നിലങ്ങൾ എന്നിവയുടെ ലഭ്യതയില്ലായ്മ, വിലക്കയറ്റം എന്നിവയെല്ലാം കൃഷിക്കാരെ ഇപ്രകാരം അവസ്ഥയിലേക്ക് എത്തിക്കുന്നതിൽ ഉണ്ടാകുന്ന ഘടകങ്ങളാണ്.

2. **കാർഷിക സർവ്വകലാശാലയുടെ ഭാഗത്തുനിന്നും ഫലപ്രദമായ ഇടപെടൽ ഉണ്ടാകാത്തതിന് കാരണമെന്ത്?**

കാർഷിക പ്രതിസന്ധി പ്രധാനമായും സാങ്കേതിക വിദ്യകളുടെ അഭാവംകൊണ്ടല്ല. മറിച്ച് അപ്രതീക്ഷിതമായി ഉണ്ടാകുന്ന വിലയിടിവാണ്. കൃഷിനാശമോ ... കാർഷിക ആത്മഹത്യ നടന്ന ജില്ലകളിൽ സർവ്വകലാശാല വിദഗ്ദ്ധരുടെ സഹായത്തോടെ സർവ്വേ നടത്തുകയും ആത്മഹത്യകളിലേക്ക് നയിക്കുന്ന കാരണങ്ങൾ കണ്ടെത്തുകയും സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

3. **ഈ പ്രതിസന്ധി തരണം ചെയ്യാനായി എന്ത് പരിഹാര മാർഗ്ഗങ്ങളാണ് നിർദ്ദേശിക്കാനുള്ളത്?**

a. എല്ലാത്തരം വിളകൾക്കും ഉല്പാദനച്ചിലവിന് ആനുപാതികമായ വരുമാനം ലഭിക്കുന്നതിന് ഉതകുന്ന താങ്ങുവില നിശ്ചയിച്ച് ആവശ്യമായ ഘട്ടങ്ങളിൽ കർഷകരുടെ ഉല്പന്നങ്ങൾ വാങ്ങുന്നതിനുള്ള സംവിധാനം സർക്കാർ തലത്തിൽ ഉണ്ടാകണം. ഇതിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും എല്ലാ കാലങ്ങളിലും ലഭ്യമാകുന്നു.

b. അപ്രതീക്ഷിതമായ വിലയിടിവ് നേരിടാൻ കാർഷിക ഇൻഷുറൻസ് പദ്ധതി എല്ലാ വിളകളിലും നടപ്പാക്കണം.

c. അന്താരാഷ്ട്ര വ്യാപാര കരാറുകളായ WPO, ... എന്നിവയുടെ സ്വാധീനം ഇന്നാട്ടിലെ വിളകളുടെ അപ്രതീക്ഷിതമായ വിലയിടിവിന് കാരണമാകുന്നുണ്ടോ എന്ന് പരിശോധിക്കണം.

d. വിവിധതരം വിളകളിൽ ഉണ്ടാകാൻ സാധ്യതയുള്ള വിലയിടിവ്, വിലവർദ്ധന എന്നിവയെപ്പറ്റി പ്രവചിക്കുന്ന മാർക്കറ്റ് ഇന്റലിജൻസ് സംവിധാനം വിപുലപ്പെടുത്തണം.

e. ലാഭകരമായ വിലകൾ, സംയോജിത കൃഷി സമ്പ്രദായങ്ങൾ എന്നിവയെപ്പറ്റി കർഷകരിൽ അവബോധം ജനിപ്പിക്കുന്ന നടപടികൾ സ്വീകരിക്കണം. കൃഷിക്കൊപ്പം കന്നുകാലി വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ മുതലായവ മറ്റു കൃഷി സമ്പ്രദായങ്ങൾ നടപ്പാക്കുന്ന കർഷകരുടെ ഇടയിൽ ആത്മഹത്യ തീർത്തും കുറവാണെന്ന് കാർഷിക സർവ്വകലാശാല നടത്തിയ സർവ്വേയിൽ വ്യക്തമായിട്ടുണ്ട്.

f. കർഷകർക്ക് വൻനാശം വരുത്തുന്ന കീടങ്ങൾ രോഗങ്ങൾ എന്നിവയെ തിരിച്ചറിയാനും അവയെ ഫലപ്രദമായി നിയന്ത്രിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ പകരുന്നതിനുമായി ആവശ്യമായ ട്രെയിനിംഗുകൾ അവർക്ക് നൽകണം.

g. കൃഷിച്ചിലവ് കുറയ്ക്കുന്നതിനുള്ള ചെറുകിട യന്ത്രവത്ക്കരണം ഭൂപ്രകൃതിക്ക് അനുസരിച്ച് നടപ്പിലാക്കുക. ഇത് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിനും സഹായിക്കുന്നതാണ്.

h. കൃഷിയുടെ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ ജലസേചനം, ജലനിർഗ്ഗമനം, ജൈവ വളങ്ങളുടെ നിർമ്മാണം, ജനകീയ കാർഷിക മാർക്കറ്റുകൾ എന്നിവ തിതല പഞ്ചായത്ത് തലത്തിൽ നടപ്പാക്കുക.

## അഗ്രി. മെറ്റിയോറോളജി വിഭാഗം

1947 ൽ ജവഹർലാൽ നെഹ്റു പറഞ്ഞു "മറ്റെന്തിനും കാത്തിരിക്കാം പക്ഷേ കൃഷിക്ക് കാത്തിരിക്കലുമാവില്ല." "കൃഷി ഉയർന്ന നഷ്ടസാദ്ധ്യത നേരിടുന്ന സംരംഭത്തിക പ്രവർത്തനമാണ്."

കർഷക ആത്മഹത്യ പത്ര-വാർത്താമാദ്ധ്യമങ്ങളിലൂടെ വളരെയധികം ചർച്ച ചെയ്യപ്പെട്ടിരുന്നു. ആത്മഹത്യ റിപ്പോർട്ടുകൾ ഗുണകരമായും ദോഷകരമായും ഫലങ്ങൾ സൃഷ്ടിക്കുകയും ആത്മഹത്യയെക്കുറിച്ച് ആലോചിക്കുന്നവരെ സ്വാധീനിക്കുകയും ചെയ്തു. കേരളത്തിൽ ഏറ്റവുമധികം കർഷകാത്മഹത്യകൾ നടന്നത് വയനാട് ജില്ലയിലും (312). തുടർന്ന് ആത്മഹത്യകൾ കാസർകോട്, കണ്ണൂർ, ഇടുക്കി എന്നീ ജില്ലകളിലുമാണ് നടന്നത്. ഈ വസ്തുത കാർഷികമേഖലയിലെ പ്രശ്നങ്ങളായ വിളനഷ്ടം, കാർഷികവിളയുടെ വില ഇടിയൽ, മാറുന്ന കാലാവസ്ഥ തുടങ്ങിയവയിലേക്ക് വെളിച്ചം വീശുകയും, ഇവ മേൽപറഞ്ഞ മൂന്നു ജില്ലയിലെയും കർഷകരെ വളരെയധികം ബാധിക്കുകയും ചെയ്യുന്നുവെന്നു മനസ്സിലാക്കാൻ സാധിക്കും. കർഷകാത്മഹത്യയുടെ പ്രധാന കാരണങ്ങളായി ചൂണ്ടിക്കാട്ടുന്നത് കടബാദ്ധ്യത, വിളനഷ്ടം, വിലയിടിവ്, രോഗങ്ങൾ മുതലായവയാണ്.

വയനാട്ടിലെ കർഷകരെ പ്രധാനമായും ബാധിക്കപ്പെട്ടത് അകാലത്തിലെ മഴ, കൃഷിഭൂമിയിലെ മറ്റ് പ്രശ്നങ്ങൾ, വിലക്കുറവ് എന്നിവ മൂലമാണ്. അകാലത്തിലെ മഴ കാലാവസ്ഥാവ്യതിയാനങ്ങൾ സൃഷ്ടിക്കുകയും നെല്ല് കൃഷിയുടെ വിളവെടുക്കാനാകാതെ കർഷകരെ കുഴപ്പത്തിലാക്കി. പാകമായ നെല്ല് വെള്ളം കെട്ടിനിൽക്കുന്ന പാടങ്ങളിൽ വീണു കിളിർക്കുവാനും തുടങ്ങി. വർദ്ധിച്ച കീട-രോഗ ബാധകളും കാലാവസ്ഥ വ്യതിയാനം മൂലം സൃഷ്ടിക്കപ്പെട്ടു. വിരളമായ പുഷ്പികളും, ഇലചുരുളൽ, blast പോള

ആഴുകൽ മുതലായ രോഗങ്ങളും അമ്പലവയലിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. [illegible] കാരണം. [illegible] കുരുമുളക് [illegible] കൃഷികളെ പ്രതികൂലമായി ബാധിച്ചു.

കർഷകർ പണമിടപാടു സ്ഥാപനങ്ങളുടെ അഭാവത്തിൽ, സാധാരണയായി സ്വകാര്യ പണമിടപാടുകാരെയാണ് ആശ്രയിക്കുന്നത്. പണമിടപാടു സ്ഥാപനങ്ങൾ ലഭ്യമാണെങ്കിൽ കൂടിയും സാധാരണ കർഷകർക്കു അതു പയോഗിക്കാൻ ഇടപാടു പ്രക്രിയകൾ തടസ്സമാണ്. പണമിടപാടു സ്ഥാപനങ്ങൾ ലഭ്യമായ പ്രദേശങ്ങളിലെ ഇടത്തരം വൻകിട കർഷകർ ഇതനുഭവിക്കുകയും ചെറുകിട കർഷകർ ഇതേക്കുറിച്ച് ബോധവാന്മാരാകാതിരിക്കുകയുമാണ് പൊതുവിൽ കണ്ടുവരുന്നത്. ഇത്തരക്കാർക്ക് സ്വകാര്യ പണമിടപാടുകാരാണ് ഏകാശ്രയം. വിളനഷ്ടമുണ്ടാവുകയാണെങ്കിൽ, കർഷകർ കടക്കെണിയിൽ വീഴുന്നു. സ്ഥിരമായുള്ള വിളനഷ്ടമാണ് ആത്മഹത്യ [illegible] ഇല്ലാതെ [illegible] അനുപാതം [illegible] കാർഷികമേഖലയിൽ കുറവാണ്. ഇതിന്റെ മുഖ്യകാരണമെന്നത് [illegible] സർക്കാരിൽ നിന്നുള്ള തുച്ഛമായ സബ്സിഡിയുമാണ്. സംസ്ഥാനത്തിന്റെ ആകെ മൊത്തമുള്ള വളർച്ചയിൽ കാർഷികമൊഴികെയുള്ള മറ്റെല്ലാ മേഖലകളിലെയും വരുമാനം, ലാഭം, ചെലവ് എന്നിവ വർദ്ധിച്ചിട്ടുണ്ട്. കച്ചവടക്കാർ, ബാങ്കുദ്യോഗസ്ഥർ, ഡോക്ടർമാർ, സർക്കാർ ജീവനക്കാർ മുതലായ എല്ലാ തൊഴിലാളികൾക്കും സ്ഥിര വരുമാനമുണ്ട്. എന്നാൽ 70% ത്തോളം ജനങ്ങൾ [illegible] ലാണ്. അവരിൽ ഭൂരിഭാഗം വരുന്ന കർഷകർക്ക് [illegible] സൗകര്യങ്ങൾപോലും ലഭ്യമല്ല. കൃഷിയിറക്കുന്നതിന്റെ മൂല്യം അതായത് കൂലി, വിത്തുവില, വളം, കീടനാശിനികളുടെ വില മുതലായവ 1960 കളിലേതിനേക്കാൾ നൂറുമടങ്ങ് വർദ്ധിച്ചപ്പോൾ കാർഷികവൃത്തിയിൽ നിന്നുള്ള ലാഭം പത്തുമുതൽ പതിനഞ്ചു മടങ്ങാണ് വർദ്ധിച്ചത്. ഇങ്ങനെ വിവിധ കാരണങ്ങളാലാണ് മിക്ക കർഷകരും കാർഷികവൃത്തിയിൽനിന്നും പിന്മാറുന്നത്. എന്നാൽ ഇന്നും ചില പരമ്പരാഗത കർഷകർ ഇന്നും പാടങ്ങളിൽ പണിയെടുക്കുന്നു. മാർഗ്ഗങ്ങളില്ലാതെ കാർഷിക മേഖലയിലെ വാണിജ്യവത്ക്കരണം, ഉദാരവത്ക്കരണം, ആഗോളവത്ക്കരണം എന്നിവ ഭക്ഷ്യവിളകളുടെ കൃഷിരീതിയിൽനിന്നും വാണിജ്യവിളകളിലേക്ക് മാറ്റം വരുത്തിയിരിക്കുന്നു.

### കർഷകാത്മഹത്യകൾ കുറയ്ക്കുവാനുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

1. കമ്പോളവില നിയന്ത്രണം
2. കർഷകർക്ക് മതിയായ ആനുകൂല്യങ്ങൾ നൽകുക
3. നിയന്ത്രിത വിപണികൾ, കരാർകൃഷി എന്നിവ കാർഷിക വിളയെ ന്യായവിലകളിൽ വിറ്റഴിക്കാൻ സഹായിക്കുന്നു.
4. കാലാവസ്ഥ വ്യതിയാന ബോധവത്ക്കരണ [illegible] കൾ [illegible] എല്ലാ ജില്ലകളിലും നടത്തുക
5. എല്ലാ ജില്ലകളിലെയും കാലാവസ്ഥയനുസരിച്ചുള്ള [illegible] കൃഷിരീതി
6. കാലാവസ്ഥയടിസ്ഥാനത്തിലുള്ള ഇൻഷുറൻസ് [illegible]

തികൾ

7. കൃഷിയുമായി അടുത്ത ബന്ധമുള്ള പ്രവൃത്തികൾ അതായത് ക്ഷീരകൃഷി, മത്സ്യകൃഷി, കോഴിവളർത്തൽ മുതലായവയിൽ വ്യാപൃതപ്പെടുക.
8. നാനാപ്രകാരമുള്ള കൃഷിരീതികൾ.

മേൽപറഞ്ഞ സൗകര്യങ്ങൾ കർഷകർക്ക് നൽകാൻ സാധിച്ചാൽ അവർ സ്വയംപര്യാപ്തരാകും. ഉത്പാദകർക്കും ഉപഭോക്താക്കൾക്കുംവേണ്ടി കാർഷികതലങ്ങളിൽ വൻമാറ്റങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഘുപ്രക്രിയകളിലൂടെ പാവപ്പെട്ട കർഷകർക്കും സേവനം ഉറപ്പുവരുത്തണം. ലഭ്യമായ ധനസഹായത്തിന്റെ സൂക്ഷ്മമായ നിരീക്ഷണവും ആവശ്യമാണ്. കാരണം ഒരുപക്ഷേ ഈ ചെറുകിട കർഷകരുടെ മറവിൽ വൻമുതലാളിമാരാകാം ധനസഹായം നേടുന്നത്. ഇത് കൂടാതെ, കർഷകർ കൃഷി ആവശ്യങ്ങൾക്ക് തന്നെയാണ് പണമുപയോഗിക്കുന്നത് എന്നുറപ്പുവരുത്താനും നിരീക്ഷണമാവശ്യമാണ്. കർഷകരെ ധനകാര്യങ്ങളിൽ ഉപദേശിക്കുകയും വഴി കാണിക്കുകയും ചെയ്യണം. സാങ്കേതിക ശാസ്ത്രത്തിലെ മുന്നേറ്റങ്ങൾ ചെറുകിട കർഷകരിലേക്കു എത്തിക്കണം. നിലനിൽക്കുന്ന കാലാവസ്ഥ വ്യവസ്ഥയ്ക്ക് അനുയോജ്യമായ കൃഷിരീതികളിലേക്കുള്ള മാറ്റത്തിൽ സഹായിക്കുക. കാർഷികവൃത്തിയെ പരമ്പരാഗതമായ തൊഴിലെന്നതിലുപരിയായി വൈദഗ്ദ്ധ്യത്തോടെ കാണുക

**കർഷകാത്മഹത്യകൾക്ക് സാമ്പത്തികവും സാമൂഹികവുമായ കാരണങ്ങളുണ്ട്. സാമ്പത്തികമായ കാരണങ്ങൾ എന്തെന്നാൽ:**

- i. വില വർദ്ധനവ്
- ii. കുറഞ്ഞ ഉത്പാദനക്ഷമത
- iii. കാർഷികവിളകളുടെ അപര്യാപ്തമായ വിലകൾ
- iv. വിപണനത്തിലെ ബുദ്ധിമുട്ടുകൾ
- v. പ്രകൃതിക്ഷോഭങ്ങൾ
- vi. വ്യക്തമായ കൃഷിരീതിയുടെ അഭാവം
- vii. അപര്യാപ്തമായ ധനസഹായം
- viii. വർദ്ധിക്കുന്ന കടബാധ്യത

സാമൂഹികമായ കാരണങ്ങളിൽ ചിലത

- i. കുടിപ്പഴക്കം കർഷകരുടെ ഉത്പാദനക്ഷമത കുറയ്ക്കുന്നു
- ii. വിവാഹങ്ങളിന്മേൽ ധാരാളിത്തം
- iii. അനാരോഗ്യം, അവശ്യ വൈദ്യസഹായം തേടാനുള്ള അപര്യാപ്തത.

## അഗ്രി പ്ലാന്റ്ഫിസിയോളജി വിഭാഗം

* KAU ഗ്രാമങ്ങളിലേക്ക് എത്തുന്നില്ല
* കർഷകന്റെ യഥാർത്ഥ പ്രശ്നപരിഹാരത്തിനായി KAU ലെ സമഗ്രമായ ഗവേഷണങ്ങൾ നടത്തുന്നില്ല. ആയതുകൊണ്ട്, കർഷകരെ സഹായിക്കുന്ന ഉദാത്തമായ കൃഷിരീതികളോ, കൃഷി സമ്പ്രദായങ്ങളോ വികസിപ്പിക്കുവാൻ സാധിക്കുന്നില്ല.

**നിർദ്ദേശങ്ങൾ**

* അർപ്പണബോധമുള്ള ഒരുപടി ശാസ്ത്രജ്ഞർ മുന്നോട്ടുവരുകയും കർഷകരുടെ യഥാർത്ഥ പ്രശ്നങ്ങളെക്കുറിച്ചു പഠിച്ചു, അവരിൽ വിശ്വാസം വളർത്തി, അവരുടെ പ്രശ്നപരിഹാരത്തിനായി മാതൃകാപരമായ കൃഷിരീതി വികസിപ്പിച്ചെടുക്കുക
* രാഷ്ട്രീയമായ ഇടപെടലുകൾ കൃഷിശാസ്ത്രത്തിൽ ഒഴിവാക്കുക

## പോമോളജി & ഫ്ളോറികൾച്ചർ വിഭാഗം

1. പ്രതിസന്ധിയും കാരണങ്ങളും

നമ്മുടെ കാർഷിക മേഖലയുടെ ഏറ്റവും വലിയ പ്രതിസന്ധി സമയബന്ധിതമായ ഒരു നയപരിപാടിയുടെ അവ്യക്തതയും അത് വിലയിരുത്താനുള്ള സംവിധാനത്തിന്റെ പോരായ്മയുമാണെന്ന് തോന്നുന്നു. കാലം മാറുന്നതനുസരിച്ച് നമ്മുടെ കാർഷിക മുദ്രാവാക്യങ്ങളും മാറിവരുന്നുണ്ട്. പട്ടിണി മരണങ്ങളിൽനിന്ന് രക്ഷപ്പെടാൻ ആദ്യം അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങളും രാസവളങ്ങളും വഴി ഹരിതവിപ്ലവം നടത്തി. അതുണ്ടാക്കുന്ന വിഷബാധയിൽനിന്ന് രക്ഷപ്പെടാൻ ജൈവകൃഷി ഉയർത്തിക്കാട്ടി. പിന്നീട് പ്രകൃതിയുമായി കൂടുതൽ ഐക്യതയിലെത്താൻ ബയോഡൈനാമിക് കൃഷിരീതികൾ. ഇനിയിപ്പോൾ കാലാവസ്ഥാവ്യതിയാനമനുസരിച്ച് കാർഷിക നയവ്യതിയാനത്തിന് ആഹ്വാനം. ബിസിനസ്സ് താല്പര്യങ്ങളെ മുൻനിർത്തിയുള്ള പബ്ലിക് പ്രൈവറ്റ് പങ്കാളിത്തങ്ങൾ (PPP mode?) ഇതോടൊപ്പം നടക്കുന്നുമുണ്ട്. ഇപ്പോൾ കേൾക്കുന്നത് ഭക്ഷ്യ സുരക്ഷ എന്ന മുദ്രാവാക്യം മാത്രമാണ്. അങ്ങനെ പട്ടിണിമരണം മറികടക്കാൻ തുടങ്ങിവച്ച ഗവേഷണപരമ്പര ഒടുവിൽ ഭക്ഷ്യസുരക്ഷയിൽ (എന്താണ് വ്യത്യാസം?) എത്തിനിൽക്കുന്നു. ഏതൊരു മേഖലയും വളർത്തിയെടുക്കുന്നതിന് കൃത്യമായ ഒരു നയപരിപാടി ആവശ്യമാണ്.

സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ചുള്ള അറിവിൽ നിന്നാവണം നയപരിപാടി രൂപം കൊള്ളേണ്ടത്. ഉദ്ദേശ്യലക്ഷ്യങ്ങളുടെ സ്വഭാവം, നടപ്പിലാക്കുന്നവരുടെ പങ്കാളിത്തം, നടപ്പിലാക്കേണ്ട രീതി, കാലത്തെ (സമയത്തെ) കുറിച്ചുള്ള ബോധം, സാമ്പത്തിക സാങ്കേതിക സഹായങ്ങളുടെ ഉറവിടം - ഈ കാര്യങ്ങളിലെ കൃത്യത തീർച്ചയായും പദ്ധതി നടത്തിപ്പിന് സഹായിക്കും.

കർഷക ആത്മഹത്യയുടെ കാര്യം - ഒരു കാർഷിക രാജ്യമായ ഇന്ത്യയിൽ കൃഷിയിലേർപ്പെട്ടിരിക്കുന്നവർ ആത്മഹത്യ ചെയ്യേണ്ടിവരുന്നത് തികച്ചും വേദനാജനകമായ കാര്യമാണ്. അതിന്റെ ധാർമ്മിക ഉത്തരവാദിത്തത്തിൽനിന്നും ഭരണകൂടത്തിന് ഒഴിഞ്ഞുമാറാനും കഴിയില്ല. എന്നാൽ ഇത്തരം ആത്മഹത്യയുടെ കാരണം കൂടി വസ്തുനിഷ്ഠമായി പഠിക്കുന്നത് നന്നായിരിക്കും.

2. കാർഷിക സർവ്വകലാശാലയുടെ ഇടപെടൽ

കടൽ നിരപ്പ് മുതൽ രണ്ടായിരം മീറ്റർവരെ ഉയരമുള്ള ഭൂപ്രദേശങ്ങളാൽ, അതുവഴിയുള്ള കാലാവസ്ഥാ ഭിന്നതയാൽ, സമ്പന്നമായ നമ്മുടെ സംസ്ഥാനം വൈവിദ്ധ്യമാർന്ന കാർഷിക വിളകളാലും സമ്പന്നമാകേണ്ടതാണ്. എന്നാൽ കേരളത്തിന്റെ ഈ സവിശേഷ സാഹചര്യം കാർഷികാഭിവൃദ്ധിക്ക് ഉപയോഗിക്കുന്നതിൽ നാം എത്ര മാത്രം വിജയിച്ചിട്ടുണ്ട്? ഇതിന്റെ കാരണങ്ങളിലേക്ക് കടന്നു ഒരു വിവാദയുദ്ധത്തിലേർപ്പെടാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. സാമ്പത്തികസഹായം ലഭിക്കുന്ന ഗവേഷണമേഖലകൾക്ക് ഊന്നൽ കൊടുക്കുന്നതിന് പകരം ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനല്ലേ പ്രാമുഖ്യം കൊടുക്കേണ്ടത്? തരിശുഭൂമികളുടെ കണക്കു നിരത്തുന്നതല്ലാതെ

അവ എങ്ങനെ ഉപയോഗയോഗ്യമാക്കാം എന്നതിന് എന്ത് നയപരിപാടിയാണുള്ളത്? കൃഷിക്കാർക്ക് ആവശ്യമുള്ള സമയത്ത് സാങ്കേതികസഹായം ലഭിക്കുന്നില്ല എന്നത് ഇപ്പോഴും വിമർശനങ്ങൾ ഉയർത്തുന്നുണ്ട്. ആധുനിക കൃഷിശാസ്ത്രത്തെക്കുറിച്ച് ഏറ്റവും നൂതനമായ അറിവ് ശാസ്ത്രജ്ഞർക്ക് നേടിക്കൊടുക്കുകയെന്നത്, സർവ്വകലാശാലയുടെ നയമായിമാറിയിട്ടില്ല. ചുരുക്കത്തിൽ, ആരെങ്കിലും നിലവിളിക്കുമ്പോൾ (അല്ലെങ്കിൽ ശാസിക്കുമ്പോൾ) മാത്രം ഓടിച്ചെല്ലുന്ന ഒരു മനോഭാവം (ഇതിനെ fire engine attitude എന്ന് വിളിക്കാമോ എന്തോ!) നമുക്കിപ്പോൾ കൈവന്നിട്ടുണ്ട്. അങ്ങനെ 'sustainable agriculture' എന്നതിനെ 'നിലനിൽപിന്റെ രാഷ്ട്രീയമായി ഭാഷാന്തരം വരുത്താനും നമുക്കു കഴിഞ്ഞിട്ടുണ്ട്.

#### നിർദ്ദേശങ്ങൾ

ഒരാൾക്കോ ഒരു ഡിപ്പാർട്ടുമെന്റിനോ നൽകാവുന്നതല്ല സമഗ്രമായ നിർദ്ദേശങ്ങൾ എങ്കിലും ചില സൂചനകൾ നൽകേണ്ടതുണ്ടെന്ന് തോന്നുന്നു.

* കൃഷിഭൂമിയും കാർഷിക ഉൽപന്നങ്ങളും ഉപയോഗിക്കുന്നതിൽ കൃത്യമായ നിയമനിർമ്മാണവും, പരിരക്ഷയും.
* ദീർഘകാല പദ്ധതികൾക്കും വിളകൾക്കുമൊപ്പം ഹ്രസ്വകാല പദ്ധതികളും വിളകളും.
* ദുരന്തനിവാരണത്തിന് പ്രത്യേക പദ്ധതി.
* ഭൂപ്രകൃതിയും കാലാവസ്ഥയുമനുസരിച്ചുള്ള ഗവേഷണ-വികസന പദ്ധതികൾ.
* വിവിധ പദ്ധതികളുടെ നടത്തിപ്പിലുള്ള ഏകോപനം.
* കൃഷിക്ക് ഉപയുക്തമല്ലെന്ന് കണ്ട് എഴുതിത്തള്ളിയ സ്ഥലങ്ങൾക്ക് മോചനം.
* ഫാം തൊഴിലാളികളുടെ ദൗർലഭ്യം നികത്താൻ അനുയോജ്യമായ യന്ത്രവൽക്കരണം ഉറപ്പുവരുത്തൽ.
* ബഹുമുഖ ലക്ഷ്യങ്ങൾ ഏകോപിച്ചുകൊണ്ടുള്ള ആധുനിക കൃഷിരീതികൾ നടപ്പിലാക്കൽ.

നടക്കുവാനേറെയുണ്ട് ദൂരം
നടന്നേ പറ്റൂ...

### അഗ്രി. പതോളജി വിഭാഗം

* ഇഞ്ചി, കാപ്പി, കുരുമുളക്, വാനില മുതലായ നാണ്യവിളകളിലെ ഉല്പാദനക്ഷമത, വില, ഡിമാന്റ് എന്നിവയിൽ പെട്ടെന്നുണ്ടാകുന്ന അസ്ഥിരതയാണ് കേരളത്തിലെ ആത്മഹത്യയിൽ പലപ്പോഴും കാരണങ്ങളായി വന്നത്.
* ശാസ്ത്രീയമായി വിലയുടെ ഭാവി നിർണ്ണയിക്കാതെ, ധാരാളം ഭൂമി പാട്ടത്തിനെടുത്ത് നാണ്യവിളകൾ ചെയ്ത് നഷ്ടം നേരിടുന്നവരുണ്ട്.
* പെട്ടെന്ന്, വർദ്ധിച്ച വിളവ് കിട്ടാൻ, ധാരാളമായി വളവും, കീടനാശിനികളും ഉപയോഗിക്കുന്നത് മൂലം ആദ്യവിളവ് ഗംഭീരമാകുമെങ്കിലും, പിന്നീടുള്ള സീസണിൽ മണ്ണിന്റെ ഗുണം നശിച്ച്, വിളവ് കുത്തനെ കുറഞ്ഞു പോകുന്നത് കർഷകനെ നിരാശനാക്കും.
* കാർഷിക വായ്പാ സംവിധാനത്തിൽ പിഴവുകളുണ്ട്. കൃഷിക്ക് വേണ്ടി വാങ്ങുന്ന വായ്പ, വിവാഹം, വീടുവയ്ക്കൽ, കച്ചവടം എന്നിവയ്ക്ക് ഉപയോഗിച്ച് കടം പെരുകി നിവൃത്തിയില്ലാത്തവരുമുണ്ട്.
* കൃഷിക്കാരെ ഉല്പാദനം കൂട്ടാൻ മാത്രം ഉപദേശിച്ചാൽ പോരാ, വിപണനത്തിനും, സംഭരണത്തിനും നഷ്ടം വരുമ്പോൾ സാന്ത്വനത്തിനും കൂടെ രാഷ്ട്രീയക്കാരും സർക്കാർ ഉദ്യോഗസ്ഥരും മുന്നോട്ടിറങ്ങുന്ന ഒരു സംവിധാനം ഇന്ന് കേരളത്തിലില്ല.

പരിഹാരമാർഗ്ഗങ്ങൾ

* കർഷകരെ ജീവിക്കാൻ അനുവദിക്കുക
* സമൂഹത്തിൽ ഉയർന്ന സ്ഥാനം കൊടുക്കുക. 'ജയ് ജവാൻ, ജയ് കിസാൻ' മന്ത്രധ്വനികൾ എല്ലാവരും ഓർക്കേണ്ടതാണ്.
* രാഷ്ട്രീയ ലാഭത്തിന് കൃഷിയെയും കൃഷിക്കാരെയും കരുക്കളാക്കാതിരിക്കുക.
* കൂട്ടുകൃഷി, കൂട്ടുവിപണനം, കരാർ കൃഷി, സ്വയം സഹായസംഘങ്ങൾ എന്നിവ രാഷ്ട്രീയത്തിന് അതീതമായിരിക്കണം
* രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകർ സ്വയം മണ്ണിലേക്കിറങ്ങി കൃഷി ചെയ്ത് സ്ഥായിയായ മാതൃകകൾ കാണിച്ചു കൊടുക്കണം.
* എല്ലാ വിളകളുടെയും പ്രത്യേകിച്ച്, നാണ്യവിളകളുടെ 'വില സ്ഥിരത' ഉറപ്പു വരുത്തണം.
* ഒരു മാതൃകാ കടാശ്വാസ കമ്മീഷൻ പ്രാവർത്തികമാക്കണം. കുറഞ്ഞ പലിശ നിരക്കിൽ ആയാസരഹിതമായ വായ്പകൾ സാധ്യമാക്കണം. കടം എഴുതിത്തള്ളിയാൽ മാത്രം പോരാ. നന്നായി കൃഷി ചെയ്ത് ആ വരുമാനം കൊണ്ട് കൃത്യമായി വായ്പകൾ തിരിച്ചടയ്ക്കുന്ന കൃഷിക്കാരെ, മാതൃകകളാക്കുകയും, അനുമോദിക്കുകയും ചെയ്യണം.
* കരാർ കൃഷിയിലെ ന്യൂനതകൾ നികത്തി പ്രാവർത്തികമാക്കണം.
* ഉല്പാദനച്ചെലവിന്റെ 50 ശതമാനമെങ്കിലും, താങ്ങുവില നിശ്ചയിക്കണം.
* കർഷകർക്ക് വിത്തുകളും മറ്റ് അനുബന്ധ വസ്തുക്കളും നൽകാൻ, ന്യായവില വില്പന കേന്ദ്രങ്ങൾ സർക്കാരോ, സഹകരണ സ്ഥാപനങ്ങളോ തുടങ്ങണം.
* പൊതുസംഭരണ സംവിധാനം വിപുലപ്പെടുത്തണം.
* വിള ഇൻഷുറൻസ് പദ്ധതി ആയാസരഹിതമാക്കണം.

സർവ്വകലാശാലയ്ക്ക് എന്തു ചെയ്യാൻ കഴിയും?

* നേരിട്ട് ഇടപെടേണ്ടതില്ല.
* കർഷക ആത്മഹത്യയുടെ കാരണങ്ങൾ, ഇല്ലായ്മ ചെയ്യാനുള്ള മാർഗ്ഗങ്ങൾ എന്നിവ, ഗവേഷണം നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ നിർദ്ദേശങ്ങൾ നൽകുക
* സാധാരണ കൃഷി, സംഘകൃഷി, സംഘമാർക്കറ്റിംഗ് എന്നിവയ്ക്ക് മാതൃകകളുണ്ടാക്കി കാണിച്ചുകൊടുക്കുക. പിന്നീടത് കൃഷിക്കാർ ഏറ്റെടുക്കണം.
* ചെലവു കുറഞ്ഞ കൃഷി, സാങ്കേതിക വിദ്യകളും വിപണന തന്ത്രങ്ങളും തെരഞ്ഞെടുത്ത് വികസന ഏജൻസികളെ ഏല്പിക്കുക.
* "കേരളത്തിൽ കൃഷി നശിക്കുന്നില്ല, "കേരളം കൃഷിയെ ഒരിക്കലും ചതിക്കില്ല", "ആത്മാർത്ഥമായി ശ്രമിച്ചാൽ കേരളത്തിൽ കൃഷി വീരഗാഥകൾ രചിക്കാം" എന്നും മറ്റും തെളിയിച്ച ആയിരക്കണക്കിന് കൃഷിക്കാർ കേരളത്തിലുണ്ട്. അവരുമായി യോജിച്ച് യൂണിവേഴ്സിറ്റി തലത്തിൽ 'കർഷക സംഗമം', കർഷക കൂട്ടായ്മ' എന്നിവ നടത്തുന്നത്, സാധാരണ കർഷകർക്കും, മറ്റു ജനങ്ങൾക്കും അവരുടെ മാതൃകകൾ

പിന്തുടരാൻ സഹായകരമാവും

## അഗ്രി പ്രോസസിങ്ങ് വിഭാഗം

കാർഷികോല്പന്നങ്ങൾക്ക് [illegible] കർഷകർക്ക് ലഭിക്കുന്നില്ലെങ്കിൽ അവ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി ലാഭകരമായി വിപണനം ചെയ്യുന്നതിനാവശ്യമായ [illegible] സാങ്കേതിക സഹായങ്ങളും [illegible] കർഷകരുടെ ആവശ്യാനുസരണം നൽകുന്നതാണ്

## ഒളരികൾച്ചർ വിഭാഗം

a. [illegible]

1. [illegible] ലാഭകരമല്ലാതാകുന്നു
2. [illegible]
3. [illegible] പാടശേഖരത്തിലെ [illegible] തുടങ്ങിയവ
4. [illegible] കിടശലം
5. വിളകളുടെ വിലയിടിവ്
6. [illegible]

II [illegible] സർവ്വ [illegible] ഇടപെടൽ ഉണ്ടാകാത്തതിനു കാരണം [illegible] സർവ്വകലാശാലയ്ക്ക് ഇടപെടാവുന്ന [illegible] ഇടപെടുന്നു

III [illegible]

1. [illegible]
2. വിള [illegible]
3. Reasonable ആയ [illegible]
4. [illegible]
5. Land Bank Programme
6. [illegible]
7. ആധുനിക കൃഷി സമ്പ്രദായങ്ങൾ [illegible]
8. Cold Storage Facility
9. [illegible]
10. [illegible]

[illegible] പരിഹാരമാർഗ്ഗങ്ങൾ

1. നൂതന കൃഷിരീതികളെപ്പറ്റി [illegible] വരണം.
2. വിത്തും [illegible] കർഷകർക്ക് ലഭ്യമാക്കുക
3. [illegible] നടപ്പാക്കണം.



# Polaroid





















PG & Phd

Top Row
Najeeb N., Athul, Yunus C., Sayooj, Varun, Aston, Nikhil, Ningaraju, Rajees P.C., Ashok, Renjith, Amar, Rohit, B. Subhareddy, Rajanaik, Ravindra Bansode, Narendar Negi, Parimal Lakshman Vikhe, Pavan Saini, Alex, Pramod, Naveen Kumar, Rajesh, Dhanesh

Middle Row
Mridula, Naema Yunus, Blossom, Gleena Mary, Pujitha Ghosh, Yamuna, Savitha Antony, Pranitha, Smitha K.O., Agtha Shiny, Rajalakshmi, Roshni, Remya J.S., Deepthi, Fahida K.P., Uma, Reshmi, Faseela, Jimcy, Saradha, Jeethu M.G., Binisha, Anjana Chandran, Karthika, Arya Lakshmi, Renju, Subhashini, Meera, Mani Bala, Meera, Roshna, Jyothilakshmi, Aierha K.O., Punyasree, Nimmy Varghese

Bottom Row
Adheena Ram, Deepa James, Kavitha, Rinu T. Varghese, Simi, Archana, Syama S. Menon, Swathy Sarabhai, Roshin Varghese, Rosmin George, Manjusha K.P., Liliya



Nakshathra '11



Aristaeus '10



Kallisto '09



Avalon '08

# Horticos...

### Nakshathra '11

First Row (L-R) Femi Jose. Divya V.U, Ann Varghese. Neethu Francis, Adeeba A., Aranya V.K., Lekshmi Sekhar. Akhisha P.A., Ummu Rahila. Nimitha K., Neethu M.M., Greeshma Suresh. Aparna K., Alka Sherief. Neethu Vaghese. Anjana Devaraj. Marjan P.S.

Middle Row (L-R) Bashma E.K., Dina Satheeshan K., Aswathy Mohan. Aisha Mol P.B., Greeshma V., Anjana Ashokan., Fathimath Nufaisa. Dhanalakshmi. N. Devika S., Nusaiba Mukkil. Ambika Chandran, Namitha K., Reshma Krishnan M.R., Amrutha P., Anila P. Saju, Shamila K., Nadiya Kollkkodan. Athira. H. Sethulakshmi V.S., Nishida C.T., Jeena Mary, Vishnupriya T.R., Athira K.A.

Top Row (L-R) Ebimol N.L., Maneesha Elza Jacob, Greeshma A., Akhila C. Thampi. Anju Abraham. Namitha Elizabeth. Mohemmed Nisab C.T., Anudev U.S., Vishnu G., Auxillio Dias Marshel. Samkumar K.P., Nithin S., Abid V., Mubarak O.P., Dassel Xavier. Mohammed Nisak P.M., Mohammed Shafeeq P.M., Jain T.V.S., Dhanesh Kumar

### Aristaeus 10

(Tot Row ), Chijina K, Miya Varghese., Balachandran. Abdul Saleem Villan., Avinash Reji Thomas, Vishnu. Shihad. Jithin V.V., Sabarinath J.S., Amal, Ajmal P.M., Sameer Mohammad. Mohamad Shafeeq. Rafees P., Jasna M.K., Nabeela K.

(Middle Row) Reshma T., Sreepriya. Parvathy R. Sherin Rishath A.K., Athibha. P.B., Jeeshma Shaji. Manju Mohan. Anjali K., Raji Krishna. Rabiya Mumthas K., Riya Antony, Tintumol Joseph, Rajasree, Sushna K., Reshma M.C., Chandini S.M., Neenu Chandran. Jyolsna, Ashly Mathews

(Bottom Row) Grita Elizabeth Jolly. Aaruni P.S., Aditya Mohan. Raihanath U. Archana C.R., Reshma N., Elsa Giles. Mubashira N.V., Anju P.B., Atheena A. Ancy U.A., Uma Maheswari M.O., Shafeequa T., Raghi C.R., Linet George

### Kallisto '09

First Row- Sujitha P.S., Greeshma V. Mathew, Jinu Joy. Milsha George, Sumbula V., Aparnashri K.V., Soumya S., Meenu Balachandran, Shilpa Treesa Chacko. Nithya P.R. Amritha Babu, Misha Madhavan. Bhagya Vijayan, Anila M. Sunny. Sreedhu P. Preman. Aswathy Gopinathan. Reshma N.T., Swathy Lakshmi

Second Row-Fathima Shaheena. Sharsheela Mariyam. Surya Mol T.R., Ammu Punnose. Cimoany Jose. Aswathy Viswanathan. Lishma N.P., Irfana. Divya K.K., Nesmy Abdhulkhadar , Tincy Tom. Sruthy Raj, Aiswarya Mohanan. Gayathri Rajasekharan. Farzana Shamin. Athria P.C. Shafna K., Shahanila P.P., Haritha T.R.,

Thrid Row-Jishnu K.J., Ajith Kumar Prasad. Aswin T., Khamrang Mathukmi. Susanth N.S., Arjun Vysakh. Sarath P.S., Prince P.J., Semsheer M., Akshay Sasidharan. Jamaludheen A., Arun P.B., Shathanu Kumar. Ravikanth Kumar.

### Avalon 08

Top Row-Najiya., Aswathy Harshan. Karolin K.P., Justina P.J., Santhi. Sulakshana Rao. Nahla A.P., Sreeremya R., Surya Vijayan. Anila M.A., Josna Jose. Babitha P.S., Mithu Anto. Nayana K., Deepthi. Rubeena A.

Middle Row-Aparna, Teena Simenthym, Josena Jose. Anagha E.V., Bincy K. Varkey. Neethu T.M., Onima V.T., Shamna N., Nanu P.A., Reshma M.R., Manju Roshni K., Isna Karimban. Darsana. Aswathy Vijayan. Jancy. Rubeena M., Minnu Sebastian. Sandhya P.T.

Bottom Row- Reshmi Renjan Toppo. Mohammed Javed Chand. Praveen Kumar, Sameer Ali M., Nithin K., Vysakhan V.S., Ajay Kumar Prakash. Pradeep Nadh Singh Thakur. Saeed T., Ashiq T., Shafeeq T.M., Mridhul T., Anil Sebastain. Rijith P.

# 'Cheap Agri-Mentality'






**അവിനാശ് ദേശമംഗലം**
സ്പാർക്കിൾസ് 03

2008 ജനുവരിയിലാണ് "ഹാപ്പി ഡെയ്സ്" എന്ന ചിത്രം പുറത്തിറങ്ങിയത്. ഞങ്ങളുടെ ബാച്ചിന്റെ "ഫെയർവെൽ" ചടങ്ങിന്റെ ഒരു ദിവസം മുമ്പ് തൃശൂർ കൈരളി തിയ്യറ്ററിൽ സ്പാർകിൾസിലെ എന്റെ കൂട്ടുകാരുമൊത്ത് ആ പടം കണ്ടത് ഓർക്കുന്നു... അതു പോലെതന്നെ ഈ കലാലയത്തിലെ ഓരോ വർഷവും ഓരോ സിനിമയ്ക്കുവേണ്ടി "ഡെഡിക്കേറ്റ്" ചെയ്തതാണ്... 2003 ൽ 'ഫോർ ദി പീപ്പിൾ', 2004 ൽ 'റൺവെ', 2005 ൽ 'ഉദയനാണു താരം', 2006 ൽ സൂപ്പർ ഹിറ്റ് പടമായ 'ക്ലാസ്മേറ്റ്സ്', അവസാനം 2007 ൽ 'ഹലോ' ...കൂട്ടുകാരുമൊത്ത് ചെലവിട്ട നിമിഷങ്ങൾ നമുക്ക് എല്ലാവർക്കും വളരെ വിലപ്പെട്ടതാണല്ലോ.

2008 ൽ ജീവിതം ടോപ് ഗിയറിൽ കയറിയതോടെ രണ്ടു വർഷത്തേക്ക് പഴയ സുഹൃത്തുക്കളുമായി അപൂർവ്വമായി സംസാരം. അതിലും അപൂർവ്വമായി കണ്ടുമുട്ടലുകൾ. രണ്ട് വർഷത്തെ ഉപരിപഠനത്തിനു ശേഷം വീണ്ടും കേരളത്തിൽ ജോലി കിട്ടിയപ്പോൾ സന്തോഷവും സങ്കടവും ഒരേ സമയം തോന്നി. കുറച്ച് സുഹൃത്തുക്കളുമായി അടിക്കടി കണ്ടുമുട്ടാം എന്ന സന്തോഷവും. പലരും മറ്റു നാടുകളിലേക്ക് ചേക്കേറി എന്ന സങ്കടവും. പിന്നെ എല്ലാത്തിന്റെയും കൂടെ ഉണ്ടായിരുന്നു "Cheap agri-mentality."

അഗ്രികൾച്ചർ പഠിച്ചവൻ അഗ്രികൾച്ചറിനെ തന്നെ "cheap" എന്ന് വിശേഷിപ്പിക്കുന്നത് വായിച്ച് എന്റെ കൊച്ചുകൂട്ടുകാർ പേടിക്കേണ്ട. "Cheap" ആകുന്നത് പലപ്പോഴും നല്ലതാണ് എന്നാണ് എന്റെ അനുഭവം തെളിയിക്കുന്നത്. പക്ഷേ ഈ ഒരു "phrase" സൃഷ്ടിച്ചത് എങ്ങനെയെന്ന് അറിയാൻ ഉള്ള ആഗ്രഹം നിങ്ങളുടെ മനസ്സിൽ ഉണ്ടാകും എന്നെനിക്ക് അറിയാം. പറയാം...

ഞാൻ ഹൈദരാബാദിലെ MANAGE എന്ന സ്ഥാപനത്തിലാണ് ബിരുദാനന്തരബിരുദത്തിനായി ചേർന്നത്. എന്റെ കൂടെ MBA മോഹവുമായി നടന്നവരൊക്കെ നല്ല നല്ല സ്ഥലങ്ങളിൽ എത്തിച്ചേർന്നിരുന്നു. മറ്റുള്ളവർ M.Sc. എടുക്കാൻ ഡൽഹിയിലേക്കും മറ്റു സ്ഥലങ്ങളിലേക്കും പോയി. ചിലർക്ക് ജോലി കിട്ടി. ചിലർ ജോലി അന്വേഷണത്തിന്റെ തിരക്കിൽ ആയി.

MANAGE ഒരു വ്യത്യസ്തമായ ലോകം ആയിരുന്നു. ഒരു ബിസിനസ്സ് സ്കൂൾ എന്നതിനേക്കാൾ MANAGE ഒരു "വടക്കേ ഇന്ത്യൻ കാർഷിക സർവകലാശാല" ആയിരുന്നു. ക്ലാസിൽ ഞാൻ മാത്രമായിരുന്നു മലയാളി. തെക്കേ ഇന്ത്യക്കാർ തന്നെ 5 പേർ മാത്രം. അറബിനാട്ടിൽ ചെന്നാൽ അറബിയുടെ നിയമങ്ങൾ അനുസരിക്കണമല്ലോ. അതുകൊണ്ട് MANAGE കൾച്ചർ അനുസരിച്ച് ജീവിച്ചു. ഇതിൽനിന്ന് മറ്റു സംസ്ഥാന-കാർഷിക-സർവ്വകലാശാലകളിലെ (SAUs)വിദ്യാർത്ഥി-സംസ്കാരം എന്താണെന്നു പഠിക്കാൻ എനിക്ക് അവസരം ഉണ്ടായി. എന്റെ MANAGEസഹപാഠികൾ പലരും Levi ജീൻസും Adidas ടി ഷർട്ടും ഇട്ടു നടക്കുന്നവർ ആയിരുന്നു. എന്നപോലെ SmallTown Midde-classകുടുംബങ്ങളിൽ നിന്ന്തന്നെയായിരുന്നു പലരും. പക്ഷേ നടുവിലാലിൽ ഉള്ള `ജീൻസ് കട` യിൽ നിന്ന് വാങ്ങിയ 300 രൂപ വിലയുള്ള ജീൻസ് ആയിരുന്നു ഞാൻ ഉപയോഗിച്ചിരുന്നത്!

**ഇതിന്റെ ആഹ്ലാദം പങ്കിടാൻ ഓരോ പേരു വിളിക്കുമ്പോഴും ഞങ്ങൾ ആർപ്പു വിളിക്കുകയും ഹോർട്ടികൾച്ചർ കോളേജിൽനിന്നും പഠിച്ച "Ta.. Ta.. Da.. Ta" യും വിളിക്കാൻ തുടങ്ങി.**

പുതിയ കൂട്ടുകാരെ അറിഞ്ഞു തുടങ്ങിയിരുന്നു. കേരളത്തിൽനിന്ന് വന്ന ഒരാളെ ശുക്രനിൽനിന്ന് വന്ന ആളിലും ചെറുതായി ആരും കരുതിയിരുന്നില്ല. അവരുടെ ഭാഷ ഹിന്ദി ആയിരുന്നു. ദൈവം സഹായിച്ച് സ്കൂളിൽ ഹിന്ദി പഠിച്ചതുകൊണ്ട് കുഴപ്പം ഇല്ലായിരുന്നു. പക്ഷേ ഒരു ചോദ്യം എന്നെ നിരാശപ്പെടുത്തി. "നിങ്ങൾ വീട്ടിൽ തെലുങ്ക് അല്ലെ പറയുന്നത്", എന്ന്. GK കുറച്ചു കൂടിയവർ "നിങ്ങൾ മലയാളി" എന്ന ഭാഷയല്ലേ സംസാരിക്കുക" എന്ന് പറഞ്ഞു കേട്ടപ്പോൾ ആത്മഹത്യ ചെയ്യാൻ തോന്നി!

സീനിയേഴ്സ് ആയിട്ടുള്ള ആദ്യത്തെ ഇടപെടലിൽ തന്നെ ഇന്ത്യയിലെ പല കാർഷിക സർവ്വകലാശാലകളിലെയും വിദ്യാർത്ഥികൾ തങ്ങളുടെ മുതിർന്ന ചേട്ടന്മാരെയും ചേച്ചിമാരെയും എന്ത് വിളിച്ചാണ് അഭിസംബോധന ചെയ്യുന്നത് എന്ന് മനസ്സിലായി. "സർ" അല്ലെങ്കിൽ "മാഡം" എന്നായിരിക്കും അവർ സീനിയേഴ്സിനെ വിളിക്കുന്നത്. ഒരു സുഹൃത്ബന്ധത്തിന്റെയും സഹോദരബന്ധത്തിന്റെയും മുകളിൽ പുതിയ അതിർവരമ്പുകൾ സൃഷ്ടിച്ച് ഒരു "boss-subordinate", പച്ചഭാഷയിൽ പറഞ്ഞാൽ "master-slave" ബന്ധം ഉണ്ടാക്കുകയാണ് പല കലാലയങ്ങളിലെയും സീനിയേഴ്സ്. നമ്മുടെ കോളേജിന് ഈ നിലയിലേക്ക് താഴേണ്ടിവരുന്ന അവസ്ഥ ഒരിക്കലും ഉണ്ടായിട്ടില്ല! ഇനി ഉണ്ടാകാതിരിക്കട്ടെ. Ragging നിയമങ്ങൾ ശക്തമാകുകയും അതിനുപരി ragging ഔട്ട്-ഓഫ്-ഫാഷൻ ആവുകയും ചെയ്ത ഈ കാലഘട്ടത്തിൽ ബഹുമാനം കിട്ടാൻ ഇങ്ങനത്തെ ഒരു "കൾച്ചർ" കൊണ്ടുവരുന്നത് കഷ്ടമാണ് എന്നെനിക്ക് തോന്നി.

ആദ്യത്തെ വർഷത്തിനുശേഷം Summer Project എന്ന രണ്ട് മാസത്തെ ഒരു Program ഉണ്ട് എല്ലാ MBA കോഴ്സുകളിലും. ഒരു അഗ്രികൾച്ചർ കമ്പനിയുമായി സഹകരിച്ച് ചെയ്യുന്നതാണ് ഈ പ്രോജക്ട്. കമ്പനികൾ ഇന്റർവ്യൂ നടത്തിയാണ് അവർക്ക് ആവശ്യമുള്ള വിദ്യാർത്ഥികളെ എടുക്കുന്നത്. ഒരു ബഹുരാഷ്ട്ര കീടനാശിനി കമ്പനിയുടെ ഇന്റർവ്യൂ നടക്കുമ്പോൾ ആദ്യം പോയ എന്റെ സുഹൃത്തുക്കൾ ചിലർ പറഞ്ഞു. "They are asking about diseases of rice." ഹെന്ത്... pathology?" ഷീലാ പോൾ മിസ്സിന്റെയും രഹുമത് നിസാ മിസ്സിന്റെയും കോശി സാറിന്റെയും ക്ലാസിൽ എന്തൊക്കെയോ കേട്ടിട്ടുണ്ടായിരുന്നു. Blast എന്നോ Sheath Blight എന്നോ ഒക്കെ. ഒന്ന് ചുഴിഞ്ഞു ആലോചിച്ചപ്പോൾ Lakshmi Disease ഓർമ്മ വന്നു. അതിന്റെ pathogen ന്റെ പേർ പഠിക്കാൻ ഞങ്ങളുടെ സുഹൃത്ത് അജിയെ ചൊല്ലി ഉണ്ടാക്കിയ കോഡും ഓർമ്മ വന്നു. You-still-Aji-No-Idea virens (Ustilaginoidea virens). പക്ഷേ പലർക്കും ഒരു Rice disease പോലും അറിയില്ലായിരുന്നു. അവിടെ നിന്നായിരുന്നു cheap agri mentality യുടെ തുടക്കം!

ഹൈദരാബാദിലെ തന്നെ മറ്റൊരു B-School Bb ICFAI Business School (IBS) നടത്തിയ ഒരു Marketing Plan മത്സരത്തിൽ പങ്കെടുക്കാൻ എനിക്ക് അവസരം ഉണ്ടായി. ഒടുവിൽ സമ്മാനദാന ചടങ്ങിൽ സമ്മാനം നേടിയ പലരും എന്റെ ക്ലാസ്മേറ്റ്സ് ആയിരുന്നു. ഇതിന്റെ ആഹ്ലാദം പങ്കിടാൻ ഓരോ പേരു വിളിക്കുമ്പോഴും ഞങ്ങൾ ആർപ്പു വിളിക്കുകയും ഹോർട്ടികൾച്ചർ കോളേജിൽനിന്നും പഠിച്ച "Ta.. Ta.. Da.. Ta" യും വിളിക്കാൻ തുടങ്ങി. അന്ന് എന്റെ പല "esteemed classmates" അതിനെ കളിയാക്കി വിളിച്ചതാണ് "cheap agri-mentality".

അന്നത് അഭിമാനത്തിന്റെ കരണം നോക്കി അടിച്ച ഒരു അടിയായി തോന്നിയെങ്കിലും ഇപ്പോൾ ഓർക്കുമ്പോൾ cheap agri-mentality പലരും പഠിപ്പിച്ചു. കൃഷിക്കാരെയും കീടനാശിനി വില്പനക്കാരെയുംപോലുള്ള ലളിതമായ ജീവിതവും ലളിതം അല്ലാത്ത "കോംപ്ലക്സും" ഉള്ളവരുമായി ആശയവിനിമയം നടത്താൻ അത് വളരെയേറെ സഹായിച്ചു. ഹോർട്ടികൾച്ചർ കോളേജ് തന്ന ഈ cheap agri-mentality, എളിമയോടെ. പക്വതയോടെ കാര്യങ്ങൾ വ്യക്തമാക്കാൻ നമ്മൾ ഇവിടെയാണ് പഠിക്കുന്നത്. കർഷകൻ മണ്ണിൽനിന്ന് പൊന്നു വിളയിക്കുന്നപോലെ നമ്മുടെ ശക്തി ഈ down-to-earth-nature ൽ ആയിരിക്കണം.

ഒരു കലാലയത്തിന്റെ ഏറ്റവും വലിയ കരുത്ത് അതിന്റെ വിദ്യാർത്ഥി സംസ്കാരമാണ് എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. വിദ്യാർത്ഥി സംസ്കാരം നമുക്ക് ചില തെളിവുകൾകൊണ്ട് അളക്കുവാൻ സാധിക്കും. പക്ഷേ ഒരു കലാലയത്തിലെ വിദ്യാർത്ഥിക്ക് മാത്രമേ അതിനു സാധിക്കൂ. അയാൾ മറ്റൊരു കലാലയത്തിലെ അംഗം ആകുമ്പോഴാണ് രണ്ടും തമ്മിൽ ഉള്ള സാമ്യതകളും വ്യത്യാസങ്ങളും തിരിച്ചറിയുന്നത്. Peer-group influence എന്ന് മനഃശാസ്ത്രത്തിൽ ഇതിനെ വിശേഷിപ്പിക്കാം. ഒരു വ്യക്തിയുടെ വികസനത്തിന് മുതൽക്കൂട്ട് ആകുന്നത് അയാളുടെ ബന്ധങ്ങളാണ്. കോളേജിൽനിന്ന് ലഭിക്കുന്ന ബന്ധങ്ങൾ ആയിരുന്നു എന്റെയും നിങ്ങളിൽ പലരുടെയും personality development ൽ സഹായകം ആയത്.

ഈ സംസ്കാരത്തെ കാത്തുസൂക്ഷിക്കേണ്ട കടമ നിങ്ങൾക്കുണ്ട്. പല മഹാന്മാരും കടന്നുപോയിട്ടുള്ള ഇടനാഴികളിൽ ആണ് നിങ്ങൾ നടക്കുന്നത്. ഭാവിയിൽ ലോകത്തിന്റെ എല്ലാ കോണുകളിലും എത്തി ചേർന്ന് ആ ഇടനാഴികളിലെ മണ്ണ് പരത്താൻ പോകുന്നവരാണ് നിങ്ങൾ. ഓരോ സീനിയർ ബാച്ചും ഇറങ്ങി പോകുമ്പോൾ തിരിച്ചു വരവിനായി ഒരുനാൾ മനസ്സിൽ കുറിക്കും. മടങ്ങി വരുമ്പോൾ, ആ കുടക്കീഴിൽ ഇരിക്കുമ്പോൾ ഇവിടെ ചെലവിട്ട നിമിഷങ്ങൾ ഒന്ന് തിരിച്ചു വന്നെങ്കിൽ എന്ന് അറിയാതെ ആഗ്രഹിച്ചു പോകും. നൊസ്റ്റാൾജിയയുടെ നിറവിൽ അവർക്ക് കൂട്ടാകുന്നത് ഇപ്പോഴും ചിലർ അവർ ജീവിച്ചപോലെ ജീവിക്കുന്നു എന്ന സംതൃപ്തിയാണ്.



ഓരോ സീനിയർ ബാച്ചും
ഇറങ്ങി പോകുമ്പോൾ
തിരിച്ചു വരവിനായി
ഒരുനാൾ മനസ്സിൽ കുറിക്കും.
മടങ്ങി വരുമ്പോൾ.
ആ കുടക്കീഴിൽ
ഇരിക്കുമ്പോൾ
ഇവിടെ ചെലവിട്ട
നിമിഷങ്ങൾ
ഒന്ന് തിരിച്ചു വന്നെങ്കിൽ
എന്ന് അറിയാതെ
ആഗ്രഹിച്ചു പോകും.

നവീകരിച്ച

# NEW

# S.A. സ്റ്റോഴ്സ്

**ഹോൾസെയിൽ സൂപ്പർമാർക്കറ്റ്**



**K.H. AFSAL**
MOB : 9447201811

## NEW S.A. STORES

***WHOLESALE SUPER MARKET***

Main Road, Pattikkad
Thrissur - 680 652.
Ph: 2282490, 2283490,
E-mail: newsastores@gmail.com

# NATIONAL FOOD SECURITY BILL

## *Need of the Hour*



**Dr. K. Surendra Gopal**
Associate Professor (Microbiology)
Department of Agricultural Microbiology



India has ¼ of the world's hunger. After the Green Revolution, the country produced enough food for itself but India has not yet been able to wipe out mass hunger which has led to the wide gap between rural and urban slums. It is said that forty percent of the population is malnourished.

After the 1991 wave of economic reforms, India's GDP has doubled, but 53 million more people now go to bed hungry every night. Matters have become more worse with increase in the food prices. Poor families, who spend more than 60 percent of their income on food usually struggle to stretch their meager kitchen budgets.

Even, smallholder farmers too have not been benefitted from these high retail prices as they usually receive far less price for their produce. Atleast a quarter of a million farmers crippled by debt have chosen to commit suicide. Clearly, the country is in the midst of both an agrarian and nutrition crisis. In order to overcome these problems of hunger or starvation including malnutrition, a new approach is needed to prevent hunger and starvation in our country. In this context, Govt. of India has taken a right step to ensure food and nutritional security in the country through National Food Security Bill (2011) which will be enacted into a law. If it is implemented effectively, the hunger can be reduced drastically. It is every citizens "Right" to have access for food and it should be ensured that the present hunger is eliminated in a phased manner.

National Food Security Bill, 2011 is a bill to provide food and nutritional security by ensuring access to adequate quantity of quality food at affordable prices, for people to live a life with dignity. The Act once implemented will be called the "National Food Security Act, 2011" and it will be extended to the whole of India. The important provisions of draft bill on food and nutritional security are:

1. **Right to receive food grains at subsidized prices by persons belonging to priority households and general households under the Targeted Public Distribution System (TPDS).**

2. **Nutritional support to pregnant women and lactating mothers.**

3. **Nutritional support to children.**
   Every child upto the age of fourteen years shall have the minimum nutritional needs.

4. **Prevention and management of child malnutrition**

The State Government shall, through the local anganwadi, identify and provide meal, free of charge to children who suffer from malnutrition, so as to meet the nutritional standards specified in Schedule II

5. **Implementation of Schemes for realization of entitlements.**

6. **Entitlements of special groups. The following special group shall have following entitlement, namely:-**
   a. All destitute persons shall be entitled to at least one meal every day, free of charge, in accordance with such scheme as may be prescribed by the Central Government.
   b All homeless and such other needy persons shall be entitled to affordable meals at community kitchens, in accordance with such scheme as may be prescribed by the Central Government:
   c. The entitlements under sub-sections (1) and (2) shall be applicable only after is notified by the respective State Governments
   d Every State Government shall notify the entitlements under sub-sections (1) and (2) within one year from the date of commencement of this Act.
   e. The migrants and their families shall be able to claim their entitlements under this Act, at the place where they currently reside.

7. **Emergency and disaster affected persons.**

8. **Persons living in starvation:**
The following meals or reliefs with immediate effect, in such manner as may be prescribed, namely:-
   (a) meals, two times a day, free of charge, for six months from the date of identification;
   (b) any other relief considered necessary by the state Government.



9. **Right to receive food security allowance in certain cases.**
In case of failure to supply the entitled quantities of food grains or meal to entitled persons under Chapters II, III and IV, such persons shall be entitled to receive food security allowance from the concerned State Government.

10. **Women of eighteen years of age or above to be head of household for purpose of issue of ration cards.**
   (1) The eldest woman who is not less than eighhteen years of age, in every priority household and general household, shall be deemed to be head of the household for the purpose of issue of ration cards.
   (2) Where a household at any time does not have a woman or a woman of eighteen years of age or above, but has a female member below the age of eighteen years, then, the eldest male member of the household shall be considered as head of the household for the purpose of issue of ration card and the female member, on attaining the age of eighteen years, shall be considered as the head of the household for the issue of such ration cards.

11. **For expeditious and effective redressal of grievances in matters relating to distribution of entitled foodgrains and meal under different Chapters of this Act, a District Grievance Redressal Officer, with required staff, shall be appointed by the State Government for each District, to enforce various entitlements under this Act, and investigate and redress grievances, in accordance with the manner prescribed by the Central Government.**

12. **State Food Security Commission**
Every State Governmental shall constitute a State Food Security Commission for the purpose of monitoring and review of implementation of this Act.

**13. National food Security Commission**

The Central Government shal constitute a body known as the National Food Security Commission to perform the functions assigned to it under this Act

**14. Central Government to allocate required quantity of food grains from central pool to State Governments.**

**15. Implementation and monitoring of schemes for ensuring food security.**

1 The State Government shall be responsible for implementation and monitoring of the schemes of various Ministries and Departments of the Central Government in accordance with guidelines issued by the Central Government for each scheme, and their own schemes, for ensuring food security to the targeted beneficiaries in their State

2 Under the Targeted Public Distribution System, it shall be the duty of the State Government to -

(a) Take delivery of foodgrains from the designated depots of the Central Government in the State, at prices specified in the Schedule I, organize intra-state allocations for delivery of the allocated foodgrains through their dedicated agencies at the door-step of each fair price shop, and

(b) ensure actual delivery or supply of the foodgrains to the entitled persons at prices specified in Schedule I

3 In case of failure to supply the entitled quantities of foodgrains or meal to entitled persons under different chapters, the State Government shall be responsible for payment of food security allowance specified in section 12

4 For efficient operations of the Targeted Public Distribution System, every State Government shall create and maintain scientific storage facilities at the state, District, and Block levels, sufficient to accommodate foodgrains required under the Targeted Public Distribution system and other food based welfare schemes.



**16. Disclosure of records of Targeted Public Distribution**

**17. Conduct of social audit.**

1 Every local authority or municipality or Panchayati Raj Institution or urban local body, or any other authority or body, as may be authorized by the State Government, shall conduct or cause to be conducted, periodic social audits on the functioning of fair price shops.

**18. Setting up of Vigilance Committees**

For ensuring transparancey and proper functioning of the Targeted Public Distribution System and accountability of the functionaries in such system, every State Government shall set up Vigilance Committees as prescribed, giving due representation to the Panchayati Raj Institutions in rural areas and urban local bodies in

urban areas, as well as the scheduled Castes, the Scheduled Tribes, women and destitute persons or persons with disability

2. The Vigilance Committees shall perform the following functions, namely -
   a. Regularly supervise the implementation of all schemes under the Act.
   b. Inform the District Grievance Redressal Officer, in writing, of any violation of this Act
   c. Inform the District Grievance Redressal Officer, in writing, of any malpractice or misappropriation of funds found by it.

**19. Steps to further advance food and nutritional security.**

**20. Nutritional Standards:**

The Nutritional standards for children in the age group of 6 months – 3 years, age group of 3-6 years and pregnant and lactating women required to be met by providing of "Take Home Rations" and or nutritious cooked meal or ready to eat meal in accordance with the Integrated Child Development Services Scheme and nutritional standards for children in lower and upper primary classes under the Mid day Meal scheme

**21. Coverage under Targeted Public Distribution System**

## Rural

Upto 75 per cent, of the total population, with at least 46 per cent Population belonging to priority households

## Urban

Upto 50 percent of total Population. With at least 28 percent population belonging to priority households

If these provisions mentioned in the draft are enacted as law and effectively implemented, it will go a long way in ensuring food and nutritional security for the present and future generations of poor and hungry people (Hope So...)

# Lab Essentials

## Essentially yours for life!



**Reagents & Chemicals**

- Classical Reagents
- Karl Fischer Reagent : Volumetric & Coulometric
- High Purity Solvents for HPLC, GC & NMR
- Liquid Detergents : Extran (Manual & apparative cleaning)
- Buffers
- Dried Solvents – SeccoSolv / SeccoSept
- Certified Reference Materials
- Water Testing Kits

**Analytical Chromatography**

- HPLC Columns : Analytical & Semi Prep
- TLC / HPTLC Plates
- Solid Phase Extraction Cartridges

**Clinical Lab Care**

- Reagents for Diagnostic Laboratories
- Instruments for Diagnostic Laboratories

**Lab Equipment & Accessories**

- Laboratory Glassware
- Liquid Handling Products & Plasticware
- Weighing Instruments
- Electrochemistry Instruments
- Photometers for Water Analysis
- Ovens & Incubators

For more information, Please visit : www.merck-chemicals.in

Merck Millipore is a division of MERCK

# കളിയിൽ അല്പം കാര്യം



എതിർക്കളത്തിൽനിന്നും 'കാലാൾ' അനങ്ങിയപ്പോൾ,
ഞാൻ പരിഭ്രമിച്ചില്ല
എന്റെ പോർക്കളത്തിൽ തേരും കുതിരയും ഇനിയുമുണ്ടല്ലോ.
പക്ഷേ...
കാലാളും ഒരു പോരാളിയാണെന്ന സത്യം
ഞാൻ മറന്നു
എന്റെ തേരും കുതിരയുമെല്ലാം, വെട്ടിവീഴ്ത്തപ്പെടുന്നത്
നോക്കിനിൽക്കാനേ എനിക്കായുള്ളൂ.

# Breeze...



Breeze is a simple and gentle force
that is evergiving
An energy that is pure in nature
and constant in its presence
It is the sign of purity which
moves the world
An invisible force that has
the power to move leaves, flowers
and even our hearts, imparting
an energy of living



**Ann Varghese K.**
**Nakshthra '11**



# Facebook Addicted



ശ്രീപ്രിയ
അരിസ്റ്റസ്" 10

Wall
Info
Photos (419)
Notes
Friends

Friends (461)



ഫോൺ വീണ്ടും ശബ്ദിച്ചു. ഫേസ്ബുക്കിൽ ഒരു സുഹൃത്തിന്റെ 'status update' നോക്കൂ എന്ന്. എന്താണാവോ ഇത്ര കൗതുകമായ 'status' എന്നറിയാൻ 'check' ചെയ്തു.

'Dear friends, one of my friend 'meenu' is admitted in hospital in critical stage. She may undergo a surgery soon. Please pray for her.'

* We will da...
* Ur class mate??
* Who is she??
* Enthada avalk pattiye???
* aake senti aanalo???

ആഘോഷമാക്കിയിരിക്കുന്നു. അപ്പോൾ തോന്നിയ അമർഷം, ദേഷ്യം എന്തിനെന്ന് ചോദിക്കാൻ ആൾക്കാരുണ്ടാകും. ഒരു പേന കളഞ്ഞുപോയാൽ, ഒരു 'hair pin' കളഞ്ഞുപോയാൽപോലും 'status update' ചെയ്തു 100 comments വാങ്ങുന്നവരുടെ ഈ ലോകത്ത് ഇതൊന്നും കണ്ട് ദേഷ്യപ്പെടുന്നതിനോ ഇങ്ങനെ ചെയ്തതിനുള്ള വികാരം ചികയുന്നതിലോ അർത്ഥമില്ല. പക്ഷേ എന്തുകൊണ്ടോ ഇത് വല്ലാതെ വേദനിപ്പിച്ചു. അപ്പോൾ എന്റെ മനസ്സിൽ ഹോസ്പിറ്റൽ ബഞ്ചിൽ ദിവസങ്ങളോളം 'ICU' വിന്റെ മുന്നിൽ മകളുടെ



ജീവൻ നിലനിർത്താൻ ഇനി എന്ത് ? എങ്ങോട്ട് ?എന്ന് ആലോചിക്കുന്ന ഒരു അമ്മയുടെ മുഖം മാത്രമായിരുന്നു. മകളുടെ നൃത്തം കണ്ട് അഭിമാനം കൊണ്ടിരുന്ന. അവളുടെ പാട്ട് കേട്ട് ആനന്ദിച്ചിരുന്ന. ആ അമ്മ എങ്ങനെ നിശ്ചലമായ അവളുടെ ശരീരം കണ്ടുനിൽക്കുന്നു?! 5 ദിവസമായി കണ്ണ് ഒന്ന് തുറക്കുകപോലും ചെയ്യാതെ 'coma' എന്നും 'stroke' എന്നും മാറി മാറി ഡോക്ടർമാർ പറയുമ്പോൾ ആ ഹൃദയത്തിൽ ഉണ്ടായ നിരന്തരമായ പതർച്ച. അതാവും എന്റെ ജീവിതത്തിൽ ഏറ്റവും വേദനിപ്പിച്ചത്. ആരെയെങ്കിലും കുറിച്ച് ഏതെങ്കിലും ഒരു വാർത്ത അറിയുമ്പോഴുണ്ടാകുന്ന കൗതുകം. ഫോൺ കോളുകൾക്ക് ഉത്തരം പറഞ്ഞു ഞാൻ മടുത്തുവെങ്കിൽ ആ അമ്മയുടെ അവസ്ഥ എന്താവും. സ്ത്രീയുടെ ശക്തിയെക്കുറിച്ച് ഒരുപാട് വായിച്ചു... കേട്ടു. അതെന്ത് എന്ന് തിരിച്ചറിഞ്ഞ ദിവസങ്ങളായിരുന്നു അത്. ആ ജീവൻ കൈവിട്ട് പോകുമെന്ന് ഉറപ്പായ സമയത്തുപോലും അവർ വിശ്വസിച്ചു... തിരിച്ചുവരുമെന്ന്. 20 വർഷം ഭദ്രമാക്കിവെച്ച ആ ജീവനെ വിട്ടുകൊടുക്കാൻ അവർ തയ്യാറായിരുന്നില്ല... തിരിച്ചുപിടിച്ചു. അവൾ വീണ്ടും പുഞ്ചിരിച്ചു.

പിന്നീടൊരിക്കൽ അവളെ കാണുമ്പോൾ അമ്മയുമായി ചേർന്ന് ആശുപത്രിയിലെ വിശേഷങ്ങൾ കൗതുകത്തോടെ പറയുന്നതാണ് കേട്ടത്. തനിക്കൊന്നും സംഭവിച്ചിട്ടില്ലെന്ന് സ്വയം വിശ്വസിപ്പിക്കുന്നതുപോലെ. അവൾ അറിഞ്ഞിരുന്നില്ല. തന്റെ ഈ അവസ്ഥ ആഘോഷമാക്കിയ കുറെ 'friends'നെ കുറിച്ചും മകൾക്ക് ഒരിറ്റു വെള്ളമിറക്കാൻ പറ്റുന്നില്ലല്ലോ എന്നോർത്ത് വിലപിച്ച ഒരമ്മയെക്കുറിച്ചും.

അവൾ വീണ്ടും പഴയ ലോകത്തേക്ക്. ആ അദ്ധ്യായത്തിന്റെ ഓർമ്മകൾപോലും ഇനി അവളെ വേട്ടയാടാതിരിക്കട്ടെ...

വീണ്ടും 'comment' കൾ കണ്ടില്ല. എങ്ങനെയുണ്ട് അവൾക്കെന്ന് ആരും അന്വേഷിച്ചില്ല. എന്തിന് പുതിയ 'status' കൾ. പുതിയ ആഘോഷങ്ങൾ...?!

# Manifesting Leadership





# Not me... But You...

## NSS CO-ORDINATORS



Dr. D. Girija



Dr. Ajith Kumar

## STUDENT CO-ORDINATORS



Nithin



Neethu













# വയൽ നാടിനെ അറിഞ്ഞ് ഒരു

## NSS Camp



**ഫർസാന ഷാമിൻ പി.**
കാലിസ്റ്റോ '09

*'മഞ്ഞിൽ പുതഞ്ഞു കിടക്കുന്ന തേയിലത്തോട്ടങ്ങളുള്ള... പ്രകൃതിയുടെ ഉറവയായ മീൻമുട്ടിയും കുറുവയും സൂചിപ്പാറയുമുള്ള വയനാട്'. മുത്തങ്ങ വനവും എടക്കൽ ഗുഹയും മനസ്സിൽ കോറിയിട്ട ചിത്രങ്ങളിലെവിടെയോ വയനാട് ഉടക്കി നിന്നു. ഫ്രെയിമുകളിൽനിന്ന് യാഥാർത്ഥ്യങ്ങളിലേക്കുള്ള ദൂരം മനസ്സിലാക്കിയ ഈ യാത്രയിൽ വയനാടിനെ അ റിയാൻ ഇ നിയും ബാ ക്കി വെച്ച് ഞ ങ്ങൾ മടങ്ങി... ആ യാത്രയിലൂടെ..."*



പതിവിനു വിപരീതമായി ഈ വർഷത്തെ (2012) NSS Camp വയനാട്ടിലാണെന്ന് പറഞ്ഞറിഞ്ഞപ്പോൾ മുതൽ ഞങ്ങളുടെ സ്വപ്നങ്ങളിൽ വയനാട് പൂക്കാൻ തുടങ്ങി. അങ്ങനെ പാലക്കാടും തൃശൂരും വിട്ട് വയലുകളുടെ നാടായ... എന്നാൽ വയലുകൾ ക്ഷയിച്ചുകൊണ്ടിരിക്കുന്ന വയനാട്ടിൽ ഞങ്ങൾ എത്തിച്ചേർന്നു.


2012 ഫെബ്രുവരി 25 നു നേരത്തെ തീരുമാനിക്കപ്പെട്ട പ്രകാരം ഹോർട്ടിയുടെ പടക്കുതിരയിൽ ഞങ്ങൾ വയനാട്ടിലേക്കു കുതിച്ചു. ഞരങ്ങിയും ഉറങ്ങിയും തകർത്ത ഹോർട്ടിയിലെ NSS വോളണ്ടിയർമാർക്കു കൂട്ടായി ഫോറസ്ട്രിയിലെ ആനന്ദും സാരഥികളും ഞങ്ങളുടെ ബസ്സിൽ കയറി. പുലർച്ചെ 5.30 നു തുടങ്ങിയ യാത്ര വയനാട്ടിലെ മാനന്തവാടി - 'ബോയ്സ് ടൗണിൽ അവസാനിച്ചത് വൈകുന്നേരം 4.30 നാണ്. 'ബോയ്സ് ടൗൺ' എന്ന പേരിൽ എല്ലാ കൗതുകവും ഉൾക്കൊണ്ടുകൊണ്ട് പെൺകുട്ടികളാൽ സമ്പന്നമായ 107 പേരടങ്ങുന്ന ഞങ്ങളുടെ സംഘം അങ്ങനെ ബോയ്സ് ടൗണിൽ കാലുകുത്തി. ഹോർട്ടിയിൽനിന്ന് ഗിരിജ ടീച്ചറും അജിത് സാറും, ഫോറസ്ട്രിയിൽനിന്ന് സന്തോഷ്കുമാർ സാറും - തവനൂർ കോളേജിൽനിന്ന് സുധീർ സാറും ബോയ്സ് ടൗണിലെ WSSS (Wayanad Social Service Society) ട്രെയിനിംഗ് സെന്ററിൽ ഞങ്ങൾക്കുവേണ്ടി താമസം ഒരുക്കിത്തന്നിരുന്നു.

തേയിലത്തോട്ടങ്ങൾ മാറ്റുകൂട്ടുന്ന ബോയ്സ് ടൗണിലെ പള്ളിയങ്കണത്തിൽവെച്ച് ട്രക്കിംഗും യോഗയുമടക്കം ആരോഗ്യപരമായ ഒരന്തരീക്ഷത്തിലാണ് ഞങ്ങൾ പ്രവർത്തനങ്ങൾ തുടങ്ങിയത്. ടീച്ചേഴ്സിന്റെ കൂട്ടലും കിഴിക്കലും കഴിഞ്ഞ് അങ്ങോട്ടുമാറ്റി - ഇങ്ങോട്ട് മാറ്റി 107 പേരടങ്ങുന്ന സാന്ത്വനത്തിലെ NSS അംഗങ്ങളെ ധ്വനി, നാമ്പ് എന്നിങ്ങനെ രണ്ടായി വിഭജിച്ചു. പല ആത്മമിത്രങ്ങളെയും വിട്ടുപോവാനുള്ള മടികൊണ്ട് ഗ്രൂപ്പുകളിക്കിടയിൽ കസേരകളി നടത്തിയവരും കുറവല്ല. അങ്ങനെ ആദ്യദിനം മുതൽ മനസ്സിലുള്ള അതൃപ്തി പുറത്തു കാട്ടാതെ മുഖത്തു പുഞ്ചിരി വരുത്തി ഞങ്ങൾ ക്യാമ്പിന്റെ ഭാഗമായി മാറി.

ഗിരിജ ടീച്ചറുടെ പല യോഗമുറകളും അഭ്യസിക്കാൻ അതിരാവിലെ വളരെ താത്പര്യത്തോടെയാണ് ഞങ്ങൾ ചെന്നത്. ഗിരിജ ടീച്ചർക്കു മാത്രം വഴങ്ങുന്ന ചില യോഗമുറകൾ അതേപടി അനുകരിക്കാൻ നോക്കിയ 'ചിക്കുമോൾ' നിലത്ത് നിരങ്ങിയതും അതേ സമയം ഗിരിജ ടീച്ചർ ഗിരിജ ടീച്ചറാണെന്നും ഞങ്ങൾ ഗിരിജ ടീച്ചറല്ലെന്നും തിരിച്ചറിവു വന്ന പലരും അഭ്യാസം നിർത്തിയതും കൗതുകമായി. അന്നേദിവസം കർഷക ആത്മഹത്യയെക്കുറിച്ചുള്ള സർവ്വേയിൽ പങ്കെടുക്കാൻ ഞങ്ങൾ തൃശ്ശിലേരി, തൊണ്ടർനാട് പഞ്ചായത്തുകളിലും കുഞ്ഞോം എന്ന ആദിവാസി കോളനിയിലേക്കുമായി വിഭജിക്കപ്പെട്ടു. കുഞ്ഞോം പ്രദേശത്തെ



തരക്കേടില്ലാത്ത വീട്ടിൽ കയറിയ പുച്ഛിമോൾ ഗൃഹനാഥനോട്...പുച്ഛിമോൾ:ചേട്ടാ... ഞങ്ങൾ കാർഷിക സർവ്വകലാശാലയിൽ നിന്നും വരുന്ന വിദ്യാർത്ഥിനികളാണ് ഇവിടത്തെ കൃഷിരീതികളെക്കുറിച്ചറിയാനാണ് ഞങ്ങൾ വന്നത്.



ഗൃഹനാഥൻ: വിദ്യാർത്ഥിനികളോ...? തീവ്രവാദികളാണ് നിങ്ങൾ കൊടും തീവ്രവാദികൾ എന്റെ വീടിനു മുന്നിലൂടെ നടന്നുപോയ രണ്ടു തീവ്രവാദികളെക്കൂടെ നിങ്ങൾക്കു കാണിച്ചു തരാം.
കേട്ടപാതി കേൾക്കാത്ത പാതി പുച്ഛഭാവംകൊണ്ട് പ്രശസ്തമായ പുച്ഛിമോളുടെ മുഖത്തെ ഭാവം അനിർവ്വചനീയമായിരുന്നു. ഉള്ളിൽ ചെന്ന പുച്ഛിമോൾ തവനൂർ കോളേജിലെ രണ്ടു തീവ്രവാദികളെക്കൂടി കണ്ടു. തീവ്രവാദികൾ പരസ്പരം പുഞ്ചിരിച്ചു. അവസാനം 'മന്ത്രവാദി' എന്നു സ്വയം വിശേഷിപ്പിക്കുന്ന അയാളുടെ വീട്ടിൽനിന്ന് തീവ്രവാദികൾ എങ്ങനെയൊക്കെയോ രക്ഷപ്പെട്ടു.

കർഷക ആത്മഹത്യയെക്കുറിച്ചു നടത്തിയ സർവ്വേയിൽ കർഷകർ അവരുടെ പ്രശ്നങ്ങൾ ഞങ്ങളുമായി ചർച്ച ചെയ്തു. ജലലഭ്യതക്കുറവ്, ശാസ്ത്രീയമായ ജലസേചനത്തിന്റെ അഭാവം, വിപണി വില നിലവാരത്തിലെ അജ്ഞത, ഉത്പന്നങ്ങളുടെ വിലസ്ഥിരതയില്ലായ്മ എന്നിവയായിരുന്നു ഞങ്ങൾ കണ്ടെത്തിയ പ്രധാന പ്രശ്നങ്ങൾ. വയനാട്ടിൽ പല ഉൾനാടൻ പ്രദേശങ്ങളിൽപ്പോലും കൃഷി ഓഫീസർമാരുടെ സേവനം ലഭ്യമല്ല എന്ന വസ്തുത ഞങ്ങളെ ഞെട്ടിച്ചു. ശാസ്ത്രീയമായ കൃഷി രീതികൾ സ്വീകരിക്കാനുള്ള ഒരു വിഭാഗം കർഷകരുടെ താത്പര്യമില്ലായ്മയും, ലോൺ മറ്റു പല ആവശ്യങ്ങൾക്കുമായി വിനിയോഗിച്ചതും വയനാട്ടിലെ കർഷകരെ പ്രശ്നങ്ങളിൽനിന്നു പ്രശ്നങ്ങളിലേക്കു നയിച്ചു.

ലോൺ എടുത്ത് ഇഞ്ചികൃഷി നടത്തിയ ജോജി എന്ന കർഷകനുമായി ഞങ്ങൾ കൂടിക്കാഴ്ച നടത്തി. ഈ വർഷം ഇഞ്ചിയുടെ അമിതോത്പാദനം മൂലം അദ്ദേഹത്തിനു 3 ലക്ഷം രൂപ നഷ്ടം സംഭവിച്ചിരുന്നു. എന്നാൽ, ഇഞ്ചിയോടൊപ്പം മറ്റു കൃഷികളും അവലംബിച്ചത് രക്ഷയായെങ്കിലും മറ്റു കർഷകരെപ്പോലെ സ്ഥിരമായൊരു വരുമാനമില്ല എന്ന പ്രശ്നം അദ്ദേഹവും എടുത്തുപറഞ്ഞു. കൂടാതെ കർണ്ണാടകയിൽ കർഷകർ സ്ഥലം പാട്ടത്തിനെടുത്ത് ഇഞ്ചികൃഷി നടത്തി നൂതനകൃഷി മാർഗ്ഗങ്ങളിലൂടെ ഉത്പാദനം വർദ്ധിപ്പിച്ചതും വയനാട്ടിലെ കർഷകരുടെ ഇഞ്ചികൃഷിയെ തളർത്തി.

സ്ഥിരവരുമാനമില്ലാത്ത ഭൂരിഭാഗം കർഷകരേയും എന്നാൽ ഒരു കോടി രൂപ വരെ ആസ്തിയുള്ള വിരലിലെണ്ണാവുന്ന കർഷകരെയും ഞങ്ങൾ കണ്ടു. കുരുമുളക് പ്രധാന കൃഷിയായി സ്വീകരിച്ച അദ്ദേഹത്തിന്റെ കൃഷിയിടത്തിൽ തേവം തുടങ്ങിയ ഒന്നുരണ്ടു പുതിയ ഇനങ്ങളല്ലാതെ മറ്റെല്ലാ കുരുമുളക് ഇനങ്ങളും ഉണ്ട്. ഇഞ്ചികൃഷിയിൽ നഷ്ടം സംഭവിച്ചെങ്കിലും അത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സാരമുള്ളതായി തോന്നിയില്ല. ഗവൺമെന്റിന്റെ അനാസ്ഥമൂലം BPL കാറ്റഗറിയിലുള്ള പലരും APL കാറ്റഗറിയിൽ ആണെന്നും അതിൽ തന്നെ കൂലിപ്പണിക്കാരനായ മകന്റെ തണലിൽ ജീവിക്കുന്നു എന്ന പേരിൽ കർഷകത്തൊഴിലാളി പെൻഷൻപോലും നിഷേധിക്കപ്പെട്ട ഒരു പഴയ കർഷകനേയും കാണാൻ കഴിഞ്ഞു. കൃഷിയിൽനിന്ന് ജീവിതമാരംഭിച്ച്, എന്നാൽ ഇപ്പോൾ കൃഷി ഉപേക്ഷിച്ച് കച്ചവടം നടത്തി വരുന്ന ചന്ദ്രൻ എന്ന കച്ചവടക്കാരന്റെ വാക്കുകളിൽ സർക്കാരിനോടും കൃഷിവകുപ്പിനോടുമുള്ള വിശ്വാസമില്ലായ്മ നിഴലിച്ചിരുന്നു. സമീപ ആദിവാസി കോളനിയിൽ NABARD - ന്റെ സഹായവും കൃഷി വകുപ്പിന്റെയും സർക്കാരിന്റെയും ആനുകൂല്യങ്ങളും അവരുടെ ജീവിതനിലവാരം ഉയർത്തിയതു നേരിട്ടറിയാൻ കഴിഞ്ഞു. എന്നിരുന്നാലും ആദിവാസി കോളനിയിലും സമീപപ്രദേശത്തുമുള്ള മദ്യപാനം ഒരു സാമൂഹികപ്രശ്നമായി പരിസരവാസികൾ എടുത്തുപറഞ്ഞു. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ പല കർഷകരും ലോണിനായി ആശ്രയിച്ചിരുന്നത് കനറാ ബാങ്ക്, സഹകരണ ബാങ്ക് എന്നീ ബാങ്കുകളേയായിരുന്നു. ചിട്ടിക്കമ്പനിയിൽനിന്ന് ഗോൾഡ് ലോൺ എടുത്ത് കൃഷി നടത്തിയവരും കുറവല്ല.



ഈ വസ്തുതകളെല്ലാം ചൂണ്ടിക്കാട്ടി വയനാട് ബത്തേരിയിൽവെച്ചു നടന്ന കാർഷിക സെമിനാറിൽ ഞങ്ങൾ റിപ്പോർട്ട് അവതരിപ്പിച്ചു. കാർഷിക സർവ്വകലാശാലയിൽനിന്നു വന്ന വിദഗ്ദ്ധരുടെ ക്ലാസുകളോടെ

അന്നത്തെ സെമിനാർ അവസാനിച്ചു. തിരിച്ച് ബോയ്സ് ടൗണിൽ എത്തിയ ഞങ്ങളെ കാത്തിരുന്നത് ക്യാമ്പ് പത്രത്തിന്റെയും മാഗസിനുകളുടെയും പ്രവർത്തനങ്ങളായിരുന്നു.

ക്ലോക്കിൽ മണി 12 അടിച്ചിട്ടും ക്യാമ്പ് അംഗങ്ങൾ തല പുകച്ച് വാർത്തകളുണ്ടാക്കുകയും രണ്ടുമൂന്നു പേർ ഒരുമിച്ച് ഒരു ചാർട്ടിൽ വാർത്തകളെഴുതുകയും ചെയ്തത് തുടർന്നുകൊണ്ടേയിരുന്നു. ആ പ്രവർത്തനങ്ങളിൽനിന്ന് നിമിഷകവികളും നിമിഷസാഹിത്യകാരന്മാരും പിറവിയെടുത്തതിൽ അത്ഭുതപ്പെടാനില്ല. അങ്ങനെ 'ധ്വനിയും' 'നാമ്പും', 'തൂലിക' 'ബോധന'




എന്ന പേരിൽ ആദ്യ കയ്യെഴുത്തു പത്രങ്ങൾ പൂർത്തിയാക്കി. തുടക്കത്തിൽ ക്യാമ്പ് പത്രത്തെ ഞങ്ങൾ മനസ്സാ ശപിച്ചു എങ്കിലും പിറ്റേന്ന് രാവിലെ ആ പത്രങ്ങൾ നല്കിയ ഊർജ്ജവും ഉന്മേഷവും അടുത്തതിലേക്കുള്ള പ്രചോദനമായി മാറി.

അടുത്ത രണ്ടു ദിനങ്ങൾ ബോയ്സ് ടൗണിലും പരിസരപ്രദേശങ്ങളിലുമായി ചുരുങ്ങിയപ്പോൾ ക്യാമ്പ് അംഗങ്ങൾ തമ്മിലുള്ള തുറന്ന ഒരു ആശയവിനിമയത്തിന് അതു വഴിയൊരുക്കി. ആദ്യം ഗ്രൂപ്പു തിരിച്ചപ്പോൾ തോന്നിയ നിരാശയെ അസ്ഥാനത്താക്കിക്കൊണ്ടാണ് എല്ലാവരും പരസ്പരം ഇടപഴകിയത്. ഹർത്താലുകാരണം ഒരു ദിവസം ട്രെയിനിംഗ് സെന്ററിൽ തന്നെ ഒരുക്കിയ സ്ഥലങ്ങളിൽ വരാണസി കംപോസ്റ്റ് നിർമ്മാണമായിരുന്നു ഞങ്ങൾ ചെയ്തത്. അന്നുതന്നെ നാലഞ്ചു മഹിളകൾ അടുക്കളയിൽ ഗ്രേസിചേച്ചിയെ പച്ചക്കറി അരിയാൻ സഹായിച്ചത് ചിലരുടെ 'ജീവിതം' തന്നെ മാറ്റി മറിച്ചു. കൂട്ടത്തിൽ തട്ടത്തിനുള്ളിലെ സുന്ദരി കാബേജെങ്കിലും വൃത്തിയായി അരിയാൻ പഠിച്ചതിൽ സംതൃപ്തിയടഞ്ഞു.

വൈകീട്ട് അടുത്തുള്ള 'വെള്ളച്ചാട്ടം' കാണാൻ പ്രാകൃത രീതിയിൽ റോഡ് കയറിയതും ഇറങ്ങിയതും ഒരു അംഗത്തിനും മറക്കാനാവില്ല. ആനന്ദ് മുതൽ PB യിലൂടെ മിഷ വരെ മനുഷ്യച്ചങ്ങല തീർത്ത് റോഡ് ഓടിക്കയറിയതും, ഒരു അലർച്ച കേട്ട് തിരിഞ്ഞു നോക്കിയപ്പോൾ ഓടി വരുന്ന ഫസലുദ്ദീനെ കണ്ട് പലരും അലറിയതും രസകരമായി. തൃശ്ശിലേരിയിലും ബോയ്സ് ടൗണിലും നേഴ്സറി ബെഡും വെജിറ്റബിൾ ഗാർഡനും ഒരുക്കിയ ഒരു ബുധനാഴ്ചയാണ് ഞങ്ങൾക്കു റേഡിയോ ടോക്ക് ഉണ്ടായിരുന്നത്. അന്നു വൈകീട്ട് നടക്കാനിരിക്കുന്ന, വയനാട്ടിലെ FM റേഡിയോ ആയ 'മാറ്റൊലി'യിൽ സംസാരിക്കുന്നതിന്റെ ടെൻഷനിലായിരുന്നു എല്ലാവരും. ഇഞ്ചിയും കുരുമുളകും തുടങ്ങി പ്രാധാന്യമുള്ള പല വിളകളും ഞങ്ങൾ റേഡിയോ ടോക്കിനുള്ള വിഷയങ്ങളായി തെരഞ്ഞെടുത്തു. ഒറ്റയ്ക്കും, ഗ്രൂപ്പു ചർച്ചകളായും, പാനൽ ചർച്ചകളായും റേഡിയോ ടോക്ക് നടത്താനായിരുന്നു തീരുമാനിച്ചത്. അതിനായി തെരഞ്ഞെടുത്ത വിഷയങ്ങളെക്കുറിച്ചറിയാൻ കാർഷിക സർവ്വകലാശാലയിൽനിന്ന് പുസ്തകങ്ങൾ വരുത്തിയും അദ്ധ്യാപകരോട് സംശയങ്ങൾ വിളിച്ചു ചോദിച്ചും ഞങ്ങൾ റേഡിയോ ടോക്കിന് തയ്യാറെടുത്തു. നിങ്ങൾ ഇവിടെ നിന്നു പോയാലും നിങ്ങളുടെ ശബ്ദം വയനാട്ടിൽ മുഴുവൻ മാറ്റൊലിയിലൂടെ അലയടിക്കും എന്നു വളരെ സന്തോഷത്തോടെ പറഞ്ഞ സുധീർ സാറിന്റെ വാക്കുകൾ ഞങ്ങളുടെ ചെവിയിലൂടെ കടന്ന് ഹൃദയത്തിൽ പെരുമ്പറ കൊട്ടി.

റേഡിയോ ടോക്കിനുള്ള വിഷയങ്ങൾ എഴുതിയെടുത്ത്, പഠിച്ച് പല തവണ അദ്ധ്യാപകർക്കു മുന്നിൽ അവതരിപ്പിച്ചു. വളരെ വേഗത്തിൽ സംസാരിച്ചിരുന്ന പലരും വേഗത കുറച്ച് മിതത്വത്തോടെയും ഒതുക്കത്തോടെയും സംസാരിച്ച് റേഡിയോ ടോക്ക് ഗംഭീരമാക്കി. റേഡിയോ ടോക്ക് കഴിഞ്ഞ് ഇറങ്ങുമ്പോഴേയ്ക്കും പലരും പല വിഷയങ്ങളിലും വിദഗ്ദ്ധരായിത്തീർന്നിരുന്നു. ഞങ്ങളറിയാതെ ഞങ്ങളുടെ ആത്മവിശ്വാസം ഉയർത്തിയ 'മാറ്റൊലി'യിലൂടെ ഞങ്ങളുടെ ശബ്ദം ചിലപ്പോൾ വയനാട്ടിൽ അലയടിക്കുന്നുണ്ടാവാം.

എടവക ഗ്രാമപഞ്ചായത്തിൽവെച്ചു നടന്ന ഒരു കാർഷിക സെമിനാറിലൂടെ കർഷകരുടെ പ്രാഗത്ഭ്യവും അറിവും നേരിട്ടറിഞ്ഞപ്പോൾ ഞങ്ങൾ പഠിച്ചതും പഠിക്കുന്നതുമെല്ലാം ഒന്നുമല്ല എന്നു മനസ്സിലായി. എന്നിരുന്നാലും കാർഷിക പ്രവൃത്തി പരിചയം കൂടുതൽ സ്വായത്തമാക്കാനുള്ള ഒരു ഊർജ്ജം ആ സെമിനാറിൽനിന്നു ലഭിച്ചു. പായസമടക്കമുള്ള ഉച്ചയൂണും കഴിഞ്ഞ് കുറുവ ദ്വീപും സന്ദർശിച്ച് ഞങ്ങൾ ബോയ്സ് ടൗണിലേക്കു മടങ്ങി.

ക്യാമ്പിന്റെ ഭാഗമായി സന്ദർശിക്കാമെന്നു കരുതിയ സൂചിപ്പാറ-മീൻമുട്ടി വെള്ളച്ചാട്ടങ്ങളും മുത്തങ്ങ വനവും അദ്ധ്യാപകരുടെ മോഹന വാഗ്ദാനം മാത്രമായി ഒതുങ്ങിയപ്പോൾ ഈ സ്ഥലങ്ങളിൽ എത്തിപ്പെടാമെന്ന വ്യാമോഹത്തോടെ വഴി തെറ്റി. സഞ്ചരിച്ച ഞങ്ങൾക്ക് ഉത്തരവയനാട്ടിലെ ഓരോ ഊടുവഴികളും മനഃപാഠമായി മുത്തങ്ങയിലേക്കു പോയ ഹോർട്ടിക്കാർ കാട്ടുതീ കണ്ടു തിരിച്ചു പറന്നു. ഫോറസ്ട്രിക്കാർ ചെന്നെത്തിയത് തമിഴ്നാട്ടിലും.

ക്യാമ്പ് പത്രങ്ങളോടൊപ്പം, ഏഴാം ദിനം 'ധ്വനിയും' 'നാമ്പും' രണ്ടു മാഗസിനുകളും പുറത്തിറക്കി. 'നാളം', 'ഭാവം' എന്നീ പേരുകളിൽ പുറത്തിറക്കിയ മാഗസിനുകളിൽ സാന്ത്വനം അംഗങ്ങളുടെയും ടീച്ചേഴ്സിന്റെയും ഫോട്ടോ കൂടെ ചേർത്ത് ഞങ്ങൾ കൂടുതൽ

ഭംഗിയാക്കി. മാഗസിൻ കൂടാതെ ഓരോ രാത്രിയും നടത്തിയ കലാപരിപാടികളിൽ അജിത് സാറിന്റെ നൃത്തവും, സന്തോഷ് സാറിന്റെയും സുധീർ സാറിന്റെയും നാടൻപാട്ടും, ഗിരിജ ടീച്ചറെ മണവാട്ടിയാക്കിയ ഒപ്പനയും കൂടുതൽ രസകരമായിരുന്നു. ഓർഫനേജിലെ മിടുക്കന്മാരുടെ ഡാൻസ് കണ്ട് ഹോർട്ടി - ഫോറസ്ട്രി - തവനൂർ കോളേജുകളിലെ ഡാൻസേഴ്സ് വരെ നിറഞ്ഞു കയ്യടിച്ചു. ഫോറസ്ട്രിയിലെ കവി ശരത് മാവേലിക്കര സ്വയം രചിച്ച്, ഈണമിട്ട് ആലപിച്ച 'പെണ്ണ്' എന്ന കവിതയും അതുയർത്തിയ രസകരമായ വിവാദങ്ങളും ഇവിടെ സ്മരിക്കട്ടെ...

ക്യാമ്പിന്റെ അവസാന ദിവസം ഒരുപാടു പുരസ്കാരങ്ങളുമായി ഓരോ NSS വോളണ്ടിയേഴ്സും സ്വന്തം കോളേജ് ബസിൽ കയറിയപ്പോഴും എല്ലാവരും മറ്റു ബസുകളിലേക്ക് നോക്കുകയായിരുന്നു. ആറു ദിവസത്തെ പരിചയത്തിനുശേഷം വിട പറയുമ്പോൾ ആരുടെയും കണ്ണു നനഞ്ഞിരുന്നില്ലെങ്കിലും എല്ലാവരുടെയും മനസ്സു നിറഞ്ഞിരുന്നു. ഇടപഴകാനായി ഇത്രയും നല്ല അവസരം ഒരുക്കിത്തന്ന അധ്യാപകർക്ക് മനസ്സാ നന്ദി പറഞ്ഞുകൊണ്ട്, ഒരുപാടു നല്ല സൗഹൃദങ്ങൾ സമ്മാനിച്ച ഓർമ്മകളുമായി ഞങ്ങൾ പടിയിറങ്ങി.

*'മറക്കാനാവാത്തത്' - രണ്ടു പുതപ്പു പുതച്ചു കിടന്നുറങ്ങിയിട്ടും വയനാട്ടിൽ പുതുമുഖങ്ങളായ ഞങ്ങളെ വിറപ്പിച്ച തണുപ്പും, ഗ്രേസിച്ചേച്ചിയുടെ തനി വയനാടൻ രുചികളും പിന്നെ പുഞ്ചിരിച്ച മുഖവുമായി ഞങ്ങളെ യാത്രയയച്ച സെബാസ്റ്റ്യനച്ചനും ഓർഫനേജിലെ കുഞ്ഞു മിടുക്കന്മാരും*


DENCE +91 9746486630

Thushara
Travels and Holidays
Room No.11/1612
Kalpaka complex, Mannuthy
Thrissur, Kerala 680 651
e-mail- mailthushara2010@gmail.com

Off : 0487 2370407
Mob : 9387275432
Mob : 9746486630
Colour City
ThusharA
DIGITAL COLOUR LAB
Kalpaka Complex, Near Taxi Stand
P O Mannuthy







# Horti At the Zenith...



Avinash R.T.
G.C. Member



Shamna N.
University Union
Vice President



Abhijith P.H.
University Union
Gen. Secretary







Inter Collegiate Arts & Literary Festival - 2011 Winners

# Rithu '11

Interclass Arts & Literary Festival




KERALA AGRICULTURAL UNIVERSITY
Venue
Date
STUDENT

# The Hortans
















# രംഗം

## II^nd SEMESTER



Q : Maize ന്റെ കുറച്ച് By products - ന്റെ പേര് പറയൂ കുട്ടീ..
കുട്ടി 1 : ഉം.. Cornflakes
കുട്ടി 2 : ഉം.. ഉം.. 'Wheat flour'!!
Q : രണ്ട് Edible oils - ന്റെ പേര് പറയൂ കുട്ടി
കുട്ടി 1 : Coconut oil
കുട്ടി 2 : Gingelly oil
Q : Gingelly oil - ന്റെ സവിശേഷതകൾ?
കുട്ടി 2 : It is a non edible oil !!!

ശൂന്യമായ മനസ്സുമായി
ഹോർട്ടിക്കോസിലെ വിദ്യാർത്ഥികൾ..
അവരുടെ വായിൽനിന്നും വീഴുന്ന
മുത്തുകൾ പെറുക്കാനായി
ഒരുപറ്റം അധ്യാപകർ..

പഠിപ്പിച്ചതെല്ലാം അസ്ഥാനത്താക്കിയുള്ള കുട്ടിയുടെ മറുപടിയിൽ അധ്യാപകർ ആർത്തു ചിരിക്കുന്നു.

Q : കുട്ടി സാധാരണയായി ഉപയോഗിക്കുന്ന കുറച്ച് പച്ചക്കറികളുടെ പേര് പറയൂ
(അൽപസമയത്തെ കൂലങ്കഷമായ ആലോചനയ്ക്കുശേഷം)
കുട്ടി 1 : Brocolli, lettuce........
ആർഭാടകരമായ ജീവിതത്തിലേക്ക് കടന്നു ചിന്തിച്ച കുട്ടിയെ അധ്യാപകൻ സാധാരണ ജീവിതത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നു
Q : CTCRI എവിടെ സ്ഥിതി ചെയ്യുന്നു?
കുട്ടി 1 : Sreekaryam
ഉടനടി ഉത്തരം കേട്ടതിന്റെ സന്തോഷത്തിൽ അധ്യാപകൻ കുട്ടിയിൽനിന്നും കൂടുതൽ പ്രതീക്ഷിച്ച് അടുത്ത ചോദ്യത്തിലേക്ക് കടക്കുന്നു
Q : Sreekaryam എന്ന് പേര് വരാൻ കാരണം
കുട്ടി 1 : അത് സാർ... പിന്നെ
Q : ആ പറയൂ കുട്ടീ, നിനക്കറിയാം
ഒരു ക്ലൂ തരാം ശ്രീയിൽ തുടങ്ങുന്ന ഒരാളുടെ പേര് പറയൂ...
കുട്ടി 1 : ശ്രീനിവാസൻ!!!
കുട്ടിയുടെ അഗാധമായ അറിവിൽ ആത്മസംതൃപ്തി അടഞ്ഞ അധ്യാപകൻ പത്തി മടക്കുന്നു
Q : SRI യുടെ പൂർണ്ണരൂപം പറയൂ... അത് തന്നെ..
കുട്ടിയുടെ വായിൽനിന്നും എന്തെങ്കിലും ലഭിക്കും എന്ന അതിമോഹത്തിൽ പ്രതീക്ഷയോടെ അധ്യാപകൻ കുട്ടിയുടെ അടുക്കലേക്ക് ചെവി അടുപ്പിക്കുന്നു.
കുട്ടി 1 : സർ അത് പിന്നെ... SRI... അത്... I don't know...



**തയ്യാറാക്കിയത്: ഫാത്തിമ ഷഹീന**

# LAB CARE CHEMICALS

X1V/224A, LITTLE FLOWER ROAD

NEAR L.P. SCHOOL, ERAVIMANGALAM 680 751

THRISSUR - KERALA

labcarechemicals@yahoo.com

labcarechemicals@gmail.com

99 46 00 27 28, 93 88 00 27 28

**Authorized Stockiest in:**
HiMedia Laboratories PVT Ltd

**Dealers in:**
Chemicals, Diagnostics,
Glassware's & Plastic Wares etc...

# ജലമാളിക





**മിഷ മാധവൻ എം.**
കാലിസ്റ്റോ' 09

**'ജലമാളിക'** തീർത്തും കൗതുകമേറിയ പേരുതന്നെ. പക്ഷെ ഉള്ളുപൊള്ളയായി തകർന്നുവീണപ്പോൾ അതിലമർന്നുപോയത 'കാലിസ്റ്റോ' കലാകാരന്മാരുടെ അന്തസ്സും അഭിമാനവുമായിരുന്നു. ഒരുപിടി അദ്ധ്വാനവും കുറേയേറെ കാശും കൊടുത്ത ഞങ്ങൾ പണി തീർത്ത ജലമാളിക ...യാതൊരു അവശേഷിപ്പിനും ഇടനൽകാതെ തകർന്നുറീഴുന്നത് നിസ്സഹായരായി നോക്കി നിൽക്കാനേ ഏവർക്കും കഴിഞ്ഞുള്ളൂ...

ഹോർട്ടിയിലെത്തിയിട്ട് ആദ്യത്തെ കാലവർഷം. നിറഞ്ഞു പെയ്ത മഴയിൽ നനഞ്ഞു കുതിർന്ന ഗുൽമോഹറുകളും, ഇളംകാറ്റും, പുതുമണ്ണിൻ മണവും... 'കാലിസ്റ്റോ' ഐശ്വര്യമായി ആദ്യ ഇന്റർ ക്ലാസ്സിനെ വരവേൽക്കാനൊരുങ്ങി. ചേച്ചിമാരും ചേട്ടന്മാരും പറഞ്ഞുകേട്ട അറിവു വച്ച് അവ്യക്തമായ ഒരു രൂപം ഏവരും മനസ്സിൽ കുറിച്ചിട്ടു. പിന്നെ തുടക്കക്കാരാണെന്ന സത്യം മറക്കാൻ ശ്രമിച്ചുകൊണ്ട് ഞങ്ങളും കഠിനമായ പ്രാക്ടീസ് തുടങ്ങി. സാറുമാരെ വിളിക്കലും കമ്മിറ്റിയിടലും ആകെ ജഗപൊഗ നാടകത്തിനായി ഒരു സാറിനെ തപ്പിനടന്ന് ചെരുപ്പു തേഞ്ഞതല്ലാതെ കണ്ടെത്താനായില്ല. അപ്പോഴാണ് ഒരു സീനിയർ ദൈവദൂതനെപ്പോലെ ഞങ്ങളുടെ അരികിലെത്തിയത്. ഒടുവിൽ കാത്തിരിപ്പിനു വിരാമം പ്രഖ്യാപിച്ചുകൊണ്ട് വളരെ പ്രശസ്തനും പ്രൊഫഷണൽ നാടകരംഗത്ത് പരിചയസമ്പന്നനുമായ ഒരു മാസ്റ്ററെ ഞങ്ങൾക്കു ലഭിച്ചു. മറ്റു ബാച്ചുകൾ ഇതുകേട്ട് അല്പം പരിഭ്രമത്തിലായി.

ആദ്യ ദിവസം തന്നെ കഥ കേൾക്കാൻ അഭിനേതാക്കളെ ക്ഷണിച്ചപ്പോൾ ഏവർക്കും ആവേശമായിരുന്നു. മാസ്റ്റർ വാചാലനായി... കഥകൾ പറഞ്ഞു എന്നു പറയാനാകില്ല. അവ അഭിനയിച്ചു തകർക്കുകയായിരുന്നു. നാടകത്തെപ്പറ്റി വലിയ ജ്ഞാനമോ, പരിചയമോ ഇല്ലാതിരുന്നിട്ടുപോലും അതു കേൾക്കാനെത്തിയ ഞങ്ങൾ ഒരേ ഭാവത്തോടെ പരസ്പരം നോക്കി. സ്റ്റേജിൽ കയറാൻ ഇനി ഒരാഴ്ച മാത്രം... നീണ്ട പാച്ചിലിനൊടുവിൽ കണ്ടെത്തിയ മാസ്റ്റർ ആർക്കും ദഹിക്കാത്ത കഥകൾ പറയുന്നു. കേട്ട കഥകളിൽ ഒന്നു മറ്റൊന്നിനേക്കാൾ ഭേദമെന്ന് ആർക്കും തോന്നിയില്ല. ഒടുവിൽ അരസമ്മതത്തോടെ നിവൃത്തികെട്ട് 'ജലമാളിക' അരങ്ങിലെത്തിക്കാൻ ഞങ്ങൾ തയ്യാറായി.

മാസ്റ്ററുടെ ചിന്തകൾ ഞങ്ങളിൽ നിന്ന് ഏറെ അകലെ ആയതിനാലാവാം അദ്ദേഹവും ഞങ്ങളും ഒരേപോലെ അസ്വസ്ഥരായത്. ഇടയ്ക്ക് ചില പൊട്ടിത്തെറികളും നെടുവീർപ്പുകളും കണ്ണുനീർത്തുള്ളികളും ആ വേളകളെ കൂടുതൽ ഉജ്ജ്വലമാക്കി. കേൾക്കാനാവാത്തത് പലതും കേട്ടും പറയാനാവാത്തത് പലതും പറഞ്ഞും അഭിനേതാക്കൾ വീർപ്പുമുട്ടി. സംഭാഷണങ്ങൾ വെട്ടിത്തിരുത്തുവാനുള്ള ആവശ്യം ശക്തമായപ്പോൾ മാസ്റ്ററുടെ വിരോധം സമ്പാദിക്കുവാനും ചിലർക്കു കഴിഞ്ഞു... ഒടുവിൽ നീണ്ട യുദ്ധത്തിന് സമാപ്തി കുറിക്കാൻ ഞങ്ങൾ സ്റ്റേജിലെത്തി.

പിന്നെ എല്ലാം വളരെ പെട്ടെന്നായിരുന്നു. ഡയലോഗ് പറയുന്ന സുഹൃത്തുക്കൾ സ്വയം തിരക്കഥയുടെ രചയിതാക്കളായപ്പോൾ കൂടെ അഭിനയിച്ചവരുടെ കണ്ണുതള്ളി. "അവൻ പറഞ്ഞ ഡയലോഗിന്റെ അവസാന വാക്കിൽനിന്നാണ് എന്റെ ഡയലോഗ് തുടങ്ങേണ്ടത്. അതുകൊണ്ട് ഞാനും കുഴങ്ങി." ഒരു സുഹൃത്തിന്റെ വിശദീകരണം ഇങ്ങനെയായിരുന്നു. ഇടയ്ക്ക് പുറകിൽ നിന്ന് ഒച്ച കേൾക്കേണ്ട സന്ദർഭമായിരുന്നു. അതിനായി കാതോർത്തു. പക്ഷേ, ഒച്ചയുണ്ടായില്ല. കയ്യിൽ വള നൽകി സെന്റി അടിക്കേണ്ട നേരത്ത് വളയിരിക്കുന്നത് സ്റ്റേജിന്റെ പിന്നിലുള്ള സുഹൃത്തുക്കളുടെ കയ്യിൽ. പുറത്തേയ്ക്കു പോവേണ്ട അതിഥി അടുക്കളയിലോട്ടു കേറിപ്പോയി. ലൈറ്റ് മങ്ങി എന്നു കരുതി 'സെറ്റിംഗ്സ്' മാറ്റാൻ കസേരയും ചുമന്നോടിയവരെ കണ്ട് കാണികൾ അന്തംവിട്ടു. അച്ഛനെ തപ്പി നടന്ന കുട്ടി സ്റ്റേജിലെത്തിയപ്പോൾ അച്ഛനിരിക്കേണ്ട സ്ഥലത്ത് കസേര മാത്രം. ഒടുവിൽ എവിടെനിന്നോ ഓടിവന്ന അച്ഛൻ കാണാപാഠം പഠിച്ച ഡയലോഗുമായി തകർക്കുന്നു. ഒടുവിൽ കർട്ടൻ ഞങ്ങൾക്ക് മറയായപ്പോൾ എന്തു നടന്നെന്നറിയാതെ കാണികൾ കയ്യടിക്കാൻ ശ്രമിച്ചു. പിന്നീട് പലരും കഥ ചോദിച്ചു വന്നെങ്കിലും അഭിനേതാക്കൾക്കുപോലും അതിനെപ്പറ്റി വ്യക്തമായ ധാരണയില്ലാത്തതുകൊണ്ട് കൺഫ്യൂഷനുകൾ ഒഴിവായി. അങ്ങനെ ഒരിക്കലും മറക്കാനാവാത്ത ഓർമ്മകൾ സമ്മാനിച്ച് 'ജലമാളിക' തകർന്നു വീണു... ഇനി ഒരിക്കലും പുനർനിർമ്മിക്കാൻ കഴിയാത്തവിധം... പിന്നെ ഒരാശ്വാസം. ബുദ്ധിജീവികൾക്കു മാത്രമേ നാടകം മനസ്സിലാവൂ. അത്ര 'സ്റ്റാൻഡേർഡ്' നാടകമാണ് ഞങ്ങൾ അഭിനയിച്ചു തകർത്തത് എന്ന് ഞങ്ങൾ സ്വയം അവകാശപ്പെടുന്നതുകൊണ്ട് പകുതി നാണക്കേടു മാറ്റാനായി. ഇതൊക്കെയായാലും 'ഹോർട്ടിയുടെ മുറ്റത്ത്' കാലിസ്റ്റോ'യിലെ കലാകാരന്മാർ പ്രശസ്തരായി. പക്ഷേ 'സത്യം' ആ കഥ ഇന്നും എന്താണെന്ന് ഞങ്ങൾക്കറിയില്ല എന്നതാണ്...

www.bionsindia.com


*"you can't change the past, but you can ruin the present by worrying about the future"*

Contact: **95678 60500, 95678 60513**









Authorised Dealer:

Leica MICROSYSTEMS | Applied Biosystems | invitrogen | ELGA WATER PURIFICATION SYSTEMS | SYNGENE

BIONS Medical Systems Pvt. Ltd.

28/3085D, Tagore Nagar, Ponnath Temple Road, Katdavanthra, Kochi - 682 020

Tel: 0484 2323260, Fax: 0484 2323261, Mob: 95678 60500, 95678 60513

# Cowpea

## കഥ പറയുമ്പോൾ...





**നീതു ചന്ദ്രൻ**
കാലിസ്റ്റോ' 09

പ്രസന്നമായ പുഞ്ചിരിയോടെ വരവേൽക്കുന്ന സസ്യജാലങ്ങൾ... സൂര്യകിരണങ്ങളാൽ അരുണാഭമായ ഭൂമിയുടെ കവിൾത്തടങ്ങൾ... തണുപ്പടിക്കുന്ന... ചെറുകാറ്റിന്റെ കുഞ്ഞോളങ്ങളിൽ കുളിർകോരിനിൽക്കുന്ന പുൽനാമ്പുകൾ... പെട്ടെന്നതാ കറുത്തിരുണ്ട ഒരു ജന്തു ഭൂ... എന്ന് പറഞ്ഞുകൊണ്ട് പാഞ്ഞുവരുന്നു...!

"ഹയ്യോ..." ഞാൻ ഞെട്ടിയുണർന്ന് ചുറ്റും നോക്കി. എല്ലാം പഴയതുപോലെത്തന്നെ... പക്ഷേ എന്തോ ഒരു വ്യത്യാസമുണ്ടല്ലോ... എല്ലായിടത്തും ഒരു അയവുവന്നതുപോലെ...

"അമ്മേ, എന്താ ഉണ്ടായത്...?" ഞാൻ ചോദിച്ചു... അമ്മ പറഞ്ഞുതുടങ്ങി...

"ഉണ്ണീ.... നീ വലിയ കുട്ടിയാകാൻ പോവുകയാണ്. നല്ലവനായി വളരണം... നമ്മുടെ കുലത്തിന്റെ മഹിമ നീ കാക്കണം. നല്ലതും ചീത്തയും പറഞ്ഞുതരാൻ ഇനി അമ്മയുണ്ടാവില്ല..."

ഈ അമ്മയെന്തൊക്കെയാ പറയുന്നത്... എനിക്കൊന്നും മനസ്സിലാകുന്നില്ല. എന്റെ കുഞ്ഞിക്കണ്ണുകൾ വീണ്ടും ഉറക്കത്തിലേക്ക് വഴുതിവീണു.

..............................

..............................

ങ്ഹേ... എന്താണുണ്ടായത്... എനിക്കെന്താ പറ്റിയത്... ഞാൻ നീളം വയ്ക്കുന്നതുപോലെ... അങ്ങനെ അമ്മയുടെ ആവരണം പിളർന്നുകൊണ്ട് അമ്മയെനിക്ക് ജന്മം തന്നു. പിന്നീടുള്ള യാത്ര വളരെ ദുഷ്കരമായിരുന്നു. ഉരുളൻകല്ലുകൾക്കിടയിലൂടെ ഞെങ്ങി ഞെരുങ്ങി ഞാൻ നീങ്ങി... കുറച്ചു കഴിഞ്ഞപ്പോഴതാ ചുറ്റും പ്രകാശം...!

പ്രഭ ചൊരിയുന്ന സൂര്യൻ. കുണുങ്ങിച്ചിരിക്കുന്ന പൂക്കളും ചെടികളും... ഞാൻ സ്വപ്നത്തിൽവച്ച് കണ്ട അതേ സ്ഥലം... ഇതാണോ അമ്മ പറഞ്ഞ ഭൂമി... ഞാൻ നിർമ്മലമായ ആ സ്വർഗ്ഗസൗന്ദര്യം ആസ്വദിച്ചങ്ങനെ നിന്നുപോയി... ഈശ്വരാ ആ കറുത്തിരുണ്ട ജന്തുവങ്ങാനും വരുമോ ആവോ...?!

ഞാനങ്ങനെ പരിഭ്രമിച്ചു നിൽക്കുമ്പോഴാണ് രണ്ടു പേർ നടന്നു വന്നത്... "ങീ... എന്റെ cowpea മുളച്ചിട്ടില്ല... ങീ..." അതിൽ ഒരാൾ കരയാൻ തുടങ്ങി."

"ദാ മുളയ്ക്കുന്നുണ്ട്..." മറ്റയാൾ എന്നെ നോക്കിപ്പറഞ്ഞു. കരച്ചിൽ മാറി രണ്ടുപേരും നടന്നുപോയി... ഇതായിരിക്കും അമ്മ പറഞ്ഞ ലോകത്തിലെ മനുഷ്യർ...

............

ഞാൻ സ്വയം ആഹാരം വലിച്ചെടുക്കാൻ തുടങ്ങുന്നതുവരെ അമ്മയുടെ ബീജപത്രങ്ങൾ എനിക്ക് വേണ്ടതെല്ലാം നൽകി. പിന്നീട് എനിക്ക് വേരുകൾ വന്നു. എന്നിൽ കുഞ്ഞിലകൾ കിളിർത്തു... ഞാനങ്ങനെ വളരുകയായിരുന്നു.

എനിക്ക് 3-4 ഇലകളായപ്പോഴാണ് ഞാനൊരാളായി എന്നെനിക്ക് തോന്നിത്തുടങ്ങിയത്. ഇപ്പോഴീ ഭൂമിയെ എനിക്ക് ശരിക്കും കാണാം. ഞാൻ ചുറ്റും നോക്കി.

എന്റെ ചുറ്റും ഒരുപാട് ചെടികളും മരങ്ങളുമുണ്ട്. ങേ... എന്താണീ കുറ്റി...! ഇലകൾ നിറഞ്ഞുനിൽക്കുന്ന ആ കുറ്റി എന്നെ നോക്കി ചിരിച്ചു. ഞാൻ Tapioca...ഞാനദ്ദേഹത്തെ കപ്പച്ചേട്ടൻ എന്നു വിളിക്കാൻ തുടങ്ങി. അദ്ദേഹം ലോകവിവരമുള്ളയാളാണ്... അദ്ദേഹമാണ് എന്റെ ശാസ്ത്രനാമം എനിക്ക് പറഞ്ഞു തന്നത്...

"ഞങ്ങൾ cow pea കളെ എന്താ വിളിക്കുന്നതെന്നറിയ്യോ? ഹോ വീണ്ടും മറന്നു. എത്ര കഷ്ടപ്പെട്ട് പഠിച്ചതാണെന്നറിയ്യോ...?"

"ആ കിട്ടി... Vigna unguiculata... ഹാവൂ നല്ല പേര് തന്നെ..." കപ്പച്ചേട്ടന് ചുറ്റും ഞങ്ങൾ 4 പേരുണ്ടായിരുന്നു. എന്റെ വർഗ്ഗക്കാരായ മറ്റ് മൂന്നുപേരും കപ്പച്ചേട്ടനും

ചേർന്ന സന്തുഷ്ട കുടുംബം...! അങ്ങനെയാണ് ആ കഥ അദ്ദേഹം ഞങ്ങളോട് പറഞ്ഞത്. ഇതൊരു കാർഷിക കോളേജാണെന്നും, അവിടുത്തെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായാണ് ഞങ്ങളെ നട്ടുവളർത്തുന്നതെന്നും. വളർന്നു കഴിഞ്ഞാൽ ഞങ്ങളെ കപ്പച്ചേട്ടന് വളമായ് ചേർക്കുമത്രേ... ഇത്ര മഹാനായ കപ്പച്ചേട്ടന് വളമായ്ത്തീരുന്നതിൽ എനിക്ക് അഭിമാനം തോന്നി...

ഞാനിതിനകം വലുതായി കഴിഞ്ഞിരുന്നു. ഞങ്ങളുടെ ഏറ്റവും വലിയ ശത്രുക്കളായിരുന്നു കളകൾ. ഞങ്ങൾക്കു വേണ്ടതെല്ലാം ആ കള്ളന്മാർ മോഷ്ടിച്ചെടുക്കുമായിരുന്നു. വിളകളും കളകളും തമ്മിൽ ഒരു യുദ്ധത്തിനൊരുങ്ങവെയാണ് അതുണ്ടായത്...

വിദ്യാർത്ഥികളെല്ലാം കൂട്ടത്തോടെയെത്തി... പുല്ലുപറിക്കുകയാണ്. ഞങ്ങൾക്ക് സന്തോഷം അടക്കാനായില്ല... പുല്ലൊക്കെ ഒരുവിധം പറിച്ചുകഴിഞ്ഞപ്പോഴാണ്... മാർക്കിടാൻ സാർ വന്നത്. അങ്ങനെ സാർ ഞാൻ നിന്നിരുന്ന പ്ലോട്ടിലുമെത്തി...

"ഉം... weeds ഉണ്ടല്ലോ..." അങ്ങനെ മാർക്കിട്ട് ഗൗരവത്തിൽ സാറങ്ങുപോയി. മാർക്കു കണ്ട് എല്ലാവരുടെയും മുഖം ഇഞ്ചിതിന്ന കുരങ്ങനെപ്പോലായി... ഞാൻ ചിന്തിച്ചു... എന്തായിരിക്കും ഈ weeds..." പിന്നാലെ മിസ്സ് എത്തി..." നിറയെ weeds ഉണ്ടല്ലോ. ഒക്കെ പറിച്ചു കളയണം." മിസ്സ് പറഞ്ഞു.

അപ്പോഴുണ്ട് ഒരുത്തൻ ഒരു കള പറിച്ചെടുത്ത് ചോദിക്കുന്നു...

"ഈ weed ഏതാ മിസ്സ്...?"

"ഇത് *Hemidesmus* അല്ലേ..."

അയ്യേ ഈ കളയെയാണോ weed എന്ന് പറയുന്നത്. അവർക്ക് അങ്ങനെത്തന്നെ വേണം... എല്ലാത്തിനേം പറിച്ചു കളയണം. ക്രുദ്ധനായി നിൽക്കുന്ന *Scoparia dulcis* നെ നോക്കി ഞാൻ പല്ലിളിച്ചു കാണിച്ചു.

.................

ഞങ്ങളും Tapioca ചേട്ടനും വളരെ അടുത്തുപോയിരുന്നു. ഞങ്ങൾ അദ്ദേഹത്തിന്റെ തണ്ടുകളിൽ പിടിച്ച് വളരാൻ തുടങ്ങി. പലപ്പോഴും ഞാൻ സ്വപ്നത്തിൽ കണ്ടു അതേ ജീവികൾ വന്ന് എന്റെ ഇലകൾ കാർന്നു തിന്നിരുന്നു... വേദന സഹിക്കാനാവാതെ ഞങ്ങൾ പലപ്പോഴും കരഞ്ഞിട്ടുണ്ട്...

അങ്ങനെയൊരു ദിവസം വിദ്യാർത്ഥികൾ വീണ്ടും വന്നു. കപ്പച്ചേട്ടന് വളമിടാനായി... അദ്ദേഹമൊരു വിശാലഹൃദയനായതുകൊണ്ട് ഞങ്ങൾക്കും അതൊരു ഗുണമായി...

...........

അന്നൊരു സന്തോഷകരമായ ദിവസമായിരുന്നു. ഞാനുണർന്നു നോക്കുമ്പോഴതാ എന്നിൽ പൂമൊട്ടുകൾ വിരിഞ്ഞിരിക്കുന്നു. എന്റെ കവിളുകൾ അരുണാഭമായി. നിറയെ പൂമൊട്ടുകൾ ചൂടി ഞാനങ്ങനെ നിന്നു. കപ്പച്ചേട്ടനും വളരെ സന്തോഷമായി.

പിന്നീട്... എനിക്കാദ്യമായി ഉണ്ണികൾ പിറന്നു... എല്ലാ ഭക്ഷണവും നൽകി ഞാനവരെ വളർത്തിയെടുത്തു. എന്റെ അമ്മയുടെ സ്മൃതികൾ എന്നിൽ നിറഞ്ഞു...

അങ്ങനെയിരിക്കെയാണ് ഇലപ്പേനുകൾ ഞങ്ങളുടെ സത്ത് ഊറ്റിക്കുടിക്കാനെത്തിയത്. കറുത്തിരുണ്ട് പരന്ന ആ ജന്തുക്കൾ കൂട്ടംകൂട്ടമായി എന്റെ തണ്ടുകളിൽ അള്ളിപ്പിടിച്ചിരിപ്പായി. ഞങ്ങൾക്കാകെ ചൊറിച്ചിലും അസ്വസ്ഥതയുമായിരുന്നു. അവരൊരു തരം തേൻ ഉത്പാദിപ്പിക്കുന്നതുകൊണ്ട് ഉറുമ്പിൻപറ്റങ്ങളും സ്ഥിരം വിരുന്നുകാരായെത്തി...

ഇവയുടെ ശല്യമൊഴിച്ചാൽ ഞങ്ങൾ സന്തുഷ്ടരായിരുന്നു. വല്ലപ്പോഴും വരുന്ന ശലഭങ്ങൾ, വണ്ടുകൾ... ശലഭങ്ങൾ പലപ്പോഴും എന്റെ ഇലകളിലും, കായ്കളിലും മുട്ടയിടാറുണ്ട്. പുറത്തുവരുന്ന ലാർവകൾ ഇലകളും പയറുമണികളും കിരുകിരെ കാർന്നു തിന്നുന്നത് വേദനാജനകമെങ്കിലും... അവയുടെ നീണ്ട ഉറക്കത്തിനു ശേഷം പുറത്തുവരുന്ന ബഹുവർണ്ണ ശലഭങ്ങളെ എനിക്കൊരുപാടിഷ്ടമാണ്.

പിന്നീടൊരു ദിവസം കുട്ടികൾ കൂട്ടത്തോടെയെത്തി. വിളവെടുക്കാനായിരുന്നു അത്... വിളവെടുപ്പു കഴിഞ്ഞ് അവർ പോയി... എനിക്കു കൃതാർത്ഥത തോന്നി...
വിളവെടുപ്പുകൾ വീണ്ടും നടന്നു... കപ്പച്ചേട്ടൻ സുദൃഢനായ് വളർന്നു കഴിഞ്ഞിരുന്നു. അങ്ങനെ ആ ദിവസം വന്നെത്തി... ജന്മം തന്ന അമ്മയെയും, സ്വപ്നലോകസദൃശമായ ഈ ഭൂമിയിൽ ജനിക്കാൻ ഭാഗ്യം തന്ന ഈശ്വരനെയും സ്മരിച്ചുകൊണ്ട് ഞാനിതാ എന്റെ ജീവനാംശമെല്ലാം ഈ മണ്ണിൽ സമർപ്പിക്കുന്നു....


# AAS Fish Merchant

Mannuthy General Market
Mob: 9847981584

# പടിയിറക്കം



"ജനിച്ചുപോയി ഭൂമിയിൽ,
വേഷങ്ങൾ പലതും കല്പിക്കപ്പെട്ടു
നവരസങ്ങളോടെ ആടിത്തീർക്കാൻ ശ്രമിച്ചു...
ചിലർക്കത് മധുരം നല്കി...
മറ്റു ചിലർക്ക് കയ്പും"
ആരുടെയും രുചിഭേദങ്ങൾക്ക് മുഖം കൊടുക്കാതെ,
പടികൾ ഒന്നൊന്നായി ചവിട്ടിക്കയറാനുള്ള ധൃതിയിലായിരുന്നു ഞാൻ.
ഈ വേഷം അഴിച്ചുവെയ്ക്കാൻ സമയമായപ്പോൾ ഞാൻ തിരിച്ചറിഞ്ഞു

പടികൾ കയറാൻ മാത്രമുള്ളതല്ല, ഇറങ്ങാൻ കൂടിയുള്ളതാണെന്ന്...



- FREE DIAGNOSIS
- AFFORDABLE PRICING
- GENUINE SPARES
- EXTENDED WARRANTY

hp WORLD

## Southern Customer Care

POTTAYIL LANE, M.G.ROAD, THRISSUR -680001
0487-2389172 / 73, 9995822256
thrissursupport@gmail.com

EXPERIENCE THE LATEST IT PRODUCTS & HOME UPS/ INVERTORS



Southern IT CORNER

ELITE SUPERMARKET, ROUND NORTH, THRISSUR -1
VISIT, WIN, ENJOY...



## Southern Associates

SIMIS COMPLEX, KURUPPAM ROAD, THRISSUR -1
0487-2427624, 9995822258
southkuruppam@gmail.com
www.southerncomputers.in

*Satisfying Customers for Last 21 years*

*We Care Any brand, Any make*

# Southern Computer Care

Satisfying Customers for Last 21 Years

Behind Centre Point,
Pottayil Lane, M.G. Road, Thrissur-1.
Phone: 0487-2389172, 2389173, 2389191.
Email: thrissursupport@gmail.com

*We Service All Types of :*

Computers, Laptops, Servers, Printers, Plotters, Photocopiers, Scanners, Digital Cameras, Web Cameras, Modems, Network Cards, LCD Projectors, O.H.P, Fax Machines, UPS, Home Invertor etc.

# എന്റെ വരൻ



എനിക്ക് നക്ഷത്രങ്ങൾ വേണമെന്ന്
ഞാനവനോട് പറഞ്ഞു
സന്ധ്യക്ക് അവയുംകൊണ്ട് മടങ്ങിവരുമെന്ന്
വാക്കു പറഞ്ഞ് അവൻ പടിയിറങ്ങി
ഞാൻ കാത്തിരുന്നു...
അവൻ വന്നില്ല...
കാലത്തിന്റെ കൈയ്യും പിടിച്ച്
ഞാനവനെ തേടിയലഞ്ഞു...
വൃശ്ചികത്തിലെ ഒരു ത്രിസന്ധ്യക്ക്
അന്തിത്തിരി കത്തിച്ചപ്പോൾ;
പടിപ്പുര വാതിലിൽ അവനുണ്ടായിരുന്നു!
അവനപ്പോൾ കറുപ്പുനിറമായിരുന്നു
ഓടിക്കിതച്ച് ഞാനവനെ പുണർന്നു
അവനപ്പോൾ കരയുന്നുണ്ടായിരുന്നു
കരിന്തിരി കത്തിയപ്പോൾ അവനെന്നെ താലിചാർത്തി
ഞാൻ അവന്റേതു മാത്രമായി...
ചുറ്റും ചന്ദനത്തിരികളുടെ ഗന്ധം പരന്നു
രണ്ടു തിരിയിട്ട വിളക്കു തെളിഞ്ഞു
കണ്ണുനീർ പൊടിഞ്ഞുറഞ്ഞു
നെയ്മണം വായുവിൽ പാറി നടന്നു
ദർഭപ്പുല്ല് എന്റെ ശിരസ്സിനടുത്തായിരുന്നു
ഞാനവനോടൊപ്പം 'പട്ട'യിലാണ്
അന്നുറങ്ങിയത്...,
അവനെന്നെ നക്ഷത്രങ്ങളുടെ ലോകത്തേയ്ക്ക്
കൊണ്ടുപോയി...,
'ഒരുപിടി ചാരം ബാക്കിവെച്ച്'...



നജന
ആവലോൺ' 08



# മരപ്പാവ



നീനു ചന്ദ്രൻ
അരിസ്റ്റസ് 10

*"നിങ്ങളിതെന്തൊരിരിപ്പാണ് മനുഷ്യാ? പണീല്ലാ പണീല്ലാന്നും പറഞ്ഞിവിടെ കുത്തിരിക്കണ നേരണ്ടങ്കേ രണ്ട് വാഴയ്ക്ക് തടെടുത്തൂടെ."*

*എന്റെ ഭാഗീ നിനക്ക് അവടെ പണിയൊന്നുല്ലെ? മനുഷ്യന് ഒരു തൊയിര്യേം തരില്ലാന്ന് വച്ചാ എന്താ ചെയ്യാ?*

*ആങ്ങാ എന്നെ പണിയെടുപ്പിക്കാൻ നല്ല മിടുക്കാ അച്ഛനും മക്കൾക്കും. ഒരു പ്ലാവില എടുത്ത് മറച്ചിടില്ല. തിന്നാൻ നേരാവുമ്പോ വാ വല്യ പങ്ക് എടുത്തുവച്ചിട്ടുണ്ട്. ഇങ്ങനെമുണ്ടല്ലോ ഈശ്വരാ മനുഷ്യന്മാര് ഒരു വേലേം കൂലിമില്ല്യാണ്ട് മാനം നോക്കിയിരിക്കണ്. ഒറ്റത്തടിയാണേ എന്തേങ്കിലുമാവട്ടെ. ഇതിപ്പോ കല്യാണപ്രായായ രണ്ട് പെങ്കുട്ട്യോളുള്ളത്? കെട്ടിച്ചു വിടണ്ടത് പോട്ടെ. അവറ്റങ്ങക്ക് തിന്നാങ്കൊടുക്കണ്ടേ. നേരാംനേരത്ത് വന്നിരിക്കുമ്പോ വല്ലോം വച്ചുവിളമ്പിവയ്ക്കാൻ ഇവിടെ അക്ഷയ പാത്രൊന്നുല്യ.*

*ഇതൊക്കെ എനിക്കറിയണതല്ലേ നീയെന്നും ഇങ്ങനെ പാടണ്ട ആവശ്യണ്ടോ? വഴീലെറങ്ങിനടന്നാ എനിക്ക് തരാനായിട്ട് വല്ലോരും പണീംകൊണ്ട് നടക്കണ്ടോ? വേണ്ട ഇവടെ കുത്തിയിരുന്നോ, ഇങ്ങട് കൊണ്ടന്ന്തരും. രാമേട്ടാ നിങ്ങക്ക് രണ്ട് പെങ്കുട്ട്യോളല്ലേ. നിങ്ങക്ക് ഇത്ര പെരുത്ത് പ്രാരാബ്ദല്ലേ ന്ന് പറഞ്ഞ് ഉദ്യോഗം കൊണ്ട്ത്തരും നോക്കിയിരുന്നോ."*

ഭാഗീരഥിയമ്മ ഇങ്ങനെയാണ്. ഇരുപത്തിനാല് മണിക്കൂറും പരാപരപ്പും പരാധീനതയും തന്നെ. രാവിലത്തെ പണി മുഴുവൻ തീർത്തുവേണം അവർക്ക് അണ്ടികമ്പനിയിൽപോകാൻ. ഒരുനിമിഷം പോലും അവർ വെറുതെയിരിക്കുന്നത് ആരും കണ്ടിട്ടില്ല. അതിനൊപ്പം വായ്ത്താരിപോലെ അവരുടെ പിറുപിറുക്കലുകളും ശകാരങ്ങളും. ഇല്ലായ്മകളും വല്ലായ്മകളും പുരുഷനെ നിശബ്ദനാക്കുമ്പോൾ സ്ത്രീകളെ ശല്യക്കാരാക്കി മാറ്റുന്നുവെന്നു വീണ്ടും തെളിയുകയാണ്. കാരണം മുമ്പ് രാമേട്ടൻ വീട് നോക്കിയിരുന്ന കാലത്ത് നാടാകെ പറഞ്ഞിരുന്നു. അടുക്കളയിൽ പാത്രങ്ങളോടുള്ള ഭാഗിയുടെ അങ്കം മുറുകുന്നുണ്ട്. അവളുടെ ശബ്ദം അകായിൽ നിന്നുയർന്നു കേൾക്കാം.



*രാവിലെ കൂവിത്തൊടങ്ങി, പെടക്കോഴി കൂവ്യാ കുലം മുടിയും. എന്റെ രാമാ നിനക്കിവളെ നെലയ്ക്ക് നിർത്തിക്കൂടെ?...* രാമേട്ടന്റെ

